കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
# ജില്ലാ ഓഡിറ്റ് കാര്യാലയം
# പാലക്കാട്

e-mail: dopkd.ksad@kerala.gov.in
ഫോൺ-04912520145
**www.ksad.kerala.gov.in**

## പട്ടാമ്പി നഗരസഭ
## ഓഡിറ്റ് റിപ്പോർട്ട്

**2018-19**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി22/592/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
തീയതി:12-05-2020

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
പട്ടാമ്പി നഗരസഭ

**സർ,**

**വിഷയം : പട്ടാമ്പി നഗരസഭ – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 295 (4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **പട്ടാമ്പി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ** ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭാ കൗൺസിൽ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ കൗൺസിൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

**<u>പകർപ്പ്:</u>**

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്ര സഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
3. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, എറണാകുളം (ഉപരിപത്ര സഹിതം)
4. ഓഫീസ് പകർപ്പ്

നം.കെ.എസ്.എ-പികെഡി22/592/2020 തിയ്യതി: –12-05-2020

## പാലക്കാട് ജില്ലയിലെ പട്ടാമ്പി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 1994 ല്ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

പാലക്കാട് ജില്ലയിലെ പട്ടാമ്പി നഗരസഭയുടെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 12.12.2018 മുതൽ 07.03.2020 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സുനിൽ ദത്ത്. എം ആർ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09.03.2020മുതൽ 20.03.2020വരെ |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.അരവിന്ദാക്ഷൻ. കെ. വി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.മുഹമ്മദ് ഫാറൂഖ്. കെ. പി | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.രാമകൃഷ്ണൻ. കെ.പി | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ ശിവപ്രസാദ്. എം | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഷഹീർ. എസ് | ഓഡിറ്റർ |

### ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെയർമാൻ | ശ്രീ.കുഞ്ഞുമുഹമ്മദ് റഷീദ് | 1.4.2018 മുതൽ 30.04.2018 വരെ |
| | ശ്രീമതി. സി സംഗീത | 1.5.2018 മുതൽ 30.5.2018 വരെ |
| | ശ്രീ. കെ എസ് ബി എ തങ്ങൾ | 31.05.2018 മുതൽ 31.3.2019 വരെ |
| സെക്രട്ടറി | ശ്രീമതി.സീന.എച്ച് | 1.4.2018 മുതൽ 16.05.2018 വരെ |
| | ശ്രീമതി ജയ. പി. എസ് അസി.എഞ്ചിനീയർ (അധിക ചുമതല) | 17.05.2018 മുതൽ 12.08.2018 വരെ |
| | ശ്രീ.ഫിലിപ്പോസ് പണിക്കർ. സി | 13.08.2018 മുതൽ |

| | | |
|---|---|---|
| | അസി.എഞ്ചിനീയർ (അധിക ചുമതല | 28.02.2019 വരെ |
| | ശ്രീ. കൃഷ്ണരാജ്. എൻ. പി | 01.03.2019മുതൽ 31.03.2019 വരെ |

## (സി) മറ്റ് നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഫീൽഡ് ഓഫീസർ | ശ്രീ.ആഷിഷ്. ഐ | 01.4.2018 മുതൽ 23.07.2018 വരെ |
| | ശ്രീമതി. രാജലക്ഷമി | 24.07.2018 മുതൽ 11.02.2019 വരെ |
| | ശ്രീമതി. രശ്മി. സി. ആർ | 12.02.2019 മുതൽ 16.03..2019 വരെ |
| | ശ്രീമതി. അനുമോൾ | 17.03..2019 മുതൽ 31.03..2019 വരെ |
| സീനിയർ വെറ്ററിനറി സർജ്ജൻ | ഡോ. നിഷ. എം. എൻ | 01.4.2018 മുതൽ 31.3.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.റുബീന.എ | 01.4.2018 മുതൽ 15.07.2018 വരെ |
| | ശ്രീമതി. സാജിത. എം | 16.07.2018 മുതൽ 31.03.2019 വരെ |
| അസി.എഞ്ചിനീയർ | ശ്രീമതി.ജയ.പി.എസ് | 01.4.2018 മുതൽ 12.08.2018 വരെ |
| | ശ്രീ.ഫിലിപ്പോസ് പണിക്കർ. സി | 13.08.2018മുതൽ 31.3.2019 വരെ |
| സൂപ്രണ്ട്, (താലൂക്ക് ആശുപത്രി) | ഡോ.മുഹമ്മദ് അബ്ദുൾ റഹ്മാൻ.യു.ടി | 01.4.2018 മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ.ഇന്ദിര.കെ.ടി | 01-4-2018 മുതൽ 31.03.2019 വരെ |
| പ്രിൻസിപ്പാൾ, ഗവ. ഹയർ സെക്കണ്ടറി സ്കൂൾ | ശ്രീ.മഹാലിംഗം.എസ് | 01-4-2018 മുതൽ 31.3.2019 വരെ |
| ഹെൽത്ത് ഇൻസ്പെക്ടർ | ശ്രീ.വിസ്മൽ.ഇ.പി | 01.04.2018മുതൽ 18.07.2018 വരെ |
| | ശ്രീ. കൃഷ്ണകുമാർ. സി | 19.07.2018മുതൽ 17.09..2018 വരെ |
| | ശ്രീ. സ്വാമിനാഥൻ. എം | 18.09.2018മുതൽ 30.09..2018 വരെ |
| | ശ്രീ. സത്യൻ. കെ | 01.10.2018മുതൽ 31.03.2019 വരെ |
| പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ - | ശ്രീ. സുനിൽകുമാർ | 01.4.201 8മുതൽ 04.08.2018 വരെ |
| | ശ്രീ. സ്വാമിനാഥൻ. എം | 05.08.201 8മുതൽ 23.09.2018 വരെ |
| | ശ്രീ. ബിജോയ് ചന്ദ്രൻ | 24.9.201 8മുതൽ 31.03.2019 വരെ |
| പട്ടികജാതി വികസന | ശ്രീ. ദിലീപ്. എസ് | 01.4.201 8മുതൽ 12.12.2018 വരെ |

| | | |
|---|---|---|
| ഓഫീസർ | | |
| | ശ്രീമതി. രജനി | 13.12.2018മുതൽ 18.12.2018 വരെ |
| | ശ്രീ. സെബാസ്റ്റ്യൻ പ്രിൻസ് | 19.12.2018മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഓഡിറ്റ് റിപ്പോർട്ട്** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | വാർഷികകണക്കിലെ അപാകതകൾ | 1-10 |
| 11 | കെട്ടിട വാടക – രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-11 |
| 12 | വസ്തു നികുതി - കുടിശ്ശികയുടെ കണക്ക് കൃത്യമല്ല | 1-12 |
| 13 | തൊഴിൽ നികുതി പിരിവ് കര്യക്ഷമമല്ല | 1-13 |
| 14 | സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നത് പരിശോധനാവിധേയമാക്കിയിട്ടില്ല | 1-14 |
| 15 | മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല | 1-15 |
| 16 | വിവിധ സേവനങ്ങൾക്കുള്ള ലേലം - കുടിശ്ശിക ഈടാക്കിയില്ല | 1-16 |
| 17 | വെള്ളക്കരം - ആവശ്യമായ രേഖകൾ നഗരസഭ സൂക്ഷിച്ചിട്ടില്ല | 1-17 |
| 18 | തനത് ഫണ്ട് അക്കൗണ്ട് - ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ല | 1-18 |
| 19 | ബാങ്ക് അക്കൗണ്ട് - നിഷ്ക്രിയമായവ ക്ലോസ് ചെയ്യേണ്ടതാണ് | 1-19 |
| 20 | സ്യൂട്ട് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല | 1-20 |
| 21 | അക്കൗണ്ടിംഗ് അസിസ്റ്റന്റിന്റെ നിയമനം അംഗീകരിക്കാവുന്നതല്ല | 1-21 |
| 22 | സെക്രട്ടറി പരിപാലിക്കേണ്ട വിവിധ രജിസ്റ്ററുകളും രേഖകളും ഹാജരാക്കിയില്ല. | 1-22 |
| 23 | കാർഷിക മേഖലയിലെ പദ്ധതി രൂപീകരണവും നിർവ്വഹണവും കാര്യക്ഷമമാക്കേണ്ടതാണ് | 1-23 |
| 24 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് ഉപകരണവിതരണം -അപാകതകൾ | 1-24 |
| 25 | സമഗ്ര പാലിയേറ്റീവ് പരിചരണ | 1-25 |

| | | |
|---|---|---|
| | പദ്ധതി പ്രവർത്തനങ്ങൾ - അപാകതകൾ | |
| 26 | കൃഷി ഓഫീസർ - കാഷ്ബുക്കിൽ തുകകൾ രേഖപ്പെടുത്തിയിട്ടില്ല | 1-26 |
| 27 | പി.എം.എ.വൈ ഭവനപദ്ധതി-പ്രൊജക്ടിൽ വായ്പാ,കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-27 |
| 28 | വീട് പുനരുദ്ധാരണം(എസ്.സി)-ഒന്നാം ഗഡു ധന സഹായം കൈപ്പറ്റി പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-28 |
| 29 | കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കി കട്ടിൽ വാങ്ങിയിട്ടുള്ളത് അന്വേഷണവിധേയമാക്കേണ്ടതാണ് | 1-29 |
| 30 | പദ്ധതി മാർഗനിർദേശങ്ങൾക്ക് വിരുദ്ധമായി ഊർജ്ജിത സാക്ഷരതാ പരിപാടിക്ക് തുക ചെലവഴിച്ചു | 1-30 |
| 31 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകൽ-ചെലവിനാസ്പദമായ രേഖകൾ ഹാജരാക്കിയിട്ടില്ല | 1-31 |
| 32 | മാലിന്യ സംസ്ക്കരണപ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കിയില്ല | 1-32 |
| 33 | ലൈഫ് പദ്ധതിക്ക് തുക നൽകൽ-ധന സഹായം കൈപ്പറ്റി പ്രവൃത്തി പൂർത്തീകരിക്കുകയോ,തുക തിരികെ ഈടാക്കുകയോ ചെയ്തിട്ടില്ല. | 1-33 |
| 34 | നിർമ്മാണപ്രവൃത്തിയുടെ കരാർ ചമച്ചിട്ടുള്ളത് നിയമം അനുശാസിക്കുന്ന മൂല്യമുള്ള മുദ്രപത്രത്തിലല്ല | 1-34 |
| 35 | മരാമത്തു പ്രവൃത്തികൾ -രേഖകളിലെ പൊതു അപാകങ്ങൾ | 1-35 |
| 36 | ബാരലിന്റെ വില കുറവു ചെയ്യാതെ മുഴുവൻ തുകയും അനുവദിച്ചു | 1-36 |
| 37 | വിവിധ അറ്റകുറ്റപ്പണികളിൽ നീക്കം ചെയ്യപ്പെട്ട ഉരുപ്പടികൾ നഗരസഭയിൽ ഏല്പിച്ചില്ല | 1-37 |
| 38 | പ്രവൃത്തിയുടെ കരാർ ചമയ്ക്കാൻ വൈകിയതിന് നിയമാനുസൃ തമായ പിഴ ഈടാക്കിയില്ല | 1-38 |
| 39 | മെയിന്റനൻസ് തുക അധികമായി പിൻവലിച്ചു | 1-39 |
| 40 | ഡെപ്പോസിറ്റ് പ്രവൃത്തി-നാളിതുവരെ പ്രവൃത്തി ആരംഭിച്ചില്ല | 1-40 |
| 41 | കൺവീനർ പ്രവൃത്തിയിൽ സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടില്ല | 1-41 |
| 42 | കിളച്ചെടുത്ത മണ്ണ് ഉപയോഗിച്ചില്ല | 1-42 |
| 43 | ടെന്റർ ഫോറത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-43 |
| 44 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി അവലോകനം | 1-44 |
| | **ഭാഗം 2** | |
| | **വരവ്-വ്യക്തമായ നഷ്ടം** | |

| | | |
|---|---|---|
| | പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | **ഭാഗം 3** | |
| | **ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 45 | ഇല്ല | |
| | **ഭാഗം 4** | |
| | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 46 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 47 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 48 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 49 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 50 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 51 | സ്ഥിര നിക്ഷേപം | 4-6 |
| 52 | ഓഡിറ്റ് റിക്കവറി | 4-7 |
| 53 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 54 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 55 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 56 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 57 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം - 1 |
| 58 | വിവിധ പത്രികകൾ - സംക്ഷിപ്തം | അനുബന്ധം - 2 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

28-3-2018 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകളും വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരവ് ചെലവുകളും ചുവടെ ചേർക്കുന്നു. വാർഷിക ബജറ്റ് പുതുക്കി അംഗീകാരം വാങ്ങിയിട്ടില്ല.

| | ബജറ്റ് പ്രകാരം | യഥാർത്ഥ വരവ് ചെലവ് |
|---|---|---|
| മുന്നിരിപ്പ് | 2500000 | 27496761 |
| വരവ് | 362135000 | 186128942 |
| ആകെ | 364635000 | 213625703 |
| ചെലവ് | 345623656 | 174717474 |
| നീക്കിയിരുപ്പ് | 19111344 | 38908229 |

## 1-2 വാർഷിക ധനകാര്യപത്രിക

| | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2018-19 | 31-7-2019 | 30-07-2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27496761 |
| വരവ് | 186128942 |
| ആകെ | 213625703 |
| ചെലവ് | 174717474 |
| നീക്കിയിരിപ്പ് | 38908229 |

## 1-4 ഫണ്ട് വിനിയോഗം

| | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ (എ.സി.ആർ പ്രകാരം) | 0 | 12597691 | 12597691 | 12589617 | 8074 |
| വികസനഫണ്ട് എസ്.സി.പി (എ.സി.ആർ പ്രകാരം) | 0 | 14723000 | 14723000 | 10864239 | 3858761 |
| വികസനഫണ്ട് (ടി എസ് പി) | 0 | 148000 | 148000 | 148000 | 0 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് (എ.സി.ആർ പ്രകാരം) | 0 | 11966000 | 11966000 | 10942294 | 1023706 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് (എ.സി.ആർ പ്രകാരം) | 0 | 2846000 | 2846000 | 2149843 | 696157 |
| സെൻട്രൽ ഫിനാനൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 6895510 | 6895510 | 4583474 | 2312036 |
| അയ്യങ്കാളി പദ്ധതി-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 127796* | 8045069 | 8172865 | 5013551 | 1)കനറാ ബാങ്ക 1967* 2)KLGB 3517347** |
| കേന്ദ്രാവിഷ്കൃത ഫണ്ട്-PMAY | 8224764 | 66797008 | 75021772 | 73659001 | 1362771 |
| കേന്ദ്രാവിഷ്കൃത ഫണ്ട്-NULM | 166638 | 1869921 | 2036559 | 1595137 | 441422 |
| കേന്ദ്രാവിഷ്കൃത ഫണ്ട്-ശുചിത്വ മിഷൻ ഫണ്ട് | 969604 | 383074 | 1352678 | 62108 | 1290570 |
| ജനറൽ പർപ്പസ് ഗ്രാന്റ് (ട്രഷറി-45) | 6645108 | 15716797 | 22361905 | 13668072 | 8693833 |
| തനത് ഫണ്ട്-യുണിയൻ ബാങ്ക് 8555 | 6170495 | 53206338 | 59376833 | 54490393 | 4886440 |
| SBI E-payment | 141193 | 0 | 141193 | 1890 | 139303 |
| തനത് ഫണ്ട്-Syndicate bank 0014 | 0 | 35256387 | 35256387 | 19978295 | 15278092 |
| സാക്ഷരത SCB 4344 | 13365 | 1573 | 14938 | 954 | 13984 |
| TSC -SBI 4623 | 47231 | 1674 | 48905 | 0 | 48905 |
| SSA SBI-1502 | 26163 | 0 | 26163 | 0 | 26163 |
| -Sand- SBI 42953 | 3278416 | 129400 | 3407816 | 1235431 | 2172385 |
| ബി ഫണ്ട് | | | | | |
| തൊഴിൽ രഹിത വേതനം | 0 | 45120 | 45120 | 45120 | 0 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 0 | 900000 | 900000 | 900000 | 0 |

**കുറിപ്പ്**

അയ്യങ്കാളി പദ്ധതി വാർഷിക കണക്കിലെ മുന്നിരിപ്പ്, നീക്കിയിരുപ്പ് എന്നിവ ക്യാഷ് ബുക്കിലെ മുന്നിരിപ്പ്, നീക്കിയിരുപ്പ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല ആയത് സർട്ടിഫിക്കേഷനിൽ പറഞ്ഞിട്ടുണ്ട്.

| ഇനം | വാർഷിക കണക്ക് പ്രകാരം | ക്യാഷ് ബുക്ക് പ്രകാരം | റിമാർക്സ് |
|---|---|---|---|
| മുന്നിരിപ്പ് | 127796 | 129840 | 2044 രൂപ പലിശ വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല |
| നീക്കിയിരുപ്പ് | 1)കനറാ ബാങ്ക 1967<br>2) KLGB 3517347<br>ആകെ **3519314** | 1)കനറാ ബാങ്ക 3251<br>2) KLGB 3518978<br>**ആകെ 3522229** | കനറാ ബാങ്ക് 1284 രൂപ പലിശ വരവ് ഉൾപ്പെടുത്തിയിട്ടില്ല<br>KLGB 1631 രൂപ പലിശ വരവ് ഉൾപ്പെടുത്തിയിട്ടില്ല |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 301 | 96435399 | 165 | 49134625 | 0 | 136 | 55 |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 165 എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 51% ചെലവഴിച്ചിട്ടുണ്ട്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 3410040 | 2906162 | 85 |
| പ്രൊജക്റ്റ് ഓഫീസർ-നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 5 | 5 | 4714558 | 2381110 | 51 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 4 | 5206850 | 4388160 | 84 |
| സെക്രട്ടറി | 17 | 6 | 4408275 | 1840309 | 42 |
| മുനിസിപ്പൽ എഞ്ചിനീയർ | 238 | 128 | 50812272 | 21621734 | 43 |
| മെഡിക്കൽഓഫീസർ-താലൂക്ക് ആശുപത്രി | 5 | 5 | 3750000 | 3280164 | 87 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 3 | 3 | 900000 | 900000 | 100 |
| വെറ്ററിനറി സർജ്ജൻ | 4 | 3 | 4080000 | 1498000 | 37 |
| പ്രിൻസിപ്പൽ | 5 | 2 | 2300000 | 1771486 | 77 |
| പട്ടികജാതി വികസന ഓഫീസർ | 4 | 3 | 4265800 | 2187500 | 51 |
| ഹെൽത്ത് ഓഫീസർ | 10 | 2 | 12587604 | 6360000 | 51 |
| **ആകെ** | **301** | **165** | **96435399** | **49134625** | **51** |

# 1-6 ക്ഷേമ പദ്ധതികൾ

നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 45120 | 23 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 975200 | 76 |
| 3 | വിധവാ പെൻഷൻ | 12955700 | 1081 |
| 4 | വാർദ്ധക്യകാല പെൻഷൻ | 21432300 | 1790 |
| 5 | വികലാംഗ പെൻഷൻ | 3681300 | 325 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 658400 | 61 |

# 1-7 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.03.2020 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 150909 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-8 ആഭ്യന്തര നിയന്ത്രണം

പട്ടാമ്പി നഗരസഭയുടെ പുതിയ വരുമാന മാർഗ്ഗം കണ്ടെത്തുന്നതിനുള്ള നടപടികളൊന്നും തന്നെ തൻവർഷം സ്വീകരിച്ചിട്ടില്ല. നിലവിലുള്ള വരുമാന സ്രോതസ്സുകളെപോലും പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും നഗരസഭയ്ക്ക് സാധിച്ചിട്ടില്ല. നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ കടമുറികളുടെ വാടക കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നത് ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. 2000 ൽ അധികം വാണീജ്യ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയുടെ വിവരങ്ങൾ ശേഖരിക്കുകയോ ഇത്തരം സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.
നഗരസഭയുടെ പ്രധാന വരുമാന മാർഗ്ഗങ്ങളിൽ ഒന്നായ തൊഴിൽ നികുതിയിനത്തിലും പിരിവ് കാര്യക്ഷമമാക്കിയിട്ടില്ല. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളുടെ സ്ഥാപന നികുതിയും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. ഇവ ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടില്ല. വെള്ളക്കരം ഇനത്തിൽ 55.65 ലക്ഷം രൂപ കുടിശ്ശികയാണ്. എന്നാൽ കുടിശ്ശിക വരുത്തിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ അവർ ഓരോരുത്തരുടെയും കുടിശ്ശിക തുക എന്നിവയുടെ വിശദാംശങ്ങൾ നഗരസഭ സൂക്ഷിച്ചിട്ടില്ല.
നഗരസഭയിലെ പർച്ചേസിംഗ് കമ്മിറ്റിയുടെ പ്രവർത്തനവും തൃപ്തികരമല്ല. കമ്മിറ്റിയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ നിർബന്ധമായും അംഗമായിരിക്കണം എന്ന നിബന്ധന പാലിക്കാതെയാണ് പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ 'വൃദ്ധർക്ക് കട്ടിൽ ' എന്ന പദ്ധതി നടപ്പാക്കിയത്. നഗരസഭയിൽ തനതുഫണ്ട് സൂക്ഷിക്കുന്നതിന് ഒറ്റ അക്കൗണ്ട് മാത്രമേ പാടുള്ളൂ എന്ന സർക്കാർ നിർദ്ദേശം അവഗണിച്ചുകൊണ്ട് 3 അക്കൗണ്ടുകൾ സൂക്ഷിക്കുന്നതും മാനദണ്ഡം പാലിക്കാതെ നിരവധി ദിവസ വേതനക്കാരെ ഭരണസമിതി നിയമിച്ചതും ആഭ്യന്തര നിയന്ത്രണത്തിലെ പാളിച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.നഗരസഭ അതിന്റെ യഥാർത്ഥ ജോലിഭാരം, ആവശ്യമായ മനുഷ്യ വിഭവ ശേഷി എന്നിവ സംബന്ധിച്ച വ്യക്തമായ കണക്കുകൾ തയ്യാറാക്കി നിയമാനുസൃതമായ സംവിധാനങ്ങൾ ഉപയോഗിച്ച് തസ്തികകൾക്ക് അംഗീകാരം വാങ്ങേണ്ടതും ആയതുപ്രകാരം ജീവനക്കാരുടെ നിയമനം ഉറപ്പു വരുത്താനുള്ള നടപടികൾസ്വീകരിക്കേണ്ടതാണ്.

# 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | നഗരസഭ രൂപീകരിച്ചതിന് ശേഷം പെർഫോമൻസ് ഓഡിറ്റ് നടന്നിട്ടില്ല. | | |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.01.2018 | 2013-14 മുതൽ | 16.04.2018 |

| | | | | |
|---|---|---|---|---|
| | | മുതൽ 06.02.2018 വരെ | 2016-17 വരെ | |

## 1-10 വാർഷിക കണക്കിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ നിലനിൽക്കുന്നു.

## 1-11 കെട്ടിട വാടക - രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഷോപ്പിംഗ് കോംപ്ലക്സിന്റെ പേര്/ സ്ഥലം | കെട്ടിടത്തിന്റെ തരം | ആകെ മുറികൾ | നിലവിൽ വാടകക്ക് നൽകിയിട്ടുള്ളവ | ഒഴിഞ്ഞ് കിടക്കുന്നവ | പട്ടിക ജാതി/ പട്ടിക വർഗ വിഭാഗത്തിന അനുവദിച്ചിട്ടുള്ളത് |
|---|---|---|---|---|---|---|
| 1 | ന്യൂ ഷോപ്പിംഗ് കോപ്ലക്സ് | ആർസിസി | 28+1 സ്റ്റയർ റൂം | 24 | 5 | 1 |
| 2 | ന്യൂ ബസ് സ്റ്റാന്റ് ബിൽഡിംഗ് | ആർസിസി | 30+ ഹാൾ + ട്രസ്ഹാൾ | എല്ലാം | - | - |
| 3 | ന്യൂ മാർക്കറ്റ് സ്റ്റാൾ | ആർസിസി | 33+ ഫ്രീസർ റൂം | 27 | 7 | 2 |

കെട്ടിട വാടക രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

**<u>എ. ഷോപ്പിംഗ് കോംപ്ലക്സ് - അടിസ്ഥാന രേഖകൾ ലഭ്യമല്ല</u>**

ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണം, പൂർത്തീകരണം, പ്ലാനുകൾ, പരിപാലനം മുതലായവയുടെ വിവരങ്ങളൊന്നും നഗരസഭയിൽ നിലവിൽ ലഭ്യമല്ല. മേൽ രേഖകൾ നഗരസഭയിൽ സൂക്ഷിക്കേണ്ടതാണ്.

**<u>ബി. ഒഴിഞ്ഞ് കിടക്കുന്ന മുറികൾ പുനർലേലം ചെയ്യേണ്ടതാണ്</u>**

ഷോപ്പിംഗ് കോംപ്ലക്സുകളിലെ ഒഴിഞ്ഞ് കിടക്കുന്ന മുറികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഷോപ്പിംഗ് കോംപ്ലക്സിന്റെ പേര് | ഒഴിഞ്ഞ് കിടക്കു മുറികളുടെ നമ്പർ |
|---|---|---|
| 1 | ന്യൂ ഷോപ്പിംഗ് കോപ്ലക്സ് | 16 |
| 2 | | 17 |
| 3 | | 24 |
| 4 | | 27 |
| 5 | | 28 |
| 6 | ന്യൂ മാർക്കറ്റ് സ്റ്റാൾ | 3 |
| 7 | | 5 |
| 8 | | 6 |
| 9 | | 7 |
| 10 | | 9 |
| 11 | | 14 |
| 12 | | 24 |

മേൽ മുറികൾ 2018-19, 2019-20 എന്നീ വർഷങ്ങളിൽ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും ആരും ലേലത്തിൽ പങ്കെടുത്തതായി കാണുന്നില്ല. ആയതിനാൽ വേണ്ട വിധത്തിലുള്ള ലേല പരസ്യം നൽകി, ആയവ പുനർലേലം ചെയ്ത് നൽകുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>സി. ചട്ട പ്രകാരമുള്ള സംവരണം നൽകേണ്ടതാണ്</u>**

2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ പ്രകാരം മുനിസിപ്പാലിറ്റി ലൈസൻസ് വ്യവസ്ഥയിൽ വാടകയ്ക്കോ, പാട്ടത്തിനോ നൽകുന്ന കടമുറികൾ/ബങ്കുകൾ/സ്റ്റാളുകൾ മുതലായവയുടെ ഓരോ ഇനത്തിലും 10% പട്ടിജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്കുവേണ്ടി സംവരണം ചെയ്തു നൽകേണ്ടതാണ്. എന്നാൽ പട്ടാമ്പി നഗരസഭയിൽ വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലായി 94

മുറികൾ നിലവിലുണ്ടെങ്കിലും 3 മുറികൾ മാത്രമാണ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്കുവേണ്ടി സംവരണം ചെയ്തിട്ടുള്ളത്. ഓരോ ഷോപ്പിംഗ് കോംപ്ലക്സുകളിലും 10% കടമുറികൾ പട്ടികജാതി/പട്ടികവർഗ വിഭാഗത്തിന് സംവരണം അനുവദിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും ഏതെങ്കിലും കാരണങ്ങളാൽ ഈ വിഭാഗങ്ങൾക്ക് അർഹമായ സംവരണം കുറവുള്ള പക്ഷം ആയത് നികത്തുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## ഡി. വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്

പട്ടാമ്പി നഗരസഭയിലെ വാടകക്കാർ നഗരസഭയിലേക്ക് അടയ്ക്കുവാൻ അവശേഷിക്കുന്ന കുടിശ്ശികയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഷോപ്പിംഗ് കോംപ്ലക്സിന്റെ പേര് | കടമുറിയുടെ നമ്പർ | വാടകക്കാരന്റെ പേര് | മാസ വാടക | കുടിശ്ശിക (കാലയളവ്) | ജി.എസ്.ടി. |
|---|---|---|---|---|---|---|
| 1 | ന്യൂ ബസ് സ്റ്റാന്റ് ബിൽഡിംഗ് | 3 | ശ്രീമതി.ശാന്ത, സായശ്രീ | 16006, 16806 | 117642 (09/19-03/2020) | 21176 |
| 2 | | 7 | ശ്രീ.കെ.സി ശിവദാസൻ, ശ്രീവൽസം | 15284, 16048 | 207860 (03/19-03/2020) | 37415 |
| 3 | | 8 | ശ്രീ.സുലൈമാൻ കെ, കൂളയിൽ | 16322, 17138 | 205656 (04/19-03/2020) | 37018 |
| 4 | | 18 | ശ്രീ.സുരേഷ്, പിള്ളക്കാട്ടിൽ | 2263, 2377 | 39839 (11/18 -03/2020) | 7171 |
| 5 | | 23 | ശ്രീ.കെ.പി മൊയ്തീൻകുട്ടി | 2109, 2215 | 51888 (04/18-03/2020 | 9340 |
| 6 | | 31 | ശ്രീ.ഫൈസൽ പുല്ലാനി | 8250, 8663, 9097 | 424827 (04/17-03/2020) | 76469 |
| 7 | ന്യൂ ഷോപ്പിംഗ് കോംപ്ലക്സ് | 1 | ശ്രീ.ഹംസ പുന്നക്കാട്ടു തൊടിയിൽ | 24311, 25527 | 403568 (12/18-03/2020) | 72642 |
| 8 | | 3 | ശ്രീ.ഇബ്രാഹീം പുന്നക്കാട്ടു തൊടിയിൽ | 21060, 22130 | 325377 (10/18-03/2020) | 58568 |
| 9 | | 4 | ശ്രീ.മുഹമ്മദ് നിസാർ | 14100, 14805 | 162855 (05/19-03/2020) | 29314 |
| 10 | | 6 | ശ്രീ. വിപിൻദാസ് | 17869, 18763 | 385977 (07/18-03/2020) | 69476 |
| 11 | | 7 | ശ്രീ.കലേഷ്, ആലയത്ത് | 16593, 17424 | 391622 (05/18-03/2020) | 70492 |
| 12 | | 10 | ശ്രീ.ഗഫൂർ, കടുങ്ങോട്ട് | 15317, 16083 | 300215 (09/18-03/2020) | 54039 |
| 13 | | 11 | ശ്രീ. സുലൈമാൻ, കൂളയിൽ | 15317, 16083 | 298683 (07/18-01/2020) | 53763 |
| 14 | | 18 | ശ്രീ.രവികുമാർ, കാലംപറ്റ | 3063, 3216 | 32160 (06/19-03/2020) | 5789 |
| 15 | | 26 | ശ്രീ. സൽമാനുൽ ഫാരിസ് | 3474, 3647, 3830, 4022 | 165780 (07/16-03/2020) | 29840 |
| 16 | ന്യൂ മാർക്കറ്റ് സ്റ്റാൾ | 8 | ശ്രീ.അബ്ദുൾ സത്താർ | 13500, 14175 | 278100 (08/18-03/2020) | 50028 |
| 17 | | 11 | ശ്രീ.അഷ്റഫ് കല്ലിങ്ങൽ | 12000, 12600 | 295200 (04/18-03/2020) | 53136 |
| 18 | | 15 | ശ്രീ.സിലേഷ്, പള്ളിപ്പാട്ടിൽ | 10000 | 100000 (06/19-03/2020) | 18000 |
| 19 | | 19 | ശ്രീ.മുഹമ്മദ് ബഷീർ | 10080, 10584 | 187488 (10/18-03/2020) | 33748 |
| 20 | | 22 | ശ്രീ.സക്കീർ, കാണാക്കാത്ത് | 13650, 14333 | 240246 (11/18-03/2020) | 43244 |
| 21 | | സ്റ്റയർ റൂം | ശ്രീ.ബി.പി രകേഷ് | 16411, 17232 | 305250 (10/18-03/2020) | 54945 |

മേൽ കുടിശ്ശിക ഈടാക്കുന്നതിനായി കേരള മുനിസിപ്പാലിറ്റി നിയമം 215 (8) വകുപ്പ് പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും നടപടി ക്രമങ്ങൾക്ക് ദീർഘമായ കാലതാമസം വന്നിട്ടുള്ളതിനാൽ തുക നാളിതുവരെ ഈടാക്കാൻ കഴിഞ്ഞിട്ടില്ല. ടി അപാകത പരിഹരിച്ച് നഗരസഭയ്ക്ക് ലഭിക്കേണ്ട കെട്ടിടങ്ങളുടെ വാടകവരുമാനം യഥാസമയം ലഭ്യമാക്കുന്നതിനും ജി.എസ്.ടി. ഇനത്തിലുള്ള തുകകൾ സർക്കാരിലേക്ക് ഒടുക്ക് വരുത്തുന്നതിനും വേണ്ട കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഇ. വാടക രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല**

വാടക രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയതിൽ ഷോപ്പിംഗ് കോംപ്ലക്സ് തിരിച്ചുള്ള വാടക വരവിന്റെ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയത് രേഖപ്പെടുത്തി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**എഫ്. ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങിയിട്ടില്ല**

ഷോപ്പിംഗ് കോംപ്ലക്സുകളുടെ നടത്തിപ്പിനായുള്ള ബൈലോ പ്രാബല്യത്തിൽ വരുത്തുന്നതിനായി 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 572 അനുസരിച്ച് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 9/13.03.2020ന് ലഭ്യമാക്കിയ മറുപടിയിൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്. കുടിശ്ശിക തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 വസ്തു നികുതി - കുടിശ്ശികയുടെ കണക്ക് കൃത്യമല്ല

നഗരസഭയുടെ 2018-19 വാർഷിക ധനകാര്യ പത്രികയിലെ (ബാലൻഷീറ്റ് B-15) വിവരങ്ങൾ പ്രകാരം വസ്തു നികുതി ഇനത്തിൽ ആകെ 1950907/- രൂപ (തൻവർഷ കുടിശ്ശിക 523964/- രൂപ, മുൻവർഷങ്ങളിലെ കുടിശ്ശിക 1426943/- രൂപ) നഗരസഭ പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി കാണുന്നു.

നഗരസഭയിലെ കെട്ടിട നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട ഫയൽ നം. ആർ1/4042/17 പ്രകാരം ആകെയുള്ള 28 വാർഡുകളിലേയും നമ്പറിംഗ് ജോലികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ്‌വെയറിലെ കെട്ടിടങ്ങളുടെ ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. പഴയ അസസ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള കെട്ടിടങ്ങളുടെ 70 ശതമാനത്തിൽ താഴെയുള്ളവയുടെ വിവരങ്ങൾ മാത്രമാണ് സഞ്ചയയിലെ അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളത്. ഡാറ്റ എൻട്രി പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങളിലെ അപാകങ്ങൾ പരിഹരിക്കുന്നതിനായി Discrepancy Solving Stepsലൂടെ തിരുത്തലുകൾ വരുത്തിയിട്ടില്ല. നികുതി അടവാക്കുന്ന സമയത്തോ, പരാതികളുടെ അടിസ്ഥാനത്തിലോ ആണ് നിലവിൽ ആവശ്യമായ തിരുത്തലുകൾ വരുത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ എ.എഫ്.എസ്. പ്രകാരമുള്ള വസ്തു നികുതി കുടിശ്ശിക കണക്കുകൾ ഇപ്പോഴും മാറ്റത്തിന് വിധേയമാണ്. ആയതിനാൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ കെട്ടിടങ്ങളുടെ ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതും കുടിശ്ശിക തുക തിട്ടപ്പെടുത്തി മുഴുവൻ കുടിശ്ശിക തുകയും സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/17.03.2020 ന് ലഭ്യമാക്കിയ മറുപടിയിൽ വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നു് അറിയിച്ചിട്ടുണ്ട്.

## 1-13 തൊഴിൽ നികുതി പിരിവ് കര്യക്ഷമമല്ല

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 245 പ്രകാരം ഓരോ അർദ്ധവർഷവും നഗരസഭാ പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. മേൽ നിയമ വ്യവസ്ഥ പാലിച്ചുകൊണ്ടും 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരവും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. നഗരസഭയിലെ തൊഴിൽ നികതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

**എ. ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

2018-19 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ചിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് |
|---|---|---|
| 1 | വി എം വുഡ് ഇൻഡസ്ട്രീസ് | വി മുഹമ്മദ് കുട്ടി |
| 2 | ഓ പി എച്ച് ഫ്യുവൽസ് | മുഹമ്മദ് റഫീക്ക് ഓ പി |
| 3 | എസ് ജെ വി എം ഫാം | ഹരി |
| 4 | ബിസ്മില്ല വുഡ് ഇൻഡസ്ട്രീസ് | കുഞ്ഞിമൊയ്തീൻ |

| | | |
|---|---|---|
| | | കെ |
| 5 | നാച്ചുറൽ സ്റ്റോൺ ഇംപ്ലക്സ് | മുഹമ്മദ് നവാസ് ടി എ |
| 6 | ചിറ്റാനിപ്പാറ ഫ്യുവൽസ് | സെലിൻ സി |
| 7 | സൈറ വുഡ് ഇൻഡസ്ട്രീസ് | പി അബ്ദുൾ ലത്തീഫ് |
| 8 | റിൻസീന വുഡ് ഇൻഡസ്ട്രീസ് | പി അബ്ദുൾ ഗഫൂർ |
| 9 | കൊടല്ലൂർ ക്ഷീര സഹകരണ സംഘം | സെക്രട്ടറി |
| 10 | റുബിക്ക് ഫർണ്ണീച്ചർ & ഇന്റീരിയേഴ്സ് | മുഹമ്മദ് ഫസൽ |
| 11 | യൂണിവേഴ്സ് ഹൈപ്പർ മാർക്കറ്റ് | അബ്ദു റഹിമാൻ |
| 12 | നാഷണൽ ഗ്ലാസ് ഹൗസ് | റുക്സാന എം |
| 13 | സി കെ എൻ ട്രഡേഴ്സ് | നഹിയാൻ സി കെ |
| 14 | ന്യൂ സുപ്രിം മോട്ടോഴ്സ് | ജയപ്രകാശ് |
| 15 | അക്ബർ ട്രാവൽസ് ഓഫ് ഇന്ത്യ പ്രൈ. ലിമിറ്റഡ് | അബ്ദുൾ നാസർ |
| 16 | അയോദ്ധ്യ ജ്വല്ലേഴ്സ് | രമേഷ് ബാബ പാട്ടീൽ |
| 17 | ന്യൂ ഗ്രാന്റ് ഫാഷൻ ജ്വല്ലറി | ഡെന്നി |
| 18 | ടൈറോസ് തഡ്സ് വാട്ടർ ടാങ്ക് ഫാക്ടറി | മോഹനൻ വി സി |
| 19 | അഭിലാഷ് ക്വാറി | അഭിലാഷ് |
| 20 | മാർക്കോസ് ക്വാറി | മാർക്കോസ് |
| 21 | സൂപ്പർ ഗ്രാനൈറ്റ്സ് മെറ്റൽ ക്രഷിംഗ് യൂണിറ്റ് | സെയ്തു മുഹമ്മദ് കെ ടി |
| 22 | സൂപ്പർ ഗ്രാനൈറ്റ്സ് ക്വാറി | മുഹമ്മദ് മുസ്തഫ |
| 23 | ഗോയുറോപ്പാ എഡ്യുക്കേഷനൽ ഫൗണ്ടേഷൻ | മോഹൻദാസ് എം എം |
| 24 | അസറ്റ് അക്കാദമി | രജിത പി പി |
| 25 | വനിത ഒക്കേഷണൽ ട്രൈനിംഗ് | മിജി |
| 26 | ACE കോച്ചിംഗ് സെന്റർ | അബൂബക്കർ സിദ്ദീഖ് |
| 27 | AIMS ഇന്റർവെൻഷൻ | രാഗില കെ ആർ |
| 28 | നീതി ലാബ് | ഫസല റഹ്മാൻ എം |

**<u>ബി. റേഷൻ കട നടത്തിപ്പുകാർ, നഗരസഭ പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>**

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ നടത്തിപ്പുകാർ, നഗരസഭയിലെ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായികാണുന്നില്ല. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

എഗ്രിമെന്റ് രജിസ്റ്റർ പ്രകാരമുള്ള കരാറുകാരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | 2018-19 സാമ്പത്തിക വർഷത്തിൽ നഗരസഭ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേര് |
|---|---|
| 1 | എം വി അബ്ദുറഹിമാൻ |
| 2 | ഇബ്രാഹീം ടി |
| 3 | മുഹമ്മദ് റഫീക്ക് ടി എം |
| 4 | അബൂബക്കർ വി |
| 5 | അലി എം |
| 6 | യൂസഫ് എ എം |
| 7 | ഹംസ എൻ ടി |
| 8 | പി റാഷിദ് |
| 9 | ടി ടി അബ്ദുൾ റസാക്ക് |
| 10 | മുഹമ്മദ് മുസ്തഫ ടി എം |
| 11 | ഗിരീഷ് സി |
| 12 | അജിത്ത് പ്രസാദ് സി ആർ |
| 13 | യൂസഫ് കെ |
| 14 | അമീർ അലി പി |

| | |
|---|---|
| 15 | റഷീദ് എൻ |
| 16 | ഹാജ ഹുസൈൻ കെ |
| 17 | സക്കീർ ഹുസൈൻ |
| 18 | അയൂബ് പി |
| 19 | മുഹമ്മദ് അമീൻ പി |
| 20 | ഷംസുദീൻ പി |
| 21 | അബ്ദുൾ അസീസ് ടി വി |
| 22 | ഫാസിൽ മോൻ |
| 23 | മുഹമ്മദ് റനീഷ് |
| 24 | ഉണ്ണികൃഷ്ണൻ |
| 25 | എം വി അബ്ദു റസാക്ക് |
| 26 | മുഹമ്മദ് കുട്ടി പി |
| 27 | ഷഹീദ് ടി എം |
| 28 | കെ ബഷീർ |
| 29 | കൃഷ്ണകുമാർ കെ കെ |
| 30 | എ എം യൂസഫ് |
| 31 | നിയാസ് വൈ |

## സി. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

1. എച്ച് ഡി എഫ് സി ബാങ്ക്, പട്ടാമ്പി
2. എ എം മോട്ടോർസ്, പട്ടാമ്പി
3. ബി എസ് എൻ എൽ, പട്ടാമ്പി
4. ഫിർദൗസ് ഗോൾഡ്, പട്ടാമ്പി
5. അഹല്യ മണി എക്സ്ചേഞ്ച് & ഫിൻ സർവ്വീസ്, പട്ടാമ്പി
6. കല്യാൺ ജ്വല്ലേഴ്സ് ഇന്ത്യ ലിമിറ്റഡ്, പട്ടാമ്പി
7. ന്യൂ സുപ്രീം മോട്ടോർസ്, പട്ടാമ്പി
8. ഓറിയന്റൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്, പട്ടാമ്പി
9. മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ്, പട്ടാമ്പി
10. കോഴിക്കോട് സർവ്വോദയ സംഘം ഖാദി പ്രൊഡക്ഷൻ സെന്റർ, പട്ടാമ്പി
11. ശ്രീനാരായണ ഇന്ത്യാന സർവ്വീസ്, പട്ടാമ്പി
12. കാരാട്ട് ചിട്ട്സ് ഇന്ത്യ പ്രൈ. ലിമിറ്റഡ്, പട്ടാമ്പി
13. L&T ഫിനാൻസ് സർവ്വീസ്, പട്ടാമ്പി
14. KLM ഗോൾഡ് ലോൺ, പട്ടാമ്പി

## ഡി. സ്വകാര്യ ഡോക്ടർമാർ, അഭിഭാഷകർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം നഗരസഭ പരിധിയിൽ സ്വാകര്യ പ്രാക്ടീസ് നടത്തുന്ന അഭിഭാഷകർ, ഡോക്ടർമാർ, വൈദ്യന്മാർ, പാരാമെഡിക്കൽ വിദഗ്ദർ മറ്റു സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ മേൽ പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. മാത്രമല്ല പട്ടാമ്പി സബ് രജിസ്ട്രാർ ഓഫീസുമായി ബന്ധപ്പെട്ട് പ്രവൃത്തിക്കുന്ന ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. പട്ടാമ്പി നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന ആധാരമെഴുത്തുകാരുടെ പട്ടികയും, സ്റ്റാമ്പ് വെണ്ടർമാരുടെ പട്ടികയും, അഭിഭാഷകരുടെ പട്ടികയും ഉചിതമായ സ്ഥലങ്ങളിൽ നിന്നും ലഭ്യമാക്കി തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഇ. തൊഴിൽനികുതി രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല

തൊഴിൽനികുതി രജിസ്ററർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയതിൽ സ്ഥാപനം തിരിച്ചുള്ള തൊഴിൽനികുതി വരവിന്റെ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയത് രേഖപ്പെടുത്തി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 9/17.03.2020 ന് ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-14 സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നത് പരിശോധനാവിധേയമാക്കിയിട്ടില്ല

നഗരസഭയിലെ ലൈസൻസ് അപേക്ഷകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. നഗരസഭയിലെ അസസ്മെന്റ് രജിസ്റ്റർ പ്രകാരം വാണിജ്യാവശ്യത്തിനുള്ള 4304 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നു.

| ക്രമ നം. | ഇനം | | എണ്ണം |
|---|---|---|---|
| I | 1 | വാണിജ്യാവശ്യം<br>100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 2433 |
| | 2 | 100 ച. മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 183 |
| | 3 | 200 ച. മീറ്റർ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 40 |
| | 4 | 200 ച. മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 465 |
| II | 1 | ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ,ഫ്യൂവൽ സ്റ്റേഷൻ | 24 |
| | 2 | ആഫീസ് ആവശ്യത്തിനുള്ളവ | 660 |
| III | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, സിനിമ തിയേറ്റർ, കല്ല്യാണ മണ്ഡപം, ലോഡ്ജ് | | 381 |
| IV | 1 | വ്യവസായം-ചെറുകിട വ്യവസായ സംരംഭങ്ങൾ, കൈത്തറി ഷെഡ്, തടിമില്ല് | 23 |
| | 2 | ഇതര വ്യവസായം | 95 |

ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങൾ 1155 എണ്ണം മാത്രമാണ്. നഗരസഭയിലുള്ള 28 വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2. 2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക 1, ക്രമ നം.154 പ്രകാരം കള്ള് ഷോപ്പുകൾക്കും, പട്ടിക 2, ക്രമ നം. 54 റേഷൻ കടകൾക്കും ലൈസൻസ് ആവശ്യമാണ്. എന്നാൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ള് ഷോപ്പുകൾ എന്നിവയ്ക്ക് ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. ആയതിനാൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ റേഷൻ കടകൾക്കും, കള്ള് ഷോപ്പുകൾക്കും ലൈസൻസ് അനുവദിക്കുന്നതിനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. വാർഡ് തിരിച്ചുള്ള ലൈസൻസ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയതിൽ ഈടാക്കിയ ലൈസൻസ് ഫീസിന്റെ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയത് രേഖപ്പെടുത്തി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

4. സ.ഉ.(സാധാ)നം.2511/2017/തസ്വഭവ തിയതി 22.07.2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ

വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാസം എന്നിവ വിൽക്കുന്ന കടകൾ, കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനും അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. ലൈസൻസ് അനുവദിക്കുമ്പോൾ മേൽ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 20/18.03.2020 ന് ലൈസൻസ് എടുക്കുകയോ/പുതുക്കുകയോ ചെയ്യാതെ പ്രവൃത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസ് എടുപ്പിക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. നഗരസഭയിലെ എല്ലാ സ്ഥാപനങ്ങളും നിയമാനുസൃതമായാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്താനും അതിലൂടെ തനതു വരുമാനം വർധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല

സഞ്ചയ സോഫ്റ്റ്‌വെയറിലെ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയിക്കുകയോ ഡിമാന്റ് ചെയ്ത് ഈടാക്കുകയോ ചെയ്തതായി കാണുന്നില്ല.

ഫയൽ നം. ആർ1-8222/19 പ്രകാരം നഗരസഭ തയ്യാറാക്കിയ പട്ടാമ്പി നഗരസഭാ പരിധിയിൽ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടവറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥലം ഉടമയുടെ പേര്, വിലാസം | മൊബൈൽ സേവന ദാതാവിന്റെ പേര് |
|---|---|---|
| 1 | സുബ്രമണ്യൻ, പണ്ടാരത്തൊടിയിൽ, കോട്ടപ്പടി-കൊടലൂർ | Vodafone |
| 2 | ലത്തീഫ്, പുതുമനവളപ്പിൽ, ശങ്കരമംഗലം പി ഒ | Airtel/BSNL |
| 3 | റിറ്റി ജോസ് & ഡോ ജോസ്, മേലെ പട്ടാമ്പി | TATA INDICOM |
| 4 | റിറ്റി ജോസ് & ഡോ ജോസ്, മേലെ പട്ടാമ്പി | Reliance |
| 5 | ഇന്ദിരദേവി, സുദർശന | Vodafone/Airtel |
| 6 | മൂസ, പാലത്തിങ്കൽ, മേലെ പട്ടാമ്പി | Airtel |
| 7 | ഉമ്മർ, പറമ്പിൽ, കീഴായൂർ | Jio |
| 8 | ഉണ്ണീൻകുട്ടി, കോട്ടപുറത്ത്, ആമയൂർ പി ഒ | Airtel |
| 9 | ബി എസ് എൻ എൽ ടെലിഫോൺ എക്സ്ചേഞ്ച്, പട്ടാമ്പി | BSNL |
| 10 | ഇബ്രാഹീം, മച്ചിങ്ങത്തൊടി, കൊടുമുണ്ട | BSNL |
| 11 | കാർത്ത്യായനി, രാമ നിലയം, മേലെ പട്ടാമ്പി | Jio |

മേൽ ടവറുകളുടെ പ്ലിന്ത് ഏരിയ കണക്കാക്കി സമർപ്പിക്കുന്നതിനായി 29.07.2019, 04.03.2020 എന്നീ തീയതികളിലെ ആർ1-8222/19 നമ്പർ കുറിപ്പ് പ്രകാരം എഞ്ചിനീയറിംഗ് വിഭാഗത്തോട് സെക്രട്ടറി ആവശ്യപ്പെട്ടെങ്കിലും തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 25/19.03.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 15.02.2018 ലെ സ.ഉ.(അ)നം. 11/2018/ തസ്വഭവ പ്രകാരം നിലവിൽ വന്ന കേരള മുനിസിപ്പാലിറ്റി കെട്ടിടങ്ങൾ (അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽകരണം) ചട്ടങ്ങൾ, 2018 പ്രകാരം പട്ടാമ്പി നഗരസഭ പരിധിയിൽ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടവറുകളുടെ നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിലേക്ക് കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. തുടർ നടപടികളുടെ

വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 വിവിധ സേവനങ്ങൾക്കുള്ള ലേലം - കുടിശ്ശിക ഈടാക്കിയില്ല

2018-19 സാമ്പത്തിക വർഷത്തിൽ നഗരസഭയിലെ വിവിധ സേവനങ്ങൾ ലേലം ചെയ്തതിന്റെ വിവരം ചുവടെ ചേർക്കുന്നു.

ലേല തീയതി - 31.03.2018

| ക്രമ നം. | ലേല ഇനം | ലേലം കൊണ്ടയാളുടെ പേര് | ലേല കൊണ്ട തുക | ജി.എസ്.ടി. (18%), ഐ.ടി. (2.5%) ഉൾപ്പെടെ ഒടുക്ക് വരുത്തേണ്ട ആകെ തുക |
|---|---|---|---|---|
| 1 | പാർക്കിംഗ് ഫീ പിരിവ് | ശ്രീ.മുഹമ്മദ് അലി കെ ടി, താഴെത്തേതിൽ ഹൗസ് | 127786 | 153984 |
| 2 | ഫിഷ് മാർക്കറ്റ് യാർഡ് | ശ്രീ.മുഹമ്മദ് അലി കെ ടി, താഴെത്തേതിൽ ഹൗസ് | 1051786 | 1267403 |
| 3 | കംഫർട്ട് സ്റ്റേഷൻ & ക്ലോക്ക് റൂം | ശ്രീ.മൊയ്തീൻകുട്ടി കെ.പി, കുണ്ടിൽ പീടികയിൽ | 678751 | 817895 |

ലേല ഫയൽ, രജിസ്റ്റർ എന്നീ രേഖകളുടെ പരിശോധനയിന്മേൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

1. 2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 7(2) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫോറം III എ - ന്റെ മാതൃകയിൽ ലേലം കൊണ്ടയാളുമായി നിശ്ചിത വിലയുള്ള മുദ്രപത്രത്തിൽ കരാർ ചമച്ചതായി കാണുന്നില്ല.

2. രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം ലേല ഇനത്തിൽ 1060718/- രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലേല ഇനം | ലേലം കൊണ്ട യാളുടെ പേര് | ലേല കൊണ്ട തുക | GST(18%), IT (2.5%) ഉൾപ്പെടെ ഒടുക്ക് വരുത്തേണ്ട ആകെ തുക | ഒടുക്ക് വിവരം | | |
|---|---|---|---|---|---|---|---|
| | | | | | രസീതി നം. തീയതി | ഈടാക്കിയ തുക | ബാക്കി |
| 1 | പാർക്കിംഗ് ഫീ പിരിവ് | ശ്രീ.മുഹമ്മദ് അലി കെ.ടി, താഴെ ത്തേതിൽ ഹൗസ് | 127786 | 153984 | 400058 /15.03.2018 (സെക്യൂരിറ്റി ഡെപ്പോസിറ്റ്) | 10000 | 53983 |
| | | | | | 1122579 /18.01.2019 | 90091 | |
| | | | | | ആകെ | 100091 | |
| 2 | ഫിഷ് മാർക്കറ്റ് യാർഡ് | ശ്രീ.മുഹമ്മദ് അലി.കെടി, താഴെ ത്തേതിൽ ഹൗസ് | 1051786 | 1267403 | 111556 /23.03.18 (സെക്യൂരിറ്റി ഡെപ്പോസിറ്റ്) | 100000 | 388840 |
| | | | | | 117889 /29.03.18 (സെക്യൂരിറ്റി ഡെപ്പോസിറ്റ്) | 100000 | |
| | | | | | 100531 /11.04.18 | 278563 | |
| | | | | | 124335 /05.02.19 | 400000 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | ആകെ | 878563 | |
| 3 | കംഫർട്ട് സ്റ്റേഷൻ & ക്ലോക്ക് റൂം | ശ്രീ. ഹനീഫ | 678751 | 817895 | ചെക്ക് നം. 895930 /23.03.18 (സെക്യൂരിറ്റി ഡെപ്പോസിറ്റ്) | 200000 | 617895 |
| | | | | | ആകെ | 200000 | |
| ആകെ കുടിശ്ശിക തുക | | | | | | | 1060718 |

നഗരസഭയ്ക്ക് ലഭിക്കേണ്ട ലേലം ഇനത്തിലുള്ള വരുമാനം യഥാസമയം ലഭ്യമാക്കുന്നതിനും ജി.എസ്.ടി., ഐ.ടി., ഇനത്തിലുള്ള തുകകൾ സർക്കാരിലേക്ക് ഒടുക്ക് വരുത്തുന്നതിനും വേണ്ട കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടില്ല. ലേലം കൊണ്ടയാളുകൾ ലേല തുക കൃത്യമായി നഗരസഭയിൽ ഒടുക്കേണ്ടതാണെന്നും അല്ലാത്തപക്ഷം ഡെപ്പോസിറ്റ് തുകയിൽ നിന്നും ടി തുക ക്രമീകരിച്ച് നഗരസഭ മുതൽക്കൂട്ടുന്നതാണെന്നുമുള്ള നിബന്ധന ഉൾപ്പെടുത്തിയതായോ അതിനനുസൃതമായ നടപടികൾ സ്വീകരിച്ചതായോ കാണുന്നില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 24/19.03.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യമായ നിബന്ധനകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള കരാർ ചമക്കാത്തതുമൂലം തുക പരിച്ചെടുക്കാൻ കഴിയാത്തപക്ഷം ഉണ്ടാകുന്ന നഷ്ടത്തിന് പൂർണ്ണ ഉത്തരവാദിത്തം സെക്രട്ടറിക്കുമാത്രമായിരിക്കും. നഗരസഭയ്ക്ക് നിയമാനുസൃതം ലഭിക്കേണ്ട തുക ഈടാക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-17 വെള്ളക്കരം - ആവശ്യമായ രേഖകൾ നഗരസഭ സൂക്ഷിച്ചിട്ടില്ല

പട്ടാമ്പി നഗരസഭയിലെ 28 വാർഡുകളിലെയും കുടിവെള്ളം വിതരണം ചെയ്യുന്നത് നഗരസഭ നേരിട്ട് നടത്തുന്ന താഴെ പറയുന്ന 31 കുടിവെള്ള പദ്ധതികൾ പ്രകാരമാണ്.

| ക്രമ നം. | കുടിവെള്ള പദ്ധതിയുടെ പേര് |
|---|---|
| 1 | മെയിൻ |
| 2 | കോളേജ് പാടം |
| 3 | തെക്കുംമുറി |
| 4 | നെടിയൻകുന്ന് |
| 5 | പുതുക്കുളം |
| 6 | ചോലയിൽ |
| 7 | തോട്ടുങ്ങൽ സിറ്റി |
| 8 | ചക്ക്യാവ് |
| 9 | ആശാരി കോളനി |
| 10 | ഗുരുതിയൻകാവ് |
| 11 | പള്ളിപ്പാട് |
| 12 | കുന്നക്കാട്ട് പറമ്പ് |
| 13 | എ.ഇ.ടി. കുമ്പളാംകുഴി |
| 14 | പാങ്കൂത്ത് |
| 15 | കല്ലോക്കാട്ട്കുന്ന് |
| 16 | തെക്കഞ്ചേരികുന്ന് |
| 17 | പാടശേഖര സമിതി, കിഴായൂർ |
| 18 | ആന്തൂർപള്ളിയാലിൽ |
| 19 | ഉമിക്കുന്ന് |
| 20 | കിഴായൂർ നമ്പ്രം |
| 21 | തോട്ടുങ്ങൽ കോളനി |
| 22 | നമ്പ്രം ഒന്നാംകട്ടി |
| 23 | കിഴായൂർ ലക്ഷം വീട് |
| 24 | ചക്കുപ്പടി |
| 25 | കുളവർകുന്ന് |
| 26 | നാണുമ്പതൊടി |
| 27 | പള്ളിപ്പാട് മിനി |
| 28 | കാമിനിപടി |
| 29 | വടക്കുമുറി |

| | |
|---|---|
| 30 | കുളപ്പുറം |
| 31 | മന്നത്തുംപുറം |

നഗരസഭയുടെ 2018-19 വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങൾ പ്രകാരം വെള്ളക്കരം ഇനത്തിൽ ആകെ 5563636/- രൂപ (തൻവർഷ കുടിശ്ശിക 2937493/- രൂപ, മുൻവർഷങ്ങളിലെ കുടിശ്ശിക 2626143/- രൂപ) നഗരസഭ പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി കാണുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട താഴെ പറയുന്ന രേഖകൾ നഗരസഭയിൽ നിലവിലില്ല.

1. കുടിവെള്ള പദ്ധതി തിരിച്ചുള്ള വെള്ളക്കരം ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ.

2. കുടിശ്ശിക വരുത്തിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ.

3. നിലവിലെ ഗുണഭോക്താകളുടെ വിവരങ്ങൾ.

4. കുടിവെള്ള കണക്ഷനുകൾക്ക് മീറ്ററിങ് ഏർപ്പെടുത്തിയതിന്റെ വിവരങ്ങൾ.

രേഖകളുടെ അഭാവത്തിൽ കുടിവെള്ള പദ്ധതിയിൽ നിന്നും കണക്ഷൻ എടുത്തിട്ടുള്ളതും, വെള്ളക്കരം ഒടുക്കാത്തതുമായ ഗുണഭോക്താക്കളുടെ വിവരങ്ങൾ, ലഭിക്കാനുള്ള വെള്ളക്കരത്തിന്റെ കുടിശ്ശിക, നിലവിൽ ഈടാക്കുന്ന വെള്ളക്കരം എന്നിവയുടെ കാര്യത്തിൽ വ്യക്തത ഇല്ല. വെള്ളക്കരവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 06/12.03.2020) മറുപടി പ്രകാരം മേൽ കുടിവെള്ള പദ്ധതികളിലായി നിലവിൽ ആകെ 4492 ഗുണഭോക്താക്കൾ (ഗാർഹികം - 4207, സ്പെഷൽ റസിഡൻസ് - 49, ഗാർഹികേതരം - 236) ഉണ്ടെന്നും പ്രതിമാസ വെള്ളക്കരമായി ഗാർഹികാവശ്യത്തിന് 100/- രൂപയും ഗാർഹികേതരാവശ്യത്തിന് 350/- രൂപയും സ്പെഷൽ റസിഡൻസ് ആവശ്യത്തിന് 250/- രൂപയും നിശ്ചയിച്ചിട്ടുള്ളതായും ആവശ്യമായ രേഖകൾ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ രേഖകൾ അടിയന്തിരമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതും കുടിശ്ശികയുള്ള ഗുണഭോക്താക്കളിൽ നിന്നും ആയത് ഈടാക്കുവാനുമുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ആയതിലേക്ക് കൗൺസിലിന്റെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 തനത് ഫണ്ട് അക്കൗണ്ട് - ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ല

26.05.2011 ലെ സർക്കുലർ നം. 58725/എഫ്.എം.3/2008/തസ്വഭവ പ്രകാരം തനത് വരുമാനം നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ലെന്നും ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ സൂക്ഷിക്കുന്ന തദ്ദേശസ്ഥാപനങ്ങൾ ഒറ്റ അക്കൗണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പട്ടാമ്പി നഗരസഭ, തനത് ഫണ്ട് സൂക്ഷിക്കുന്നതിനുവേണ്ടി 3 അക്കൗണ്ടുകളാണ് നിലനിർത്തിയിട്ടുള്ളത്. വിശദവിവരം വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അക്കൗണ്ട് നം., ബാങ്കിന്റെ പേര് | റിമാർക്ക്സ് |
|---|---|---|
| 1 | 570902010008555, യൂണിയൻ ബാങ്ക് | എ) 04.12.2018 വരെയുള്ള വരവിനത്തിലുള്ള തുകകൾ നിക്ഷേപിച്ചിരിക്കുന്നു.<br>ബി) 26.02.2020 ലെ നീക്കിയിരിപ്പ് 2187022/- രൂപ |
| 2 | 44622430000014, സിന്റിക്കേറ്റ് ബാങ്ക് | എ) 05.12.2018 മുതൽ 31.10.2019 വരെയുള്ള വരവിനത്തിലുള്ള തുകകൾ നിക്ഷേപിച്ചിരിക്കുന്നു.<br>ബി) 06.03.2020 ലെ നീക്കിയിരിപ്പ് 2173505/- രൂപ |
| 3 | 50100304900964, എച്ച്.ഡി.എഫ്.സി. ബാങ്ക് | എ) 01.11.2019 മുതലുള്ള വരവിനത്തിലുള്ള തുകകൾ നിക്ഷേപിച്ച വരുന്നു.<br>ബി) 09.03.2020 ലെ നീക്കിയിരിപ്പ് 10446984/- രൂപ |

സർവീസ് ചാർജ്ജ് ഈടാക്കാത്തതിനാലും തുക നഗരസഭയിൽ വന്ന് നേരിട്ട് ശേഖരിക്കുന്നതിനാലും 01.11.2019 മുതലുള്ള നഗരസഭയുടെ തനത് വരുമാനം എച്ച്.ഡി.എഫ്.സി. ബാങ്കിലാണ് നിക്ഷേപിക്കുന്നത്. സഹകരണബാങ്കിലോ ദേശസാൽകൃത ബാങ്കിലോ മാത്രമായി സൗകര്യപ്രദമായ ഒരു അക്കൗണ്ട് നിലനിർത്തി മറ്റു അക്കൗണ്ടുകൾ അവസാനിപ്പിക്കാത്തത് സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 2/10.03.2020 ന് ലഭ്യമാക്കിയ മറുപടിയിൽ ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 ബാങ്ക് അക്കൗണ്ട് - നിഷ്ക്രിയമായവ ക്ലോസ് ചെയ്യേണ്ടതാണ്

പട്ടാമ്പി നഗരസഭയിലെ ബാങ്ക് അക്കൗണ്ടുകളുടെ പരിശോധനയിൽ താഴെ പറയുന്ന നിഷ്ക്രിയമായ ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യാതെ നിലനിൽക്കുന്നതായി കാണുന്നു.

| ക്രമ നം. | അക്കൗണ്ട് | 2018-19 എ.എഫ്.എസ്. പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|
| 1 | SBI-SAND-30588142953 | 2172385 |
| 2 | SBI-SSA-67014911502 | 26163 |
| 3 | SBI-TSC-57061804623 | 48905 |
| 4 | SBI-E Payment-33409364541 | 139303 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 2/10.03.2020 ന് ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്. നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 സ്യൂട്ട് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല

നഗരസഭ കക്ഷിയായ കേസുകളുടെ നടത്തിപ്പിനായി 2018-19 സാമ്പത്തിക വർഷത്തിൽ വക്കീൽ ഫീസിനത്തിൽ താഴെപറയും വിധം തുകകൾ നൽകിയിട്ടുണ്ട്.

| ബിൽ നമ്പർ & തീയതി | നൽകിയ തുക | വിശദാംശം |
|---|---|---|
| 51800093 /2180014386/20-4-2018 | 45000 | 03/17,36/2018,29/2018, 37/2018, 40/2018,30/2018, 28/2018, 35/2018 എന്നീ കേസുകൾക്ക് അഡ്വ. ശിവകുമാറിന് നൽകിയത്. |
| 51800092 /21800144 87/20-4-2018 | 20000 | OS 12/2018,OS 38/2018, 39/2018,13/2018, നം. കേസുകൾക്ക് അഡ്വ. ശിവകുമാറിന് നൽകിയത്. |
| 518000/ 21800151 87/20-4-2018 | 45000 | അഡ്വ. ഹാരുൺ റഷീദിന് WP(C)1234/18,36834/17, 37414/17 നം. കേസുകൾക്ക് നൽകിയത്. |

ഒരോ കേസിനും നൽകിയ തുകകളുടെ വിവരം, കേസ് നടത്തുന്ന വക്കീലിന്റെ പേര്, കേസുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ എന്നിവ സ്യൂട്ട് രജിസ്റ്ററിൽ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. കേസുകളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങളൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഇക്കാര്യം 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ അപാകത പരിഹരിച്ച് സ്യൂട്ട് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. രജിസ്റ്റർ അപൂർണ്ണമായതിനാൽ കേസുകളുടെ നിലവിലെ അവസ്ഥയെന്താണെന്നും തുക നൽകിയിട്ടുള്ളത് നിയമാനുസൃത നിരക്കിലാണോ എന്നും പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണമാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ. 8/19.03.19) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ വിശദാംശങ്ങളെല്ലാം ചേർത്ത് രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കുന്നതിനു വിധേയമായി ഈയിനത്തിൽ ചെലവഴിച്ച 110000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അഡ്വക്കേറ്റ് ഫീസ് അനുവദിക്കുമ്പോൾ സ.ഉ. (എം.എസ്.) നം.36/16/ ത.സ്വ.ഭ.വ. തീയ്യതി 18.02.2016 പ്രകാരം തുകയനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 അക്കൗണ്ടിംഗ് അസിസ്റ്റന്റിന്റെ നിയമനം അംഗീകരിക്കാവുന്നതല്ല

പട്ടാമ്പി നഗരസഭ 19.02.2018-ലെ 7(1) നമ്പർ കൗൺസിൽ തീരുമാന പ്രകാരം നഗരസഭയുടെ അക്കൗണ്ടന്റിനെ സഹായിക്കുന്നതിനായി ഒരു അക്കൗണ്ടിംഗ് അസിസ്റ്റന്റിനെ നിയമിച്ചിട്ടുണ്ട്. ഈ തസ്തികയിൽ നിയമിതരായ വ്യക്തികളുടെ പേര്, അവർ 2018-19സാമ്പത്തിക വർഷത്തിൽ കൈപ്പറ്റിയ തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വ്യക്തിയുടെ പേര് | ജോലി ചെയ്ത മാസം | പ്രവൃത്തി ചെയ്ത ദിനങ്ങൾ | ആകെ കൈപ്പറ്റിയ തുക ( EPF തുക കുറവ് ചെയ്തതിനു ശേഷമുള്ള തുക) | വൗച്ചർ നം, തീയ്യതി | ചെക്ക് നം, തീയ്യതി |
|---|---|---|---|---|---|---|
| | ശ്രീമതി ഗീത | 04/18 | 10 | 6248.00 | 18./6/18 Dated, 5.6.18 | 105810/ 5.6.18 |
| | | 05/18 | 4 | 2499.00 | | |
| | | 06/18 | 17 | 10622.00 | 84/7/18 | 106912/ 25.7.18 |
| | | 07/18 | 21 | 13425.00 (പ്രതി ദിനം 725 രൂപ പ്രകാരം) | 36/8/19 | 10873/ 3.8.18 |
| | | 08/18 | 17 | 10396.00 | 22.09.18 | 108778/ 11.9.18 |
| | | 09/18 | 17 | 10846.00 | 81/10/18 | 110915/ 10.10.18 |
| | | 10/18 | 20 | 12760.00 | 97/11/18 | 02111000/ 23.11.18 |
| | | EPF തുക തിരികെ നൽകുന്നത് | - | 17862.00 | 42/05/19 | 925044/ 9.5.19 |
| 2 | ശ്രീ.ആബ്ദുൾ മനാഫ്, ER ഏരൂത്ത് വീട്ട്, പാതിരിക്കോട്. P.O, മാലാറ്റൂർ | 02/19 | 07 | 8750.00 | 81/19 Dated 22.03.19 | 750513 Dated 22.3.19 |
| | | 03/19 | 02 | 2500.00 | 92/19 Dated 30.0419 | 925032 Dated 30.04.19 |

മേൽപറഞ്ഞ രണ്ട് വ്യക്തികളിൽ ശ്രീമതി.ഗീത എന്നവരെ നഗരസഭാ കൗൺസിലിന്റെ 12.10.2017- ലെ 16-ാം നമ്പർ തീരുമാന പ്രകാരം 01.10.17 മുതൽ 30.11.17 വരെയുള്ള കാലയളവിലേക്കാണ് നിയമിച്ചിരുന്നത്. നഗരസഭയുടെ ദൈനംദിന കണക്കുകൾ ശരിയാക്കുന്നതിനും 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രിക തയ്യാറക്കുന്നതിനും വേണ്ടി അക്കൗണ്ടന്റിനെ സഹായിക്കുന്നതിനു വേണ്ടി നൽകിയ താൽക്കാലിക നിയമനമായിരുന്നു അത്. എന്നാൽ പിന്നീട് അത് 31.10.2018 വരെ ദീർഘിപ്പിച്ചു നൽകി. 31.10.2018 ന് ടിയാളുടെ സേവനം അവസാനിപ്പിച്ച നഗരസഭ ടിയാൾക്കു പകരം ശ്രീ.അബദുൾ മനാഫ് എന്നയാളെ പ്രതിദിനം 1250 രൂപ വേതന നിരക്കിൽ ടി തസ്തികയിൽ നിയമിച്ചു. (നഗരസഭ കൗൺസിൽ തീരുമാനം നമ്പർ 26/ തീയ്യതി 28.01.19). പിന്നീട് 2020 മാർച്ച് വരെ ടിയാന്റെ നിയമന കാലാവധി ദീർഘിപ്പിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ആകെ കാലയവളവിലെ 2018-19, 2019-2020 സാമ്പത്തിക വർഷങ്ങളിൽ അക്കൗണ്ടന്റ് തസ്തികയിൽ സ്ഥിരം ജീവനക്കാരിയുണ്ടായിരിക്കുകയും, തദ്ദേശ സ്വയംഭരണ (ബി) വകുപ്പിന്റെ 01.12.2010 -ലെ നമ്പർ 68951/IB2/2010LSGD ഉത്തരവു പ്രകാരം ICWAI യിൽ നിന്നുള്ള രണ്ട് സ്റ്റുഡന്റ്സ് ട്രൈനികൾ അക്കൗണ്ടിംഗ് അസിസ്റ്റന്റ് തസ്തികയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുകയും ചെയ്തിരുന്ന കാലഘട്ടത്തിലാണ് ബന്ധപ്പെട്ട വകുപ്പിൽ നിന്നോ സർക്കാറിൽ നിന്നോ മുൻകൂർ അനുമതി വാങ്ങാതെ അക്കൗണ്ടന്റ് തസ്തികയിൽ ഇത്തരത്തിൽ ദിവസവേതനത്തിൽ നിയമനം നൽകിയിട്ടുള്ളത്.

ഇത് സംബന്ധിച്ച് 19.03.2020 ന് നൽകിയ 21-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് സമർപ്പിക്കപ്പെട്ട മറുപടിയിൽ, നഗരസഭയിൽ അക്കൗണ്ടന്റ് തസ്തിക അനുവദിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ക്ലറിക്കൽ തസ്തികയിലുള്ള ഒരാളാണ് ടി തസ്തിക കൈകാര്യം ചെയ്യുന്നതെന്നും ഈ തസ്തികയിൽ ജോലിചെയ്യുന്നവർക്ക് അക്കൗണ്ടിംഗ് സംബന്ധമായ പരിശീലനം ലഭിച്ചിട്ടില്ലെന്നും, വാർഷിക ധനകാര്യ പത്രിക, ബഡ്ജറ്റ് എന്നിവ സമയ ബന്ധിതമായി തയ്യാറാക്കുന്നതിനും സമർപ്പിക്കുന്നതിനും പരിശീലനം നേടിയ വ്യക്തിയുടെ സേവനം അത്യാവശ്യമായി വരികയും ചെയ്ത സാഹചര്യത്തിലാണ് മേൽ പറഞ്ഞ നിയമനം നടത്തിയതെന്ന് അറിയിച്ചിട്ടുണ്ട്.

നഗരസഭ അതിന്റെ ജോലി ഭാരം സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്തുകയോ ആവശ്യമായ മനുഷ്യ വിഭവ ശേഷി സംബന്ധിച്ച കണക്കുകൾ തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

ജി.ഒ. (പി ) നമ്പർ 81/2019/ ധന. തീയ്യതി 09/07/19 ൽ ദിവസ വേതനത്തിന് വ്യക്തികളെ നിയമിക്കുന്നതിനുള്ള

മാനദണ്ഡങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടി മാനദണ്ഡങ്ങൾ പാലിക്കാതെ, ഭരണ വകുപ്പിൽ നിന്നോ, സർക്കാറിൽ നിന്നോ പ്രത്യേക അനുമതി വാങ്ങാതെ, കൗൺസിൽ തീരുമാനത്തിന്റെ മാത്രം അടിസ്ഥാനത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുകയും സേവനം ദീർഘിപ്പിച്ചു കൊടുക്കുകയുമാണ് ചെയ്തു വരുന്നത്. 2018-19 വർഷത്തിൽ രണ്ട് പരിശീലനാർത്ഥികളും ഒരു സഹായിയും ഉൾപ്പെടെ 4 പേരാണ് അക്കൗണ്ടിംഗ് വിഭാഗം കൈകാര്യം ചെയ്തു കൊണ്ടിരുന്നത്.
അക്കൗണ്ടിംഗ് അസിസ്റ്റന്റായി നിയമിതനായ ശ്രീ അബ്ദുൾ മനാഫിന് അനുവദിക്കാവുന്ന തുക 21.7.2018 ലെ ജി.ഒ. (പി)നം. 112/2018/ധന പ്രകാരം പ്രതിദിനം 750 രൂപയാണ്(കമ്പ്യൂട്ടർ അസിസ്റ്റന്റ്, സി.എ). എന്നാൽ ഭരണ സമിതിയുടെ തീരുമാനപ്രകാരം 1250 രൂപയാണ് 2/2019 മുതൽ നൽകിയിട്ടുള്ളത്. ഇത് അംഗീകരിക്കാവുന്നതല്ല. 2019-20 കാലയളവിലും ഇപ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

ആയതിനാൽ ക്ഷമതയുള്ള അധികാര സ്ഥാനത്തിൽ നിന്നുള്ള അനുമതിയില്ലാതെ ദിനവേതനക്കാരെ നിയമിച്ച നടപടി അംഗീകരിക്കുന്നില്ല. **മേൽ പറഞ്ഞ പട്ടികയിൽ 2018-19 വർഷത്തിൽ ഈയിനത്തിൽ ചെലവഴിച്ച 95908 രൂപ, സർക്കാർ സാധൂകരണത്തിനു വിധേയമായി തടസ്സപ്പെടുത്തുന്നു**. (84658 രൂപ- ശ്രീമതി. A.P. ഗീത, 11250 രൂപ- ശ്രീ. അബ്ദുൾ മനാഫ് ).

## 1-22 സെക്രട്ടറി പരിപാലിക്കേണ്ട വിവിധ രജിസ്റ്ററുകളും രേഖകളും ഹാജരാക്കിയില്ല.

2018-19സാമ്പത്തിക വർഷത്തിൽ നഗരസഭയിൽ പരിപാലിക്കേണ്ട താഴെ പറയുന്ന രജിസ്റ്ററുകളും രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

(1) 2018-19 സാമ്പത്തിക വർഷത്തിലെ തെരുവു വിളക്കുകളുടെ എണ്ണം, ഇനം, വൈദ്യുതിചാർജിനത്തിൽ ഒടുക്കിയ തുക എന്നീ വിശദാംശങ്ങൾ ഉൾപ്പെടുന്ന തെരുവു വിളക്കു രജിസ്റ്റർ.
തെരുവുവിളക്കുകളുടെ എണ്ണം , ഇനം എന്നിവ സംബന്ധിച്ച യാതൊരു കണക്കുകളും മുനിസിപ്പാലിറ്റി സൂക്ഷിക്കുന്നില്ല. ആയതിനാൽ വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് നഗരസഭ ചെലവഴിക്കുന്ന തുകയുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. വിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ചും, അവ വിനിയോഗിക്കുന്ന ഊർജം സംബന്ധിച്ചും കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടോ എന്നും വ്യക്തമല്ല. ആയതിനാൽ മേൽ പറഞ്ഞ ന്യൂനതകൾ പരിഹരിക്കുകയും വൈദ്യൂതി ബോർഡുമായിചേർന്ന് പ്രവർത്തന ക്ഷമമായ വിളക്കുകളുടെ എണ്ണം സംബന്ധിച്ച് കണക്കെടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മാത്രം ചാർജ് ഒടുക്കുന്നു എന്നുറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്. മാത്രമല്ല, ഇതു സംബന്ധിച്ച രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കുകയും ചെയ്യേണ്ടതാണ്.
(2) ഔദ്യോഗിക വാഹനങ്ങളുടെ പരിപാലനം സംബന്ധിച്ച രജിസ്റ്ററുകൾ.
കേരള മുനിസിപ്പാലിറ്റി ( മോട്ടോർവാഹനങ്ങളുടെ ഉപയോഗവും പരിപാലനവും-ചട്ടങ്ങൾ -2000, എന്നിവയിൽ മുനിസിപ്പാലിറ്റികളുടെ വാഹനങ്ങളുടെ ഉപയോഗം, പരിപാലനം,എന്നിവ സംബന്ധിച്ച് പ്രതിപാദിച്ചിട്ടുണ്ട്. ജി.ഒ(എം.എസ്)നം.170/07തസ്വഭവ തിയതി 30.6.2007 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ നിയന്ത്രണം സംബന്ധിച്ച മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസർ നിർബന്ധമായും സൂക്ഷിക്കേണ്ട രജിസ്റ്ററുകളെക്കുറിച്ചും റെക്കോർഡുകളെക്കുറിച്ചും മാർഗ്ഗരേഖയിൽ വിശദീകരിച്ചിട്ടുണ്ട്. സർക്കാർ വാഹനങ്ങളുടെ ഉപയോഗം കാര്യക്ഷമമാക്കുന്നതിനായി 12.8.2008 ന് 41/2008-ാം നമ്പറായി ധനവകുപ്പ് വിശദമായ സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്.

പട്ടാമ്പി നഗരസഭയുടെ അധീനതയിലുള്ള വാഹനങ്ങളുടെ ഉപയോഗത്തിലെ കാര്യക്ഷമത വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.
**വാഹന നം. KL-9 L-1377 2002 Model Mahindra Marshal**

**വാഹന നം. KL-52H 3000 0 INNOVA**

**വാഹന നം. KL-52M Mahindra Bolero A/C**

**എ. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്**

ഓരോ മാസാവസാനവും കിലോമീറ്റർ, ഇന്ധന അളവ് എന്നിവയുടെ സംക്ഷിപ്തം ലോഗ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

**ജീപ്പ്:** ജീപ്പിന്റെ ലോഗ്ബുക്ക് കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്.

**വെഹിക്കിൾ ഹിസ്റ്ററി ബുക്ക്**

സ.ഉ(പി)നം.161/2006/ഫിൻ തിയതി 31-3-2006 പ്രകാരം സൂക്ഷിക്കേണ്ട വെഹിക്കിൾ ഹിസ്റ്ററി ബുക്ക്, ഇൻഷുറൻസ് പോളിസിയുടെ വിവരം മുതലായവ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

## ബി. ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ്

ഓരോ ആറു മാസം കൂടുമ്പോഴും ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തണമെന്ന നിർദ്ദേശം പാലിക്കപ്പെട്ടില്ല. ജീപ്പിന്റെ മാത്രമാണ് ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തുന്നതെങ്കിലും ആറുമാസത്തിലൊരിക്കൽ നടത്തണമെന്ന നിബന്ധന പാലിച്ചിട്ടില്ല. ( 2018-19 സാമ്പത്തിക വർഷത്തിൽ 3 വാഹനങ്ങൾക്കും ഫ്യുവൽ കൺസംപ്ഷൻടെസ്റ്റ് നടത്തിയിട്ടില്ല.)

## സി. ഇന്ധനം നിറയ്ക്കൽ

കസ്റ്റോഡിയൻ ഓഫീസറുടേയോ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റേയോ സാന്നിദ്ധ്യത്തിൽ ഫുൾ ടാങ്ക് ഇന്ധനം നിറയ്ക്കേണ്ടതാണെന്ന നിബന്ധനയും പാലിക്കുന്നില്ല.
അപാകതകൾ പരിഹരിച്ച് മേൽ പറഞ്ഞ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ 19.03.2020 -ലെ 21-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി സമർപ്പിക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല.

# 1-23 കാർഷിക മേഖലയിലെ പദ്ധതി രൂപീകരണവും നിർവ്വഹണവും കാര്യക്ഷമമാക്കേണ്ടതാണ്

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി കാർഷിക മേഖലയിൽ തൻ വർഷം നാല് പ്രോജക്ടുകളാണ് രൂപീകരിച്ചത്. ഇതിൽ നാല് എണ്ണവും നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി രൂപീകരണ നിർവ്വഹണം പരിശോധിച്ചതിൽ മേഖലയെ സംബന്ധിച്ച പതിമൂന്നാം പദ്ധതിക്കായി തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടാണ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത്. 2018-19 പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് മേഖലയെ സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ടിലെ വിവരങ്ങൾ കാലികമാക്കി ആയതിന്റെ അടിസ്ഥാനത്തിലല്ല വാർഷിക പദ്ധതി രൂപീകരണം നടത്തിയിരിക്കുന്നത്. പതിമൂന്നാം പദ്ധതിക്കായി തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിൽ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങളെ കുറിച്ച് പ്രതിപാദിക്കുന്നില്ല. കാർഷിക മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുടെ പരിഹാരമെന്ന നിലയ്ക്ക് നടപ്പിലാക്കിയ പദ്ധതികളെന്തൊക്കെയാണെന്നോ അവ എത്രമാത്രം പ്രാവർത്തികമാക്കാൻ കഴിഞ്ഞു എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കാത്തതിനാൽ തൻവർഷം നടപ്പിലാക്കിയ പദ്ധതികൾ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പര്യാപ്തമായോ എന്ന് ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.

കൃഷി വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം പരിശോധിച്ചതിൽ 2018-19 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രൊജക്ടുകൾ നടപ്പാക്കാൻ നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്.

"പച്ചക്കറി കൃഷിക്ക് ഉഴവുകൂലി, തെങ്ങിന് ജൈവവളം, ജലസേചന കിണറുകളുടേയും തോടുകളുടേയും നവീകരണം, തരിശുനിലത്ത് നെൽകൃഷി പ്രോൽസാഹിപ്പിക്കുക."

2018-19 വർഷത്തിൽ കൃഷി ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകളുടെ സംക്ഷിപ്തം താഴെപ്പറയുന്നു.

| ക്ര നം. | പ്രോജ: നമ്പർ | പ്രോജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1. | 8/19 | സമൃദ്ധി-നെൽകൃഷിക്ക് ഉഴവുകൂലി | 1725000 (പദ്ധതി വിഹിതം-500000<br>ധനകാര്യ കമ്മീഷൻ അവാർഡ്-120000<br>മറ്റുള്ളവ-25000) | 1699970 (പദ്ധതി വിഹിതം -499970<br>ധനകാര്യ കമ്മീഷൻ അവാർഡ്-120000<br>മറ്റുള്ളവ-0) |
| 2. | 9/19 | ഒന്നാം വിള-നെൽകൃഷിക്ക് ഉഴവുകൂലി | 278550 (പദ്ധതി വിഹിതം-257300<br>മറ്റുള്ളവ-21250) | 226303 (പദ്ധതി വിഹിതം) |
| 3. | 10/19 | നെൽകൃഷിക്ക് വിത്ത് വിതരണം | 579375 (പദ്ധതി വിഹിതം-510000<br>മറ്റുള്ളവ-69375) | 507920 (പദ്ധതി വിഹിതം) |
| 4 | 218/19 (so) | സമൃദ്ധി-നെൽകൃഷിക്ക് ഉഴവുകൂലി | 827115 (ധനകാര്യ കമ്മീഷൻ അവാർഡ്-723015<br>തനത് ഫണ്ട്-791000<br>മറ്റുള്ളവ-25000) | 471969 (ധനകാര്യ കമ്മീഷൻ അവാർഡ്) |

നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച മിഷനുകളിൽ ഒന്നായ ഹരിത കേരളം മിഷന്റെ ഉപദൗത്യമാണ് കൃഷിയും ജലസംരക്ഷണവും. ഇത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേഖലാ ചുമതലകളിൽ വരുന്നുണ്ട്. ആയതിനാൽ ഹരിത കേരളം മിഷനിലൂടെ സർക്കാർ പ്രഖ്യാപിച്ച ലക്ഷ്യം

കൈവരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു മുഖ്യപങ്ക് വഹിക്കേണ്ടതുണ്ട്. ഇക്കാര്യങ്ങൾ 29.1.2018 തീയ്യതി പുറപ്പെടുവിച്ച സ.ഉ.(കൈ)11/2018/ത.സ്വ.ഭ.വ. ഖണ്ഡിക നമ്പർ 7.1 പ്രകാരം വ്യക്തമാക്കിയിട്ടുള്ളതാണ്.

സുരക്ഷിത ഭക്ഷ്യോല്പാദനം, കർഷകർക്ക് മാന്യമായ വരുമാനം ഉറപ്പാക്കൽ, വൻതോതിൽ തൊഴിൽ ലഭ്യമാക്കൽ, സാമ്പത്തിക വളർച്ചക്ക് ഗണ്യമായ സംഭാവന നല്കൽ എന്നിവ കാർഷിക മേഖലയിൽ ഹരിതകേരളം മിഷൻ ലക്ഷ്യമിടുന്നു. ബൃഹത്തായ ഈ മുന്നേറ്റങ്ങൾ കൈവരിക്കുന്നതിന് വേണ്ടി താഴെപ്പറയുന്ന ഉപോത്ബലക പ്രവർത്തനങ്ങളും ഹരിത കേരള മിഷൻ വിഭാവനം ചെയ്തിട്ടുണ്ട്.

* കൃഷി, മൃഗസംരക്ഷണം, മത്സ്യകൃഷി എന്നിങ്ങനെയുള്ള കൃഷികൾ ഉൾപ്പെടുന്ന സംയോജിത കൃഷി സമ്പ്രദായങ്ങൾ അവലംബിച്ച് കൃഷി ഭൂമിയിൽ നിന്ന് പരമാവധി വരുമാനം കർഷകർക്ക് ലഭിക്കുന്ന പ്രൊജക്ടുകൾക്ക് പ്രാധാന്യം കൊടുക്കേണ്ടതാണ്.

* ഭക്ഷ്യവിളകളുടെ വിളവിസ്തൃതിയും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുവാൻ അനുയോജ്യമായ പ്രൊജക്ടുകൾക്ക് പ്രാധാന്യം നൽകേണ്ടതാണ്.

* തരിശ് കിടക്കുന്ന സ്ഥലങ്ങൾ കൃഷിക്ക് വേണ്ടി ഉപയോഗപ്പെടുത്തുക .

ഇക്കാര്യത്തിന് സ്വയംസഹായ സംഘങ്ങളുടെ പ്രവർത്തനം പ്രയോജനപ്പെടുത്തുക.

* പൊതുസ്ഥലങ്ങളിൽ വ്യാപകമായി കൃഷി ചെയ്ത് ഉല്പാദനം വർദ്ധിപ്പിക്കുക . സ്ഥാപനങ്ങളിലെ പച്ചക്കറികൃഷി ,ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക .

*കാർഷിക പദ്ധതികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പാക്കുന്നതിനുള്ള സാദ്ധ്യത പരമാവധി ഉപയോഗപ്പെടുത്തണം.

2018-19 വാർഷിക പദ്ധതി പ്രയോജനപ്പെടുത്തി ഹരിതമിഷന്റെ മേല്പറഞ്ഞ വിശാലമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നത് പരിപോഷിപ്പിക്കുന്നതിനായി കാർഷിക പ്രോജക്ടുകൾ നഗരസഭയിൽ തയ്യാറാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/11.3.2020) മേൽ അപാകതകൾ പരിഹരിക്കാമെന്ന് മറുപടി സമർപ്പിച്ചിട്ടുണ്ട്.

അപാകതകൾ ആവർത്തിക്കാതിരിക്കാൻ താഴെ പറയുന്ന നടപടികൾ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

1.വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി ആസൂത്രണ-നിർവ്വഹണ-വിലയിരുത്തൽ ഘട്ടങ്ങളിൽ ഇടപെടുന്നുണ്ടെന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.

3.നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി പദ്ധതി വകുപ്പുതലത്തിലും നടപ്പിലാക്കുന്നുണ്ട്. ആയതിനാൽ ഒരേ ഗുണഭോക്താക്കൾ രണ്ടു പദ്ധതിയിലും ഉൾപ്പെട്ടിട്ടില്ലെന്ന് ഉറപ്പായതിന് ശേഷം മാത്രം ആനുകൂല്യം നൽകേണ്ടതാണ്.
തുടർനടപടികളുടെ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-24 മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് ഉപകരണവിതരണം-അപാകതകൾ

പ്രൊജക്ട് -മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് ഉപകരണ വിതരണം

പ്രൊജക്ട് നമ്പർ-223/19

അടങ്കൽ -500000

ചെലവ് -231920

ബിൽ നമ്പർ-2/28.7.18

നിർവ്വഹണ ഉദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ പട്ടാമ്പി

മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് ഉപകരണവിതരണം എന്ന പ്രൊജക്ട് പ്രകാരം 15 പേർക്ക് കേരള സംസ്ഥാന വികലാംഗ കോർപ്പറേഷനിൽ നിന്ന് ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ആയതിൽ താഴെ പറയുന്ന 2 പേർക്ക് 40% വൈകല്യമുണ്ടെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

| ഗുണഭോക്താവിന്‍റെ പേര് | നൽകിയ ഉപകരണം |
|---|---|
| അബ്ദുൾഖാദർ, കാട്ടിശ്ശേരി ലിബർട്ടി സ്ട്രീറ്റ്, പട്ടാമ്പി | കേൾവി സഹായി -2 |
| രമാദേവി വി.എൻ വീരമണി കോളനി, പട്ടാമ്പി | കേൾവി സഹായി-1 |

ആവശ്യമായ എല്ലാ രേഖകളും ഫയിൽ സൂക്ഷിക്കേണ്ടതാണ്.
സബ്സിഡി മാർഗരേഖ G.O(MS)22/18/lsgd/14.2.18ഖണ്ഡിക 7.1.3 പ്രകാരം പാലിക്കേണ്ട താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

* സ്പെഷലിസ്റ്റ് മെഡിക്കൽ ഓഫീസർ, ഓർത്തോട്ടിക് എഞ്ചിനീയർ, പ്രോസ്തെറ്റിക് എഞ്ചിനീയർ, ഓഡിയോളജിസ്റ്റ്, ഓപ്ഡ്രോമെട്രിസ്റ്റ് എന്നിവരടങ്ങുന്ന സംഘമാണ് പരിശോധന നടത്തേണ്ടത്.

*ഓരോ വ്യക്തിക്കും പ്രത്യേക സ്പെസിഫിക്കേഷനുള്ള ഉപകരണങ്ങൾ വേണം എന്നുള്ളതിനാൽ പ്രൊജക്ട് തയ്യാറാക്കുന്നതിന് മുമ്പ് ആവശ്യകത നിർണ്ണയ ക്യാമ്പ് നടത്തേണ്ടതും വിദഗ്ധ ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതുമാണ്.

*ഉപകരണങ്ങൾ ഉള്ളവർക്കു തന്നെ അതേ ഉപകരണം വീണ്ടും നൽകാതിരിക്കാൻ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കൽ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (18/18.3.2020) നൽകിയതിന് ENT സർജ്ജൻ നിർദ്ദേശിച്ചതനുസരിച്ചാണ് ഉപകരണങ്ങൾ നൽകിയതെന്ന മറുപടിയാണ് സമർപ്പിച്ചത്.

<u>ഓഡിറ്റ് നിർദ്ദേശം</u>

1) ഓരോ വ്യക്തിക്കും പ്രത്യേക സ്പെസിഫിക്കേഷനുള്ള ഉപകരണങ്ങൾ വേണം എന്നുള്ളതിനാൽ പ്രൊജക്ട് തയ്യാറാക്കുന്നതിന് മുമ്പ് ആവശ്യകത നിർണ്ണയ ക്യാമ്പ് നടത്തേണ്ടതും വിദഗ്ധ ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതുമാണ്. ഉപകരണങ്ങൾ ഉള്ളവർക്കു തന്നെ അതേ ഉപകരണം വീണ്ടും നൽകാതിരിക്കാൻ സ്ഥിതിവിവരകണക്കുകൾ ശേഖരിക്കൽ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
2) എല്ലാ രേഖകളും കൃത്യമാക്കി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
അപാകതകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-25 സമഗ്ര പാലിയേറ്റീവ് പരിചരണ പദ്ധതി പ്രവർത്തനങ്ങൾ - അപാകതകൾ

<u>1) സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ- മാർഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല</u>

സാമൂഹികമായും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികളെ കണ്ടെത്തി അവർക്ക് മരുന്ന് ഉൾപ്പെടെ ആവശ്യമുള്ള പ്രാഥമിക ആരോഗ്യ പരിപാലന സംവിധാനം സജ്ജമാക്കുക, കിടപ്പിലായ രോഗികൾക്ക് ഉചിതമായ ചികിത്സാ സേവനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുക എന്നീ ലക്ഷ്യങ്ങളോടെയാണ് സാന്ത്വന പരിചരണ പദ്ധതി ആരംഭിച്ചിട്ടുള്ളത്. ഗുരുതരമായ രോഗം ബാധിച്ചവർക്ക് ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുവാനായി സ.ഉ(സാധാ)നം.3217/2015/തസ്വഭവ തിയതി 29-10-2015 പ്രകാരം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് 07-03-2019 ലെ സ.ഉ(സാധാ)നം.553/2019/തസ്വഭവ പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2018-19 ൽ നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്റ്റ് നമ്പരും പേരും | അടങ്കൽ (₹) | ചെലവ് | ചെലവ് (₹) |
|---|---|---|---|
| 6/18-19, സമഗ്ര പാലിയേറ്റീവ് പരിചരണ പദ്ധതി-പ്രൈമറി | 600000 (525000-പ്ലാൻ ഫണ്ട് -ജനറൽ<br>75000-തനത് ഫണ്ട്)) | 496466 (പ്ലാൻ ഫണ്ട്-IKM ചെലവ് പത്രിക പ്രകാരം)<br>യഥാർത്ഥ ചെലവ് -496466 (പ്ലാൻ | ബിൽനം.4/12.8.18-143942<br>6/15.11.18-59732<br>9/11.2.19-94950<br>13/14.3.19-197842<br>ആകെ-496466 |

| | | | |
|---|---|---|---|
| | | ഫണ്ട് -ജനറൽ) | |
| 7/18-19, സമഗ്ര പാലിയേറ്റീവ് പരിചരണ പദ്ധതി- സെക്കന്ററി | ധനകാര്യ കമ്മീഷന്റ അവാർഡ്-350000 | 261885 (ധനകാര്യ കമ്മീഷന്റ അവാർഡ്- IKM ചെലവ് പത്രിക പ്രകാരം) യഥാർത്ഥ ചെലവ് -305340 (ധനകാര്യ കമ്മീഷന്റ അവാർഡ്) | 1/27.6.18-36270<br>3/28.7.18-16470<br>7/21.12.18-18245<br>8/21.12.18-151400<br>10/14.2.19-21600<br>11/14.3.19-10400<br>12/14.3.19-7500<br>14/29.3.19-43455<br>ആകെ-305340 |

രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

- പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗരേഖ (സ.ഉ.(സാധാ)3217/2015/തസ്വഭവ,തീയതി.29.10.2015) പ്രകാരം ഈ ഉത്തരവിലെ അനുബന്ധം. 9 ൽ കൊടുത്ത മാതൃകയിലുള്ള ഓരോ മാസത്തെ പ്രവർത്തന അവലോകന റിപ്പോർട്ടും, വരവ്-ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി (മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി പട്ടാമ്പി) യോഗത്തിൽ അവതരിപ്പിക്കേണ്ടതും അത് യോഗം വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിൽ വരവ്-ചെലവുകൾ പി.എം.സി യോഗത്തിൽ അവതരിപ്പിച്ചിട്ടില്ല.

- പി.എം.സി യോഗം രണ്ട് മാസത്തിലൊരിക്കലോ, ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിന് തീരുമാനങ്ങൾ എടുക്കേണ്ടതുമാണ് എന്ന് മേൽ ഉത്തരവിൽ പറയുന്നുണ്ട്. എന്നാൽ പ്രൈമറി കമ്മറ്റിയും സെക്കന്ററി കമ്മറ്റിയും 21.12.2018 തീയ്യതി മാത്രമാണ് യോഗം ചേർന്നത്. രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന നിബന്ധന പാലിക്കപ്പെടുന്നില്ല.

- പാലിയേറ്റീവ് കെയർ പ്രോജക്റ്റിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും വേണ്ടി പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (PMC) ഓരോ സാമ്പത്തിക വർഷാരംഭത്തിനുമുമ്പും രൂപീകരിക്കേണ്ടതാണ് എന്ന് മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും അപ്രകാരം 2018-19 സാമ്പത്തിക വർഷം പുതിയ കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

**2) പാലിയേറ്റീവ് കെയർ വാഹന വാടക- വിശദാംശങ്ങൾ ഹാജരാക്കിയില്ല**

പാലിയേറ്റീവ് കെയറിന് സ്വന്തമായി വാഹനം ഇല്ലാത്തതിനാൽ വാഹനം ക്വട്ടേഷൻ ക്ഷണിച്ച് വാടകയ്ക്ക് എടുക്കുകയാണ് ചെയ്യുന്നത്. 4/18 മുതൽ 12/18 വരെ വാഹനം വാടകയ്ക്ക് എടുത്തതിന്റെ ക്വട്ടേഷൻ ഫയൽ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (18/18.3.2020) നൽകിയെങ്കിലും രേഖകൾ ലഭ്യമായില്ല. ഇക്കാലയളവിൽ വാഹനം വാടകക്ക് ഓടിയതിന് നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ബിൽ നമ്പർ | ഡ്രൈവർക്ക് നൽകിയ തുക |
|---|---|---|
| പ്രൈമറി പാലിയേറ്റീവ് കെയർ | 4/12.8.18 | 24800 |
| | 9/11.2.19 | 53600 |
| സെക്കണ്ടറി പാലിയേറ്റീവ് കെയർ | 1/27.6.18 | 14300 |
| | 3/28.7.18 | 7700 |
| | 7/21.12.18 | 9900 |
| | 8/21.12.18 | 26400 |
| | 10/14.2.19 | 17600 |
| | 11/14.3.19 | 4400 |
| ആകെ | | 158700 |

വൗച്ചറുകളിൽ ഓടിയ ദൂരം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ നൽകിയ തുകയുടെ കൃത്യത വിലയിരുത്താൻ സാധിച്ചിട്ടില്ല . വാഹന വാടക സംബന്ധിച്ച ക്വട്ടേഷനും വാഹനം ഓടിയതിന്റെ വിശദാംശങ്ങളും ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 158700 രൂപ തടസ്സപ്പെടുത്തുന്നു.

**3) പാലിയേറ്റീവ് ചെലവ് വൗച്ചറുകളും രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല**

താഴെ പറയുന്ന ദിവസങ്ങളിൽ വാഹനത്തിനും ഭക്ഷണത്തിനുമായി തുക ചെലവഴിച്ചതായി വൗച്ചറുകളിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രൈമറി വിഭാഗത്തിന്റെ ഗൃഹസന്ദർശന രജിസ്റ്റർ, അറ്റൻഡൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പ്രസ്തുത ദിവസങ്ങളിൽ പരിശോധനയ്ക്ക് പോയതായി രേഖപ്പെടുത്തിയിട്ടില്ല.

| തീയ്യതി | ഭക്ഷണച്ചെലവ് | വാഹനവാടക |
|---|---|---|
| 26.4.18 | 120 | 800 |
| 3.5.18 | 120 | 800 |
| 8.5.18 | 180 | 800 |
| 12.5.18 | 240 | 800 |
| 15.5.18 | 240 | 800 |
| 23.5.18 | 180 | 800 |
| 28.5.18 | 240 | 800 |
| 31.5.18 | 120 | 800 |
| 16.6.18 | 240 | 800 |
| 25.6.18 | 240 | 800 |
| 5.7.18 | 250 | 800 |
| 6.7.18 | 250 | 800 |
| 27.7.18 | 250 | 800 |
| 28.7.18 | 250 | 800 |
| 30.7.18 | 250 | 800 |
| 20.8.18 | 250 | 800 |
| 22.9.18 | 250 | 800 |
| 11.12.18 | 250 | 800 |
| 18.12.18 | 250 | 800 |

രജിസ്റ്ററിൽ രേഖപ്പെടുത്താത്ത ദിവസങ്ങളിൽ വൗച്ചറുകളിൽ ചെലവ് രേഖപ്പെടുത്തിയതിന് ഓഡിറ്റ് അന്വേഷണം (18/18.3.2020) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ മുകളിൽ പറഞ്ഞ ദിവസങ്ങളിൽ ഗൃഹസന്ദർശനം നടത്തിയതാണെന്നും രജിസ്റ്ററിൽ ചേർക്കാൻ വിട്ടുപോയതാണെന്നും മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**4)സെക്കണ്ടറി പാലിയേറ്റീവ് കെയർ -ക്വട്ടേഷനിൽ രേഖപ്പെടുത്തിയതിലും കൂടുതൽ തുക അനുവദിച്ചു**

പഞ്ചായത്തിൽ സെക്കണ്ടറി പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ ഭാഗമായി ഹോം കെയർ നടത്തുന്നതിന് ജനുവരി 2019 മുതൽ 1 വർഷത്തേക്ക് വാഹനം ഓടിച്ചതിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ ലഭ്യമായ 3 ക്വട്ടേഷനുകളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ക്വട്ടേഷൻ സമർപ്പിച്ച വ്യക്തിയുടെ പേര് | സമർപ്പിച്ച നിരക്ക് | | | |
|---|---|---|---|---|---|
| | | 15-24 | 25-34 | 25-44 | Above 45 |
| 1 | നാരായണൻ, പാവത്ത് ഹൗസ് മേലെ പട്ടാമ്പി | 800 | 1000 | 1300 | 1600 |
| 2 | മമ്മദ്, കുന്നത്തൊടി ഹൗസ്, പട്ടാമ്പി | 950 | 1100 | 1400 | 1500 |
| 3 | മനോജ്, മുല്ലക്കൽ ഹൗസ്, കടലൂർ | 350 | 480 | 600 | 800 |

മേൽപറഞ്ഞവയിൽ കുറവ് നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.മനോജിന് 800 രൂപ നിരക്കിൽ സെക്കണ്ടറി പാലിയേറ്റീവ് ഹോം കെയർ നടത്തുന്നതിന് വേണ്ടി ഒരു വർഷത്തേക്ക് വാഹനം ഓടാൻ പട്ടാമ്പി താലൂക്ക് ആശുപത്രി സൂപ്രണ്ടിന്റെ 17.1.19 ലെ 2430/2018 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. എന്നാൽ താഴെ പറയുന്ന ദിവസങ്ങളിൽ വാഹനം ഓടിയതിന് മുകളിൽ പറഞ്ഞ നിരക്കിലും അധികം തുക നൽകിയിട്ടുണ്ട്.

| തീയ്യതി | ഓടിയ ദൂരം | നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|
| 22.1.19 | 48 | 1000 | 800 | 200 |

| | | | | |
|---|---|---|---|---|
| 28.1.19 | 46 | 1000 | 800 | 200 |
| 29.1.19 | 45 | 1000 | 800 | 200 |
| 30.1.19 | 49 | 1000 | 800 | 200 |
| 5.2.19 | 43 | 1000 | 600 | 400 |
| 6.2.19 | - | 1000 | 800 | 200 |
| 11.2.19 | 45 | 1000 | 800 | 200 |
| 20.2.19. | 46 | 1000 | 800 | 200 |
| 25.2.19 | 46 | 1000 | 800 | 200 |
| 27.2.19 | 52 | 1000 | 800 | 200 |
| 4.3.19 | 42 | 1000 | 600 | 400 |
| 9.3.19 | 40 | 1000 | 600 | 400 |
| 11.3.19 | 38 | 1000 | 600 | 400 |
| 13.3.19 | 42 | 1000 | 600 | 400 |
| 16.3.19 | 42 | 1000 | 600 | 400 |
| 18.3.19 | 40 | 1000 | 600 | 400 |
| 20.3.19 | 40 | 1000 | 600 | 400 |
| 25.3.19 | 40 | 1000 | 600 | 400 |
| 27.3.19 | 48 | 1000 | 800 | 200 |
| | | | ആകെ | 5600 |

ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (18/18.3.2020) നൽകിയതിന് 21.12.18 ന് ചേർന്ന പി.എം.സി. യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ക്വട്ടേഷനിൽ ക്വാട്ട് ചെയ്ത 800 രൂപയിൽ നിന്നും 1000 രൂപയാക്കി ഉയർത്തിയതെന്ന് മറുപടി സമർപ്പിച്ചിട്ടുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ പുതുക്കിയ ക്വട്ടേഷൻ ക്ഷണിക്കാതെ നിലവിലുള്ള തുക വർധിപ്പിച്ചു നൽകുന്ന നടപടി ക്രമപ്രകാരമല്ല. വർധിപ്പിച്ച തുക സർക്കാർ നിരക്കിനേക്കാൾ കുറവായിരുന്നതിനാലും അടുത്ത ക്വട്ടേഷൻ ഇതിലും ഉയർന്നതിനാലും ഈ ഇനത്തിൽ നഗരസഭയ്ക്ക് നഷ്ടം ഉണ്ടായിട്ടില്ല. എന്നിരുന്നാലും ക്വട്ടേഷനിൽ നിന്നും അധികരിച്ചു നൽകിയ നടപടികൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

**ഇ. ഓഡിറ്റ് നിർദ്ദേശങ്ങൾ**

1. പി.എം.സി, പി.ഐ.സിയുടെ എന്നിവയുടെ യോഗങ്ങൾ കൃത്യമായി നടക്കുന്നുണ്ടെന്നും പദ്ധതി നടത്തിപ്പ് വിലയിരുത്തുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

2. മോണിറ്ററിംഗ് സംവിധാനം ശക്തമാക്കുകയും രേഖകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

3.പാലിയേറ്റീവ് പരിചരണ പദ്ധതി തുടർന്നു വരുന്നതിനാൽ വാഹന വാടകയിനത്തിൽ ചെലവഴിക്കുന്ന ഭീമമായ തുക കുറവു ചെയ്യുന്നതിനായി പൊതുജനങ്ങളുടെ സഹകരണത്തോടെയോ സന്നദ്ധ സംഘടനകളുടെ സഹായത്തോടെയോ ഒരു വാഹനം ലഭ്യമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. മാർഗ്ഗരേഖയിൽ വാഹനം വാങ്ങുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4.പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും അവയുടെ നിലവിലുള്ള പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും ആവശ്യമായ ഒരു വാർഡ് തല കമ്മിറ്റി രൂപീകരിക്കേണ്ടതിന്റെ സാധ്യത പരിശോധിക്കേണ്ടതാണ്.

5.സ.ഉ (സാധാ) നം. 3217/2015/ത.സ്വ.ഭ.വ തീയതി 29.10.2015 പ്രകാരം പുറപ്പെടുവിച്ച പാലിയേറ്റീവ് മാർഗ്ഗരേഖ പ്രകാരം 6 മാസത്തേക്കാണ് ക്വട്ടേഷൻ ക്ഷണിക്കേണ്ടതെന്ന നിർദ്ദേശം പാലിക്കേണ്ടതാണ്.

# 1-26 കൃഷി ഓഫീസർ - കാഷ്ബുക്കിൽ തുകകൾ രേഖപ്പെടുത്തിയിട്ടില്ല

സ.ഉ(പി)177/2006 ഫിൻ തീ-12.04.2006, സ.ഉ(പി)119/2015 ഫിൻ തീ-21.03.2015 എന്നിവ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ TR-7A ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെൻറ് ഫണ്ടിൻറെയും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള ഫണ്ടിൻറെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻറെ ഫണ്ടിൻറെ വരവ്-ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡി രജിസ്റ്ററും സൂക്ഷിക്കണം. എന്നാൽ താഴെ പറയുന്ന ബിൽ നമ്പർ പ്രകാരം മാറിയ തുകകൾ കൃഷി ഓഫീസർ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

| ബിൽ നമ്പർ | തീയ്യതി | തുക | കുറിപ്പ് |
|---|---|---|---|
| 3/18-19 | 24.7.18 | 9695 | നെൽകൃഷിക്ക് വിത്ത് വിതരണം (10/19) |
| 4/18-19 | 24.7.18 | 67990 | സമൃദ്ധി -നെൽകൃഷിക്ക് ഉഴവുകൂലി (218/19) |
| 7/18-19 | 11.3.19 | 656710 | സമൃദ്ധി -നെൽകൃഷിക്ക് ഉഴവുകൂലി (8/19) |
| 8/18-19 | 19.3.19 | 495210 | ടി |
| 9/18-19 | 19.3.19 | 543290 | ടി |
| 10/18-19 | 19.3.19 | 4760 | ടി |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/11.3.2020) ക്ലറിക്കൽ അപാകത മൂലമാണ് ക്യാഷ്ബുക്കിൽ ചേർക്കാതിരുന്നതെന്ന് മറുപടി നൽകിയിട്ടുണ്ട്. അപാകത സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 പി.എം.എ.വൈ ഭവനപദ്ധതി-പ്രൊജക്ടിൽ വായ്പാ,കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

നഗരസഭാ പ്രദേശത്തെ സ്വന്തമായി വീടില്ലാത്ത അർഹമായ മുഴുവൻ കുടുംബങ്ങൾക്കും സ്വന്തമായി വീട് എന്ന ലക്ഷ്യം നിറവേറ്റുന്നതിനായി രൂപീകരിച്ച പ്രൊജക്ട് ആണ് പി.എം.എ.വൈ ഭവനപദ്ധതി. കേന്ദ്ര വിഹിതം 150000 രൂപ, സംസ്ഥാന വിഹിതം 50000 രൂപ, നഗരസഭാ വിഹിതം 200000 രൂപ എന്നിവ ചേർത്ത് ആകെ 400000 രൂപ ഗുണഭോക്താവിന് നൽകുന്നു. 2018-19 ലെ പി.എം.എ.വൈ ഭവനപദ്ധതികളിൽ നഗരസഭാ വിഹിതം മാത്രം ഉൾപ്പെടുത്തിയാണ് ഡി.പി.സി അംഗീകാരം ലഭ്യമാക്കിയിരിക്കുന്നത്. എന്നാൽ പി.എം.എ.വൈ പദ്ധതിയുടെ ക്യാഷ് ബുക്ക് പരിശോധിച്ചതിൽ KURDF വായ്പാ, കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ എന്നിവ പ്രകാരമുള്ള വരവുകൾ ഉള്ളതായും ആയവ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായും കാണുന്നു. മേൽ വരവുകൾ ഉൾപ്പെടുത്തി പ്രൊജക്ട് ഭേദഗതി ചെയ്ത് അംഗീകാരം വാങ്ങിച്ചതായി കാണുന്നില്ല.

പ്രൊജക്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് | അടങ്കൽ | ചെലവഴിച്ചത് |
|---|---|---|---|
| 1 | 37/19 പി എം എവൈ ഭവനപദ്ധതി (ജനറൽ) | 2800000 | 2360000 |
| 2 | 38/19 പി എം എവൈ ഭവനപദ്ധതി(എസ് സി പി) | 4000000 | 4000000 |
| | ആകെ | 6800000 | 6360000 |

ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയ KURDF വായ്പാ,കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ എന്നിവ പ്രകാരമുള്ള വരവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തിയ്യതി | ഇനം | തുക |
|---|---|---|---|
| 1 | 14.06.18 | കേന്ദ്ര-സംസ്ഥാന വിഹിതം | 19600000 |
| 2 | 18.09.18 | കേന്ദ്ര-സംസ്ഥാന വിഹിതം | 6240000 |
| 3 | 15.11.18 | കേന്ദ്ര-സംസ്ഥാന വിഹിതം | 7000000 |
| | | | |

| | | | |
|---|---|---|---|
| 4 | 15.02.19 | കേന്ദ്ര-സംസ്ഥാന വിഹിതം | 9160000 |
| 5 | 22.08.18 | KURDF വായ്പ | 13800000 |
| 6 | 15.03.19 | കേന്ദ്ര-സംസ്ഥാന വിഹിതം | 6520000 |
| | | ആകെ | 62320000 |

ക്യാഷ് ബുക്ക് പ്രകാരമുള്ള ചെലവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./ തിയ്യതി | തുക | ചെക്ക് നമ്പർ |
|---|---|---|---|
| 1 | 52/11.04.18 | 2340000 | 000263 |
| 2 | 90/20.04.18 | 4020000 | 000264 |
| 3 | 60/16.05.18 | 3152500 | 000265 |
| 4 | 37/11.06.18 | 7620000 | 000266 |
| 5 | 86/20.06.18 | 6130000 | 000267 |
| 6 | 71/18.07.18 | 2510000 | 000268 |
| 7 | 98/27.07.18 | 1877500 | 000269 |
| 8 | 37/03.08.18 | 1560000 | 000270 |
| 9 | 15/03.10.18 | 5010000 | 000271 |
| 10 | 135/29.10.18 | 2952500 | 000272 |
| 11 | 141/31.10.18 | 570000 | 000273 |
| 12 | 30/13.12.18 | 3097500 | 000274 |
| 13 | 78/28.12.18 | 1867500 | 000275 |
| 14 | 11/05.01.19 | 2177500 | 000276 |
| 15 | 244/27.02.19 | 5125000 | 000277 |
| 16 | 30/11.03.19 | 2350000 | 000278 |
| 17 | 71/21.03.19 | 20740000 | 000279 |
| | ആകെ | 73100000 | |

KURDF വായ്പാ, കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാ സ്രോതസ്സുകളും പ്രൊജക്ടിൽ ഉൾപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിനും KURDF വായ്പാ, കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ എന്നിവ പ്രൊജക്ടിൽ ഉൾപ്പെടുത്താത്തതുകൊണ്ട് പദ്ധതിയുടെ യഥാർഥ ചെലവ് 79460000 രൂപ (6360000+73100000) ചെലവു പത്രികയിൽ പ്രതിഫലിക്കുന്നില്ല എന്നതിനെ സംബന്ധിച്ചും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/18.03.2020) പ്രൊജക്ടിൽ ആവശ്യമായ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി 2020-21 വർഷത്തെ പ്രൊജക്ട് തയ്യാറാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

നഗരസഭാ വിഹിതം KURDF വായ്പാ, കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാ സ്രോതസ്സുകളും പ്രൊജക്ടിന്റെ അടങ്കലിൽ ഉൾപ്പെടുത്തി പ്രൊജക്ട് രൂപീകരിക്കുവാനും അപാകതകൾ ആവർത്തിക്കാതിരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-28 വീട് പുനരുദ്ധാരണം(എസ്.സി)-ഒന്നാം ഗഡു ധന സഹായം കൈപ്പറ്റി പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രൊജക്ട് (സ്പിൽ ഓവർ) | 220/19 വീട് പുനരുദ്ധാരണം എസ് സി പി |
| അടങ്കൽ | 610000-വികസന ഫണ്ട്<br>40000 തനതുഫണ്ട്<br>ആകെ 650000 |
| ചെലവ് | 475000 |
| നിർവ്വഹണം | പ്രൊജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |

2018-19 വർഷത്തെ വീട് പുനരുദ്ധാരണം (എസ്.സി) എന്ന പ്രൊജക്ട് പ്രകാരം ശ്രീമതി. ദേവയാനി കെ.ടി, കുന്നത്തൊടി വീട്, കൊടലൂർ, മരുതൂർ എന്നയാൾക്ക് ബിൽ നം 09/19 തീ 28.11.2018 പ്രകാരം 25000/-രൂപ ഒന്നാംഗഡു

ധനസഹായമായി നൽകിയിരുന്നു. (അക്കൗണ്ട് നം 67245621976- എസ് ബി ഐ പട്ടാമ്പി) രണ്ടാം ഗഡു നൽകുന്നതിനായി പൂർത്തീകരണ/ മൂല്യനിർണയ സർട്ടിഫിക്കറ്റ് നൽകുന്നതിന് മുൻസിപ്പൽ ഓവർസീയർ വീട് പരിശോധിച്ചതിൽ ടിയാരി യാതൊരു വിധ പ്രവൃത്തിയും നടത്തിയിട്ടില്ലെന്നും 21.02.2019 ന് അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാരി ഒന്നാംഗഡു ധനസഹായമായി കൈപ്പറ്റിയ 25000 രൂപ 18% പലിശ സഹിതം തിരികെ അടവാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ നിർദ്ദേശം നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക ഈടാക്കിയതായി കാണുന്നില്ല. ടിയാരി 28.03.2018 ന് മുൻസിപ്പൽ സെക്രട്ടറിയുമായി ചമച്ച കരാറിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവൃത്തി പൂർത്തിയാക്കുമെന്നും അല്ലാത്തപക്ഷം കൈപ്പറ്റിയ തുക 12% പലിശ സഹിതം തിരികെ നൽകാൻ ബാധ്യസ്ഥയാണെന്നും അല്ലാത്തപക്ഷം ടിയാരിയുടെ സ്ഥാവരജംഗമ സ്വത്തുക്കളിൽ നിന്നോ, അനന്തരാവകാശികളിൽനിന്നോ റവന്യു റിക്കവറി നടപടികളിലൂടെ ഈടാക്കുന്നതിന് സമ്മതിച്ചിട്ടുണ്ട്. ആയതിനാൽ തുക തിരികെ ഈടാക്കുന്നതിനായി സ്വീകരിച്ച തുടർ നടപടികൾ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/13.03.2020) തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിന് 17.03.2020ന് ടിയാരിക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്.
തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കി കട്ടിൽ വാങ്ങിയിട്ടുള്ളത് അന്വേഷണവിധേയമാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | 68/18-19 പട്ടികജാതി വിഭാഗത്തിൽപെട്ട വൃദ്ധർക്ക് കട്ടിൽ |
| അടങ്കൽ | 435000 (വികസന ഫണ്ട്) |
| ചെലവ് | 212500 |
| നിർവഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| ബിൽ നമ്പർ | 11/18-19 തിയതി 21.03.2019<br>തുക-212500 |
| ഇൻവോയ്സ് നം | 24/15.03.2019 |

പട്ടികജാതി വിഭാഗത്തിൽപെട്ട വൃദ്ധർക്ക് കട്ടിൽ വാങ്ങൽ എന്ന പ്രൊജക്റ്റിന്റെ ഭാഗമായി കട്ടിൽ വാങ്ങുന്നതിന് 13.11.2018 ന് ടെണ്ടർ ക്ഷണിച്ചതിൽ വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച നിരക്കുകളും സ്പെസിഫിക്കേഷനും ചുവടെ ചേർക്കുന്നു.
<u>ടെണ്ടർ സ്പെസിഫിക്കേഷൻ</u>
Wooden cot- Length 1.98 cm, width 90 cm, front leg 60 cm, back leg 50 cm, top 8mm plywood,
തടിയുടെ ഇനം നിർബന്ധമായും കാണിച്ചിരിക്കണം, പോളിഷ് ചെയ്യുന്നതിന് മുൻപ് പർചെയ്സ് കമ്മിറ്റിയെ കാണിക്കണം)

| ക്രമ നം. | സ്ഥാപനം | രേഖപ്പെടുത്തിയ നിരക്ക് |
|---|---|---|
| 1 | പി ജി എന്റർപ്രൈസസ്, മലപ്പുറം | **മഹാഗണി**<br>മീഡിയം ടൈപ്പ് -3290<br>ഹെവി ടൈപ്പ്-3890<br>മുകളിൽ പലക-3950 |

| | | |
|---|---|---|
| | | ആഞ്ഞിലി<br>മീഡിയം ടൈപ്പ് -3460<br>ഹെവി ടൈപ്പ്-3980 |
| 2 | കോസ്റ്റൽ ഫർണ്ണിച്ചർ ഇൻസ്ട്രീസ്, കോഴിക്കോട് | ആഞ്ഞിലി 3780<br>ഹാർഡ് വുഡ് 3340 |
| 3 | കെ പി എംഎന്റർപ്രൈസസ്, ചെർപ്പുളശ്ശേരി | മഹാഗണി-4390 |
| 4 | രാജധാനി ഏജൻസീസ്, ചെർപ്പുളശ്ശേരി | മഹാഗണി/ അക്കേഷ്യ – 3198<br>മഹാഗണി ഹെവി -3640<br>ആഞ്ഞിലി-3430<br>ആഞ്ഞിലി മറൈൻഗ്രേഡ് പ്ലൈവുഡ്-3900<br>തേക്ക് 4340 |
| 5 | FIDCO എംഎന്റർപ്രൈസസ്, കോഴിക്കോട് | മഹാഗണി1-3722<br>മഹാഗണി11-3988 |
| 6 | AH ഫർണ്ണിച്ചർ വർക്സ് വട്ടമ്പലം, മണ്ണാർക്കാട് | അക്കേഷ്യ-4250<br>മഹാഗണി-4250 |
| 7 | Friends ഫർണ്ണിച്ചർ, പെരിന്തൽമണ്ണ | മഹാഗണി- 2929<br>തേക്ക് -3699<br>ആഞ്ഞിലി- 3351 |

ടെണ്ടർ സമർപ്പിച്ച എല്ലാ സ്ഥാപനങ്ങളും നഗരസഭ ആവശ്യപ്പെട്ട പ്രകാരമുള്ള സ്പെസിഫിക്കേഷനും അതിനനുസരിച്ചുള്ള നിരക്കുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കട്ടിലിനു് ഉപയോഗിക്കേണ്ട മരത്തിന്റെ തരം സ്പെസിഫിക്കേഷനിൽ ആവശ്യപ്പെട്ടിട്ടില്ല. അതുകൊണ്ട് വിവിധ മരങ്ങൾ ഉപയോഗിച്ചുള്ള കട്ടിലുകളുടെ നിരക്ക് വിവിധ ഏജൻസികൾ രേഖപ്പെടുത്തിയിട്ടുണ്ട്.

ലഭിച്ച 7 ടെണ്ടറുകളിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയത് Friends ഫർണ്ണിച്ചർ പെരിന്തൽമണ്ണ എന്ന സ്ഥാപനം ആണെങ്കിലും സാമ്പിൾ പരിശോധിച്ച് ഗുണനിലവാരത്തിന്റെയും ഈടിന്റെയും അടിസ്ഥാനത്തിൽ AH ഫർണ്ണിച്ചർ വർക്സ് വട്ടമ്പലം, മണ്ണാർക്കാട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുന്നതിന് പർച്ചേസ് കമ്മിറ്റിയുടെ 20.12.2018 ലെ 2-ാം നമ്പർ തീരുമാന പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. സ.ഉ.(പി) നം.259/2010/ത.സ്വ.ഭ.വ തീ 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖയിൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ കൺവീനർ സെക്രട്ടറിയും നിർവ്വഹണ ഉദ്യോഗസ്ഥൻ അംഗവുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഖണ്ഡിക 4 പ്രകാരം നിവ്വഹണ ഉദ്യോഗസ്ഥനെ നിർബന്ധമായും പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ നിവ്വഹണ ഉദ്യോഗസ്ഥനും കൺവീനറും ഇല്ലാതെ നഗരസഭാ ചെയർമാൻ, വൈസ് ചെയർമാൻ, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ എന്നിവർ മാത്രമാണ് തീരുമാനമെടുത്ത പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ ഉൾപ്പെട്ടിരുന്നത്. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ സെക്രട്ടറിയും നിർവ്വഹണ ഉദ്യോഗസ്ഥനും പങ്കെടുത്തതായി കാണുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥന്റെയും കൺവീനറുടെയും സാന്നിദ്ധ്യമില്ലാതെ പ്രൊക്യൂർമെന്റ് കമ്മിറ്റി എടുത്ത തീരുമാനം സാധുതയില്ല.പ്രസ്തുത ശുപാർശ 26.12.2018 ലെ 32-ാം നം. തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചതായി രേഖപ്പെടുത്തിയ പകർപ്പ് നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയിട്ടുണ്ട്. ഭരണസമിതി യോഗത്തിന്റെ മിനുട്സ് പരിശോധിച്ചതിൽ 26.12.2018 ലെ 32-ാം നം. തീരുമാനത്തിൽ വൃദ്ധർക്ക് കട്ടിൽ വാങ്ങുന്ന പദ്ധതി പ്രകാരമുള്ള വാങ്ങലിന് അംഗീകാരം നൽകുന്ന തീരുമാനം എടുത്തിട്ടില്ലെന്ന് കണ്ടെത്തി. ഇതേ തിയതിയിൽ പ്രൊജക്റ്റ് നം.185/19 പ്രകാരമുള്ള അങ്കണവാടികൾക്ക് കസേര വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ കെ.എച്ച്. ലൈറ്റ് & ഫർണ്ണീച്ചർ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചതായി രേഖപ്പെടുത്തിട്ടുണ്ട്.

സ.ഉ(കൈ)നം. 22/2018/ത.സ്വ.ഭ.വ തീ 14.02.20187 പ്രകാരം പുറപ്പെടുവിച്ച 2018-19 വർഷത്തെ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടി ക്രമങ്ങളുടെ

വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പി) നം. 259/2010/ത.സ്വ.ഭ.വ തീ. 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വാങ്ങലിന്റെ ആവശ്യം തിരിച്ചറിഞ്ഞ് സ്പെസിഫിക്കേഷൻ തയ്യാറാക്കേണ്ടതും ആയത് പ്രകാരം വാങ്ങൽ പദ്ധതി അന്തിമമാക്കുകയും ചെയ്യേണ്ടതിന്റെ പ്രധാന ചുമതല നിർവ്വഹണ ഉദ്യോഗസ്ഥൻ ഉൾപ്പെടുന്ന പ്രൊക്യൂർമെന്റ് ടീമിനാണ്.

ടെണ്ടറിൽ ഗുണനിലവാരം, സ്പെസിഫിക്കേഷൻ എന്നിവ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയും പ്രസ്തുത സ്പെസിഫിക്കേഷൻ/ ഗുണനിലവാരം പാലിച്ചിട്ടുണ്ടോ എന്ന് ക്ഷമതയുള്ള ഉദ്യോഗസ്ഥനെകൊണ്ട് സാമ്പിൾ പരിശോധിപ്പിച്ച് ഉറപ്പുവരുത്തുകയുമാണ് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ചുമതല. ടെണ്ടറിൽ നഗരസഭ ആവശ്യപ്പെട്ട സ്പെസിസിഫിക്കേഷൻ പ്രകാരമാണ് എല്ലാ സ്ഥാപനങ്ങളും ടെണ്ടർ സമർപ്പിച്ചിരിക്കുന്നത്. സാമ്പിൾ പരിശോധിച്ച ബന്ധപ്പെട്ട സാങ്കേതിക വിദഗ്ദന്റെ റിപ്പോർട്ടും ഇല്ല. ആയതിനാൽ ഭരണസമിതിയുടെ അംഗീകാരം ഇല്ലാതെ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ Friends ഫർണ്ണിച്ചർ പെരിന്തൽമണ്ണ എന്ന സ്ഥാപനത്തിന്റെ മഹാഗണി മരത്തിന്റെ 2929 രൂപ നിരക്കിലുള്ള കട്ടിൽ ഒഴിവാക്കി AH ഫർണ്ണിച്ചർ വർക്സ്, വട്ടമ്പലം, മണ്ണാർക്കാട് എന്നസ്ഥാപനത്തിന്റെ അക്കേഷ്യ മരത്തിന്റെ 4250 രൂപ നിരക്കിലുള്ള കട്ടിൽ വാങ്ങിയതുമൂലം 66050 രൂപയുടെ നഷ്ടം നഗരസഭാ ഫണ്ടിന് ഉണ്ടായിട്ടുണ്ട്.(4250*50=212500,2929*50=146450,212500-146450=66050)
ഈ വിഷയത്തിൽവിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/19.03.2020) നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ ടിയാൻ 19.12.2018 ന് പട്ടാമ്പി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ ആയി ചാർജ്ജ് എടുത്തിരുന്നുവെങ്കിലും 20.12.2018 ൽ ചേർന്ന പ്രൊക്യൂർമെന്റ് കമ്മിറ്റിയിലേക്ക് നഗരസഭയിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ പങ്കെടുക്കുന്നതിന് ടിയാനെ അറിയിക്കുകയോ, പങ്കെടുക്കുകയോ ചെയ്യിട്ടില്ലെന്നും AH ഫർണ്ണിച്ചർ വർക്സ് വട്ടമ്പലം മണ്ണാർക്കാട് എന്നസ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച 26.12.2018 ലെ 32-ാം നം. ഭരണസമിതി തീരുമാനം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയതും കട്ടിലുകൾ വാങ്ങിയതെന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ നഗരസഭയിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയിലെ അംഗമായിരിക്കെ ടിയാനെ ഉൾപ്പെടുത്താത്ത പർച്ചേസ് കമ്മിറ്റിയുടെ തീരുമാനത്തിനെതിരെ വിയോജനം നിർവ്വഹണ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വ്യാജ ഭരണസമിതി തീരുമാനം എടുത്തതായി രേഖപ്പെടുത്തി പകർപ്പ് നിർവ്വഹണ ഉദ്യോഗസ്ഥനു നൽകുകയും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കിയിട്ടുള്ളതും അതിലൂടെ നഗരസഭാ ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുള്ളതും കൂടുതൽ അന്വേഷണത്തിന് വിധേയമാക്കേണ്ടതാണ്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

* സ്റ്റോർസ് പർച്ചേസ് മാന്വൽ, പ്രൊക്യൂർമെന്റ് മാർഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി വാങ്ങലുകൾ നടത്തേണ്ടതാണ്.

* ടെണ്ടർമാർ ടെണ്ടറിനോടൊപ്പം സമർപ്പിക്കുന്ന രേഖകളുടെ ആധികാരികത യഥാസമയം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
* ഗുണനിലവാരം സാക്ഷ്യപ്പെടുത്തേണ്ടത് ബന്ധപ്പെട്ട മേഖലയിലെ വിദഗ്ദനായിരിക്കണം.
* സ്പെസിഫിക്കേഷനിൽ വാങ്ങേണ്ട സാധനത്തിന്റെ കൃത്യമായ വിവരണം ഉണ്ടായിരിക്കേണ്ടതാണ്.
* വ്യാജ ഭരണസമിതി തീരുമാനം എടുത്തതായി രേഖപ്പെടുത്തി പകർപ്പ് നിർവ്വഹണ ഉദ്യോഗസ്ഥനു നൽകിയതും കൂടുതൽ അന്വേഷണത്തിന് വിധേയമാക്കേണ്ടതാണ്.

*സ്പെസിഫിക്കേഷനിൽ ആവശ്യപ്പെടാത്ത ഇനത്തിന്റെ പേരിൽ ടെന്റർ നിരസിക്കാൻ പാടില്ല.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 പദ്ധതി മാർഗനിർദേശങ്ങൾക്ക് വിരുദ്ധമായി ഊർജ്ജിത സാക്ഷരതാ പരിപാടിക്ക് തുക ചെലവഴിച്ചു

| | |
|---|---|
| പ്രൊജക്ട് (സ്പിൽ ഓവർ) | 224/19- ഊർജ്ജിത സാക്ഷരതാ പരിപാടി |
| അടങ്കൽ | 100000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| നിർവ്വഹണം | പ്രിൻസിപ്പാൾ GHSS, പട്ടാമ്പി |
| ചെലവ് | 71486 |

| | |
|---|---|
| ബില്‍ നം. | 1) 01/19 തീ.26.07.18തുക 40701<br>2) 03/19 തീ.11.03.19 തുക 30785<br>ആകെ 71486 രൂപ |

നഗരസഭാ പരിധിയിലെ എല്ലാവര്‍ക്കും തുടര്‍ വിദ്യാകേന്ദ്രങ്ങളിലൂടെ വിദ്യാഭ്യാസം നല്‍കുന്നതിനുള്ള പദ്ധതിയ്ക്കായി തന്‍വര്‍ഷം 71486 രൂ ചെലവഴിച്ചിട്ടുണ്ട്. പഠിതാക്കള്‍ക്ക് ക്ലാസ്സുകള്‍, ഇന്‍സ്ട്രക്ടര്‍ ഇന്‍സെന്‍റീവ്, ചായ, ലഘുഭക്ഷണം, ഫോട്ടോ, അക്ഷരലക്ഷം സാക്ഷരതാ പരീക്ഷാ ചെലവ്, സംഘാടനം, സാക്ഷരതാ സര്‍വ്വെ, വളണ്ടിയര്‍ അലവന്‍സ് എന്നിവയ്ക്കായാണ് തുക ചെലവഴിച്ചത്. നഗരസഭയിലെ പ്രേരക് കണ്‍വീനര്‍ക്കാണ് നല്‍കിയിട്ടുള്ളത്. പ്രേരക് സമര്‍പ്പിച്ച ചെലവ് രേഖകള്‍ പ്രകാരം താഴെ പറയുന്ന ഇനങ്ങള്‍ക്കായാണ് തുക ചെലവഴിച്ചിട്ടുള്ളത്.

| **1)ബില്‍ നം 01/19 തീ.26.07.18** | **തുക 40701** |
|---|---|
| ഇനം | തുക |
| സംഘാടക സമിതി രൂപീകരണം -ചായ | 480 |
| സര്‍വ്വെ ഫോറം പ്രിന്‍റിംഗ് | 6375 |
| സര്‍വ്വെ വളണ്ടിയര്‍ പരിശീലനം -ചായ | 416 |
| സര്‍വ്വെ -വളണ്ടിയര്‍ അലവന്‍സ് | 24430 |
| പ്രേരക് അലവന്‍സ് | 8000 |
| സാക്ഷരത ക്ലാസ്സ് ഇന്‍സ്ട്രക്ടര്‍മാര്‍ക്ക് റെമ്യൂണറേഷന്‍ | 1000 |
| ആകെ | 40701 |
| **2)ബില്‍ നം 03/19 തീ.11.03.19** | **തുക 30785** |
| പഠനോപകരണങ്ങള്‍ | 4805 |
| ഇന്‍സ്ട്രക്ടര്‍മാര്‍ക്ക് ഇന്‍സെന്‍റീവ്സ് (4000*4) | 16000 |
| മൂല്യനിര്‍ണ്ണയം -ചായ ലഘുഭക്ഷണം | 990 |
| സര്‍ട്ടിഫിക്കറ്റ് വിതരണം-ചായ ലഘുഭക്ഷണം | 990 |
| പ്രേരക് ഇന്‍സെന്‍റീവ്സ് (4000*2) | 8000 |
| ആകെ | **30785** |

സ.ഉ(എം.എസ്)നം.80/2017/ത.സ്വ.ഭ.വ തീ 03.04.2017 പ്രകാരം പുറപ്പെടുവിച്ച 2017-18 വര്‍ഷത്തെ സബ്സിഡി മാര്‍ഗ്ഗരേഖയിലെ ഖണ്ഡിക 24 പ്രകാരം വിദ്യാഭ്യാസ മേഖലയില്‍ അനൗപചാരിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന് തുടര്‍ സാക്ഷരതാ പ്രവര്‍ത്തനങ്ങള്‍ക്ക് സഹായകമായ ഭൗതിക സാഹചര്യങ്ങള്‍ മെച്ചപ്പെടുത്തുന്നതിനും, സാക്ഷരത മിഷനില്‍ നിന്നും പുസ്തകം വാങ്ങുന്നതിനും ഫീസ് ഒടുക്കുന്നതിനുമാണ് പ്രൊജക്ട് വെയ്ക്കാവുന്നത്. സാക്ഷരതാ മിഷന്‍ നടത്തുന്ന പ്രവര്‍ത്തനങ്ങളായ സര്‍വ്വേ, സാക്ഷരത ക്ലാസ്സ് തുടങ്ങിയവയ്ക്ക് നഗരസഭയും പ്രൊജക്ട് രൂപീകരിച്ച് സമാനപ്രവര്‍ത്തനങ്ങള്‍ നടപ്പിലാക്കുന്നത് മാര്‍ഗനിര്‍ദേശങ്ങള്‍ക്ക് അനുസൃതമല്ല. കൂടാതെ അനുവദനീയ ഇനങ്ങളായ കോഴ്സ് ഫീ, പരീക്ഷാഫീസ്, രജിസ്ട്രേഷന്‍ ഫീസ് എന്നിവയൊന്നും പ്രൊജക്ടില്‍ ഉള്‍പ്പെടുത്തിയിട്ടുമില്ല. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നല്‍കിയ ഓഡിറ്റ് എന്‍ക്വയറിക്ക് (നം.03/11.03.2020) ഊര്‍ജ്ജിത സാക്ഷരതാ പദ്ധതിയിലൂടെ സമൂഹത്തില്‍ തുടര്‍ സാക്ഷരതാ പ്രവര്‍ത്തനങ്ങളില്‍നിന്നും പിന്‍തിരിഞ്ഞ് നില്‍ക്കുന്നവരെ അക്ഷര വെളിച്ചത്തിലേക്ക് കൈപിടിച്ച് ഉയര്‍ത്താന്‍ കഴിഞ്ഞുവെന്നും വരും വര്‍ഷങ്ങളില്‍ സബ്സിഡി മാര്‍ഗ്ഗരേഖയിലെ നിര്‍ദ്ദേശങ്ങള്‍ അനുസരിച്ചുമാത്രമേ പ്രൊജക്ടുകള്‍ നടപ്പിലാക്കുകയുള്ളു എന്നും മറുപടി നല്‍കിയിട്ടുണ്ട്. സാക്ഷരതാ പ്രേരക് മാര്‍ക്കുള്ള ഹോണറേറിയം സാക്ഷരതാ മിഷന്‍ നല്‍കുന്നുണ്ട് എന്നതിനാല്‍ അതേ ആവശ്യത്തിനുവേണ്ടി പദ്ധതി ഫണ്ട് ചെലവഴിച്ചത് അംഗീകരിക്കുന്നില്ല. ആയതിനാല്‍ ഈ ഇനത്തില്‍ നല്‍കിയ 16000 രൂപ ഉത്തരവാദിയില്‍ നിന്നും ഈടാക്കി പദ്ധതി ഫണ്ടില്‍ മുതല്‍കൂട്ടേണ്ടതാണ്. കൂടാതെ മാര്‍ഗ്ഗനിര്‍ദ്ദേശങ്ങള്‍ക്കു വിരുദ്ധമായ മറ്റു ചെലവുകള്‍ ആവര്‍ത്തിക്കാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

**ഓഡിറ്റ് നിർദേശങ്ങൾ**

1. പദ്ധതി രൂപീകരിക്കുമ്പോൾ സാക്ഷരതാമിഷൻ മുഖേന നടത്തുന്ന പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2. പദ്ധതി മാർഗരേഖ പ്രകാരം സാക്ഷരത കേന്ദ്രങ്ങളിൽ ഭൗതികസൗകര്യങ്ങൾ ഒരുക്കുന്നതിനും പഠിതാക്കൾക്ക് സാക്ഷരതാമിഷൻ നൽകുന്ന പുസ്തകങ്ങളുടെ വിലയും ഫീസും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്. പദ്ധതി രൂപീകരിക്കുമ്പോൾ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3. സാക്ഷരതാ മിഷൻ നടത്തേണ്ട സാക്ഷരത ക്ലാസ്സ് എടുത്ത ഇൻസ്ട്രക്ടർമാർക്ക് ഓണറേറിയം നൽകൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് നഗരസഭാ ഫണ്ട് ചെലവഴിച്ചതിനാൽ പ്രസ്തുത തുക മിഷനിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
4.പ്രേരക് മാർക്കുള്ള ഓണറേറിയം ഇനത്തിൽ നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-31 എസ് സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകൽ- ചെലവിനാസ്പദമായ രേഖകൾ ഹാജരാക്കിയിട്ടില്ല

പ്രൊജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ, നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തിൽ 'എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് ' എന്ന പ്രൊജക്ട് ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്റ്റ് നം. | അടങ്കൽ | ചെലവ്. | ബിൽ നം. |
|---|---|---|---|
| 219/19-എസ് സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകൽ | 1000000 | 760110 | 02/19 തീ 28.06.18 |

പട്ടാമ്പി നഗരസഭയുടെ 2018-19 വർഷത്തെ ഓഡിറ്റ് 09.03.2020 ന് ആരംഭിക്കുകയും ഓഡിറ്റിന് പരിശോധനയ്ക്ക് ആവശ്യമായ മുഴുവൻ രേഖകളും ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നം 01/തീ. 09.03.2020 പ്രകാരം ജനറൽ റിക്വിസിഷൻ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തുടങ്ങി 8 ദിവസമായിട്ടും മേൽ പ്രൊജക്ടുകളുമായി ബന്ധപ്പെട്ട യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 11-ാം വകുപ്പ്, 1997 ലെ കേരള മുനിസിപ്പാലിറ്റി(പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും)ചട്ടങ്ങളിലെ ചട്ടം 12(1), 12(2) എന്നിവ പ്രകാരം മേൽ ചെലവിനാസ്പദമായ രേഖകൾ നിലവിലില്ല എന്ന അനുമാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/17.03.2020) പ്രസ്തുത പ്രൊജക്ടുമായി ബന്ധപ്പെട്ട അപേക്ഷകളും രജിസ്റ്ററും മാത്രമാണ് ലഭ്യമായിട്ടുള്ളതെന്നും മറ്റുരേഖകൾ ഹാജരാക്കുന്നതിന് സമയം അനുവദിക്കണമെന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ലഭ്യമായ അപേക്ഷകളും രജിസ്റ്ററും പരിശോധനക്ക് നൽകിയിട്ടില്ല. പ്രൊജക്ടുമായി ബന്ധപ്പെട്ട അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ്, ഗുണഭോക്താക്കളുടെ അപേക്ഷകൾ, ഇ-ടെണ്ടർ നടപടിക്രമങ്ങൾ, ടെണ്ടർ ഫോറം, ലഭിച്ച ടെണ്ടറുകൾ, കമ്പാരറ്റീവ് സ്റ്റേറ്റ്മെന്റ്, പ്രൊക്യൂർമെന്റ്/ഭരണസമിതി തീരുമാനം, ഇൻവോയ്സ്/ ബില്ലുകൾ ,സ്റ്റോക്ക് രജിസ്റ്റർ,കൈപ്പറ്റ് രസീതി, എന്നീ രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 760110 രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഈ റിപ്പോർട്ട് ലഭിച്ച് രണ്ട് മാസത്തിനകം രേഖകൾ ഹാജരാക്കാത്തപക്ഷം ചെലവു തുക നിരാകരിക്കുന്നതും ഉത്തരവാദിയിൽ നിന്നും ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

## 1-32 മാലിന്യ സംസ്ക്കരണപ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കിയില്ല

2018-19 വർഷത്തെ പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രൊജക്ടുകൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് | അടങ്കൽ |
|---|---|---|
| 1 | 183/19 മാലിന്യസംസ്ക്കരണ സംവിധാനം -ഡി പി ആർ തയ്യാറാക്കുന്നതിന് തുക നൽകൽ | 124006 |

| | | |
|---|---|---|
| 2 | 168/19 ഹരിതകർമ്മസേന വയബിലിറ്റി ഗ്യാപ് ഫണ്ട് | 1297800 |
| 3 | 307/19 ഉപയോഗശൂന്യമായ കക്കൂസുകൾ ഉപയോഗയോഗ്യമാക്കൽ | 246400 |
| 4 | 366/19 ഖരമാലിന്യ പ്ലാന്റ് നവീകരണം | 1991586 |
| 5 | 367/19 ശുചിത്വ മാലിന്യപരിപാലനത്തിന് വാഹനം വാങ്ങൽ | 600000 |
| 6 | 368/19 മെറ്റീരിയൽ കളക്ഷൻ സെന്റർ | 742896 |
| 7 | 369/19 റിക്കവറി കളക്ഷൻ സെന്റർ | 529916 |
| 8 | 388/19 ഹരിത സഹായ സ്ഥാപനത്തിനുള്ള വയബിലിറ്റി ഗ്യാപ് ഫണ്ട് | 255000 |
| | ആകെ | 5787604 |

ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ചെയ്യുക എന്നത് മുനിസിപ്പാലിറ്റികളുടെ അനിവാര്യ ചുമതലകളിൽ ഒന്നാണ്. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട 326 മുതൽ 345 വരെയുള്ള വകുപ്പുകൾ കാര്യക്ഷമമായി നടപ്പിലാക്കേണ്ടതും പരിശോധനാ സംവിധാനം ശക്തമാക്കേണ്ടതും നഗരസഭകളുടെ ചുമതലയാണ്. 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-27 ൽ മാലിന്യ സംസ്ക്കരണ സംവിധാനം കാര്യക്ഷമമാക്കേണ്ടതിനെ കുറിച്ച് വളരെ വ്യക്തമായി പ്രതിപാദിച്ചിരുന്നതാണ്. പ്രസ്തുത ഖണ്ഡികയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രൊജക്റ്റുകൾ തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും പ്രൊജക്റ്റുകൾ സമയബന്ധിതമായി നടപ്പിലാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/ 18.03.2020) പ്രൊജക്റ്റ് നമ്പർ 366, 368, 369 എന്നിവയുമായി ബന്ധപ്പെട്ട് സാങ്കേതിക സഹായം നൽകുന്നതിന് IRTC മുണ്ടൂരിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും യഥാസമയം സാങ്കേതികാനുമതി ലഭ്യമാക്കാത്തതുകൊണ്ട് തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ലെന്നും 168/19, 367/19 എന്നീ പ്രൊജക്റ്റുകളുടെ ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ചുവെങ്കിലും ക്യൂ ബില്ലിൽ ഉൾപ്പെട്ടതുകാരണമാണ് ചെലവ് വരാതിരുന്നതെന്നും മാലിന്യസംസ്ക്കരണ സംവിധാനത്തിന് ഡി.പി.ആർ തയ്യാറാക്കുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ്, തിരുവനന്തപുരവുമായി കരാർ വെച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്.

മാലിന്യ സംസ്കരണത്തിനുള്ള പ്രൊജക്റ്റുകൾ തയ്യാറാക്കുന്നതിനുള്ള ചുമതല ശുചിത്വം, മാലിന്യ സംസ്കരണം എന്ന വർക്കിംഗ് ഗ്രൂപ്പിനാണ്. വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയുള്ള ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയും തുടർനടപടികൾ വിലയിരുത്തിയിട്ടില്ല. മാലിന്യ നിയന്ത്രണത്തിനായി ആവിഷ്കരിക്കപ്പെടുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിലും ഫലപ്രാപ്തി വിലയിരുത്തുന്നതിലും ഉത്തരവാദപ്പെട്ട സംവിധാനങ്ങൾ ഫലപ്രദമായി ഇടപെടൽ നടത്തേണ്ടതാണെന്ന് വിലയിരുത്തുന്നു.

സ.ഉ(കൈ)നം.17/2018/തസ്വഭവ തിയതി 2-2-2018 പ്രകാരം പുറപ്പെടുവിച്ച പതിമൂന്നാം പദ്ധതിയുടെ മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1 പ്രകാരം നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച നാല് വികസന മിഷനുകളിൽ ഒന്നായ ഹരിതകേരള മിഷന് കൃഷി വികസനം, ശുചിത്വ-മാലിന്യം സംസ്കരണം, ജലസംരക്ഷണം എന്നിങ്ങനെ മൂന്ന് ഉപദൌത്യങ്ങളാണുള്ളത്. ലക്ഷ്യം കൈവരിക്കുന്നതിനായി ഹരിതകേരള മിഷന്റെ ഭാഗമായി പുറപ്പെടുവിച്ച മേഖലാ മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിച്ച് പദ്ധതികൾ തയ്യാറാക്കേണ്ടതാണെന്നും മാലിന്യ രഹിത തദ്ദേശ ഭരണ സ്ഥാപനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പിന്തുണാ സംവിധാനമായി ഹരിതകേരള മിഷൻ പ്രവർത്തിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഖണ്ഡിക 7.1.6(സി) ശുചിത്വ-മാലിന്യ സംസ്കരണം എന്ന ഖണ്ഡികയിലെ മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിച്ച് മാലിന്യ നിയന്ത്രണത്തിനുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

ഇ-വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 മുതലായ കേന്ദ്ര ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് മാലിന്യ സംസ്കരണത്തിനുള്ള സുസ്ഥിരമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

മേൽ വിഷയങ്ങളിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം നഗരസഭ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-33 ലൈഫ് പദ്ധതിക്ക് തുക നൽകൽ-നിർമ്മാണം പൂർത്തീകരിക്കുകയോ, തുക തിരികെ ഈടാക്കുകയോ ചെയ്തിട്ടില്ല

| | |
|---|---|
| പ്രൊജക്ട് (സ്പിൽ ഓവർ) | 186/19- ലൈഫ് പദ്ധതിക്ക് തുക നൽകൽ |
| അടങ്കൽ | 352058-വികസന ഫണ്ട്<br>100000 തനതുഫണ്ട്<br>ആകെ 1325058 |
| ചെലവ് | 346000 |
| നിർവ്വഹണം | പ്രൊജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| ബിൽ നമ്പർ | 01/19 തീ.28.04.2018<br>തുക 346000 |

പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 വർഷത്തെ ഐ.എ.വൈ വീട് നിർമ്മാണം എന്ന പ്രൊജക്ടിൽ ശ്രീമതി. ജാനകി w/o ഉണ്ണികൃഷ്ണൻ, കൂരിക്കാടൻ ഹൗസ്, കൊടലൂർ, മരുതൂർ എന്നയാൾക്ക് 25000/-രൂപ ധനസഹായമായി നൽകിയിരുന്നു. (അക്കൗണ്ട് നം 43320017000020l0) എന്നാൽ ടിയാരി പ്രവൃത്തി പൂർത്തികരിച്ചിട്ടില്ലാത്തതിനാൽ, 2015-16 സാമ്പത്തിക വർഷംവരെ വിവിധ സർക്കാർ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം ഭവന നിർമ്മാണത്തിന് ധനസഹായം ലഭ്യമായിട്ടും വിവിധ കാരണങ്ങളാൽ പൂർത്തീകരിക്കാൻ കഴിയാതിരുന്ന ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടെ ലൈഫ് പദ്ധതി ഒന്നാം ഘട്ടം ആരംഭിക്കുകയും ടിയാരിയെ ഗുണഭോക്താവായി നഗരസഭ ഉൾപ്പെടുത്തുകയും ചെയ്തു. ടിയാരിക്ക് 175000 രൂപ ബിൽ നമ്പർ 01/19 തീ.28.04.2018 പ്രകാരം നൽകിയിട്ടുണ്ട്. 17.07.2018ന് പ്രവൃത്തി പൂർത്തീകരണത്തിന് സാധിക്കുകയില്ലെന്നും തുക തിരികെ ഈടാക്കുന്നതിന് സമ്മതമാണെന്നും അറിയിച്ച് കത്ത് നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാരി ധന സഹായമായി കൈപ്പറ്റിയ 175000 രൂപ 18% പലിശ സഹിതം തിരികെ അടവാക്കി ലൈഫ് മിഷൻ പദ്ധതിയിൽ നിന്നും ഒഴിവാക്കാവുന്നതാണെന്ന് ഭരണസമിതിയുടെ 13.09.2018 ലെ 3-ാം നമ്പർ തീരുമാനം പ്രകാരം 15.10.2018 ന് ടിയാരിക്ക് കത്ത് നൽകിയിരുന്നു. എന്നാൽ തുക തിരിച്ചടവാക്കാത്തതിനെ തുടർന്ന് 28.06.2019 ന് വീണ്ടും കത്ത് നൽകിയിട്ടുണ്ടെങ്കിലും തുക തിരികെ അടച്ചിട്ടില്ല. ടിയാരി മുൻസിപ്പൽ സെക്രട്ടറിയുമായി ചമച്ച കരാറിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവൃത്തി പൂർത്തിയാക്കുമെന്നും അല്ലാത്തപക്ഷം കൈപ്പറ്റിയ തുക 18% പലിശ സഹിതം തിരികെ നൽകാൻ ബാധ്യസ്ഥയാണെന്നും അല്ലാത്തപക്ഷം ടിയാരിയുടെ സ്ഥാവരജംഗമ സ്വത്തുക്കളിൽ നിന്നോ, അനന്തരാവകാശികളിൽനിന്നോ റവന്യു റിക്കവറി നടപടികളിലൂടെ ഈടാക്കുന്നതിന് സമ്മതിച്ചിട്ടുണ്ട്.

സ.ഉ(എം.എസ്)നം. 196/2017 ത.സ്വ.ഭ.വ തീ 11.10.2017 പ്രകാരമുള്ള പൂർത്തീകരിക്കാൻ കഴിയാതിരുന്ന ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ, ഗുണഭോക്താക്കൾക്ക് സ്വയം പൂർത്തിയാക്കുന്നതിന് കഴിയില്ല എന്ന ഭരണസമിതിക്ക് നേരിട്ട് ബോധ്യമാവുകയാണെങ്കിൽ സാമൂഹ്യപ്രതിബദ്ധതയുള്ള ഏജൻസികളെ ചുമതലപ്പെടുത്തി പൂർത്തിയാക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സാധ്യത പരിശോധിച്ചതായി കാണുന്നില്ല. തുക തിരികെ ഈടാക്കുന്നതിനായി സ്വീകരിച്ച റവന്യു റിക്കവറി നടപടികളുടെ വിവരം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/16.03.2020) സാമൂഹ്യ പ്രതിബദ്ധതയുള്ള വ്യക്തികൾ/ ഏജൻസികൾ എന്നിവരുടെ സഹായത്തോടെ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതും പൂർത്തീകരിക്കാൻ കഴിയാത്തപക്ഷം റവന്യു റിക്കവറി വഴി തുക തിരിച്ചുപിടിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-34 നിർമ്മാണപ്രവൃത്തിയുടെ കരാർ ചമച്ചിട്ടുള്ളത് നിയമം അനുശാസിക്കുന്ന മൂല്യമുള്ള മുദ്രപത്രത്തിലല്ല

കേരള ഫിനാൻസ് ആക്ട് 2018 പ്രകാരം മരാമത്തു പ്രവൃത്തികൾക്കും സേവനങ്ങൾക്കും കരാർ ചമക്കുമ്പോൾ 1.4.2018 മുതൽ ഓരോ 1000 രൂപയ്ക്കും 1 രൂപ നിരക്കിൽ സ്റ്റാമ്പ് ഡ്യൂട്ടി ഒടുക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന പ്രവൃത്തിയ്ക്കുവേണ്ടി കരാർ ചമയ്ക്കുന്നതിന് നിയമാനുസൃതമായ മൂല്യമുള്ള മുദ്രപത്രം ഉപയോഗിച്ചിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രവൃത്തി | പാലത്തിങ്കൽ കുഞ്ഞുമുഹമ്മദ് റോഡ് കോൺക്രീറ്റിംഗ് |
| പ്രൊജക്ട് നം | 50/19 |
| അടങ്കൽ | 300000 |
| എ.പി.എസ്.സി | 300000 |
| ചെലവ് | 287593 |
| ബിൽ നം. | 57/18-19/28.12.2018 |
| കരാറുകാരൻ | എം.അലി |

| | |
|---|---|
| എഗ്രിമെൻറ് | 11/AEP/18-19/13.8.2018 |
| ആവശ്യമായ സ്റ്റാമ്പ് പേപ്പറിൻറ മൂല്യം | 300 രൂപ |
| കരാർ ചമച്ച സ്റ്റാമ്പ് പേപ്പറിൻറെ മൂല്യം | 200 രൂപ |
| കുറവ് | 100 രൂപ |

നിയമത്തിൽ നിഷ്ക്കർഷിച്ചതിനേക്കാൾ കുറഞ്ഞ മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ ചമയ്ക്കുകവഴി സർക്കാറിന് നഷ്ടം വരുത്തിയതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ 15/18.3.2020 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ 100 രൂപ മൂല്യമുള്ള മുദ്രപത്രം കൂടി വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാണെന്ന് മറുപടി അറിയിച്ചിട്ടുണ്ട്.
അപാകത ആവർത്തിക്കാതിരിക്കേണ്ടതാണ്. ഓരോ വർഷവും സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള മുദ്രപത്രം ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-35 മരാമത്തു പ്രവൃത്തികൾ -രേഖകളിലെ പൊതു അപാകങ്ങൾ

നഗരസഭയിലെ അസിസ്റ്റൻറ് എഞ്ചിനീയർ തൻവർഷം 238 പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെങ്കിലും 128 പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പിലാക്കിയിട്ടുള്ളത്. ഇവയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ടുള്ള ഫയലുകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകങ്ങൾ കാണുന്നു.

1. ടെൻറർ ഫോറം വിതരണം ചെയ്യുമ്പോൾ മിക്ക ടെൻറർ ഫോറത്തിലും തീയതി രേഖപ്പെടുത്തിയിട്ടില്ല.

2. എല്ലാ ഫയലുകളിലും കരാറുകാരന് നൽകിയ സെലക്ഷൻ നോട്ടീസിൻറെ പകർപ്പ് സൂക്ഷിച്ചിട്ടില്ല.

3. സെലക്ഷൻ നോട്ടീസ് നൽകിയ സംഗതികളിൽ സെലക്ഷൻ നോട്ടീസ് നൽകിയ തീയതി മുതൽ 14 ദിവസത്തിനുള്ളിൽ കരാർ ചമയ്ക്കണമെന്ന നിബന്ധന ഉള്ളതിനാൽ നോട്ടീസിൽ തീയതി രേഖപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. ആയത് പാലിച്ചിട്ടില്ല.
4.തൻവർഷം പൂർത്തിയാക്കിയതും ടെൻറർ കുറവ് രേഖപ്പെടുത്തിയുതുമായ വിവിധ മരാമത്തു പ്രവൃത്തികളുടെ അവസാന ബിൽ തയ്യാറാക്കി സമർപ്പിക്കുമ്പോൾ ടെൻറർ കുറവ് രേഖപ്പെടുത്തിയ തുക കുറവ് ചെയ്യാതെ പ്രവൃത്തി മൂല്യം രേഖപ്പെടുത്തിയ തുക മുഴുവനായും പിൻവലിച്ച് നൽകിയതായി കാണുന്നു. കരാറുകാരൻ രേഖപ്പെടുത്തിയ ടെൻറർ വ്യതിയാനം 0.03% മുതൽ 0.01% വരെ കുറവായതിനാൽ നഗരസഭയ്ക്ക് തുച്ഛമായ തുക മാത്രമാണ് നഷ്ടപ്പെട്ടിട്ടുള്ളത്. ഇപ്രകാരം ടെൻറർ വ്യതിയാനം പരിഗണിക്കാതെ ബില്ല് സമർപ്പിക്കുന്ന പ്രവണത ആവർത്തിക്കുന്നപക്ഷം കൂടുതൽ തുക നഷ്ടപ്പെടാൻ ഇടയാക്കുന്നതാണ്. നിലവിൽ നഷ്ടമായ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ വിശദ വിവരം | പ്രവൃത്തി മൂല്യം | ടെൻറർ വ്യതിയാനം | പിൻവലിക്കേണ്ട തുക | പിൻവലിച്ച തുക | അധികം പിൻവലിച്ചത് |
|---|---|---|---|---|---|---|
| 1 | കളരിക്കൽ അപ്പുപടി മുതൽ തീയാർതൊടി ലക്ഷ്മിവീടുവരെ കോൺക്രീറ്റിങ്(MG-R)<br>പ്രൊ.:-278/19<br>അടങ്കൽ:- 100000<br>കരാറുകാരൻ :- ഗിരീഷ്<br>ബിൽ നം.:-55/18-19 /28.11.18 | 100000 | 0.03% കുറവ്<br>(30.00) | 99970 | 100000 | 30.00 |
| 2 | പുഞ്ചിരി മൊയ്തുപ്പടി സൈഡ് പ്രൊട്ടക്ഷൻ (MG-R)<br>പ്രൊ.:-120/19<br>അടങ്കൽ:- 100000<br>കരാറുകാരൻ :- നൗഷാദ്.പി | 94280 | 0.01%<br>കുറവ്<br>(10.00) | 94270 | 94280 | 10.00 |

| | | | | | | |
|---|---|---|---|---|---|---|
| | ബിൽ നം.:-66/18-19 /28.12.18 | | | | | |
| 3 | പന്തക്കൽ മൂർക്കട്ടപ്പറമ്പ് MG-R)<br>പ്രൊ.:-80/19<br>അടങ്കൽ:- 100000<br>കരാറുകാരൻ :- നൗഷാദ്.പി<br>ബിൽ നം.:-98/18-19 /20.3.19 | 98489 | 0.01% കുറവ് | 98479 | 98489 | 10.00 |

ആയതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ 15/18.3.2020 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ആവർത്തിക്കില്ലെന്നും നഷ്ടം വന്ന സംഗതികളിൽ തുക ഉത്തരവാദിയിൽ നിന്നും ഈടാക്കി സർക്കാറിലേക്ക് ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഈ ഇനത്തിൽ നഗരസഭയ്ക്ക് ഉണ്ടായിട്ടുള്ള നഷ്ടം നിലവിൽ വളരെ തുച്ഛമാണെങ്കിലും ടെന്റർ കുറവ് പരിഗണിക്കാതെ പ്രവൃത്തിമൂല്യം മുഴുവൻ കരാറുകാരന് അനുവദിക്കുന്നത് ഭീമമായ നഷ്ടത്തിന് കാരണമാകുന്നതാണ്. ബില്ലുകൾ തയ്യാറാക്കുമ്പോൾ കൂടുതൽ ജാഗ്രത ഉണ്ടാകേണ്ടതും ഇത്തരം അപാകങ്ങൾ ഉണ്ടാകാതിരിക്കാൻശ്രദ്ധിക്കേണ്ടതുമാണ്.

## 1-36 ബാരലിന്റെ വില കുറവു ചെയ്യാതെ മുഴുവൻ തുകയും അനുവദിച്ചു

നഗരസഭയുടെ റോഡു പ്രവൃത്തികളിൽ പാക്ക്ഡ് ബിറ്റുമിൻ നിരക്കാണ് ഡാറ്റയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ പ്രവൃത്തി നിർവ്വഹണത്തിനു ശേഷം തുക അനുവദിക്കുമ്പോൾ കാലി ബാരലിന്റെ വില കുറവു ചെയ്യേണ്ടതുണ്ട്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ തുകയിൽ നിന്നും ബാരലിന്റെ വിലയും ജി.എസ്.ടിയും കുറവു ചെയ്യാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം താഴെ കൊടുക്കുന്നു.

( RS1-182kg/ബാരൽ, S 65(VG 30)- 156 kg/ബാരൽ)

| ക്രമ നം. | പദ്ധതി | ബിറ്റുമിൻ പ്രവൃത്തി | പ്രവൃത്തി അളവ് | ബിറ്റുമിൻ അളവ് kg | ബാരൽ എണ്ണം | ബിൽ നം. തുക |
|---|---|---|---|---|---|---|
| 1 | ഗുരുതിയൻകാവ് കുണ്ടോക്ക റോഡ് റീ ടാറിങ് (MGR)<br>pro. 266/19<br>കരാറുകാരൻ- അബ്ദുൾ റസാക്ക്. M.V<br>MB. 99/17-18 | Pot hole (s-65) | 119.755m2 x 2 | 239.5 | 1.54 | 28/18-19/ 18.7.18 |
| | | Tack coat RS-1 | 666.355 m2x 0.275 | 183.247 | 1.00 | |
| | | 20mm carpet vg-30 | 666.355 m2 x1.46 | 972.87 | 6.24 | |
| | | seal coat vg-30 | 666.355 m2x 0.65 | 433.13 | 2.78 | |
| 2 | മുണ്ടത്ത് മുഹമ്മദിന്റെ വീടുമുതൽ യൂസഫ് പടിവരെ (MGR)<br>pro. 277/19<br>കരാറുകാരൻ- അബ്ദുൾ റസാക്ക്.<br>MB. 119/17-18 | Pot hole (s-65) | 66M2X 2 | 132 | 0.85 | 38/18-19/ 27.10.18 |
| | | Tack coat RS-1 | 383.14M2 X 0.275 | 105.363 | 0.58 | |
| | | 20mm carpet vg-30 | 383.14M2X 1.46 | 559.38 | 3.59 | |
| | | seal coat vg-30 | 383.14M2 X 0.65 | 249.041 | 1.59 | |
| 3 | മന്ദത്തുപുറം വാട്ടർ ടാങ്ക് മുതൽ രാധാകൃഷ്ണൻ മാസ്റ്റർ റോഡ് ടാറിങ്(MGR)<br>pro. 267/19<br>കരാറുകാരൻ- | Pot hole (s-65) | 145.80m2 x 2 | 291.6 | 1.87 | 39/18-19/ 27.10.18 |
| | | Tack coat RS-1 | 839.05m2 x0.275 | 230.738 | 1.27 | |
| | | 20mm carpet (s-65) | 839.05m2 x1.46 | 1225.013 | 7.85 | |

| | | | | | | |
|---|---|---|---|---|---|---|
| | അബ്ദുൾ റസാക്ക് MB. 113/17-18 | seal coat (s-65) | 839.05m2 x0.65 | 545.382 | 3.49 | |
| 4 | കൊഴിഞ്ഞി പള്ളിയാൽ റോഡ് റീടാറിങ്(MGR) pro.276/19 കരാറുകാരൻ- അബ്ദുൾ റസാക്ക് MB. 112/17-18 | Pot hole (s-65) | 60.90m2 X 2 | 121.8 | 0.78 | /18-19/ 27.10.18 |
| | | Tack coat RS-1 | 341.20m2 x 0.275 | 93.83 | 0.52 | |
| | | 20mm carpet surfacing (s-65) | 341.20m2 x1.46 | 498.15 | 3.19 | |
| | | seal coat (s-65) | 341.20m2 x0.65 | 221.78 | 1.42 | |
| 5 | മിനി കോളനി റോഡ് (MGR) pro.59/19 കരാറുകാരൻ- മുഹമ്മദ് റഫീക് MB.55/18-19 | Pot hole | 92.59m2 x2 | 185.18 | 1.19 | 80/18-19 /31.1.19 |
| | | Tack coat RS-1 | 543.47m2 x0.225 | 122.28 | 0.67 | |
| | | Chipping carpet (s-65) | 543.47m2 x1.46 | 793.46 | 5.09 | |
| | | seal coat (s-65) | 543.47m2 x 0.65 | 353.25 | 2.26 | |
| 6 | തെക്കുമുറി ഐസ് പ്ലാന്റ് മുതൽ അയ്യപ്പൻ റോഡ് റീ ടാറിങ്(MGR) pro. 364/19 കരാറുകാരൻ- നൗഷാദ്.പി MB. 100/18-19 | modified Penitration | 108.8m2 X2 | 217.6 | 1.39 | 108/18-19/ 27.3.19 |
| | | Tack coat RS-1 | 548 x 0.225 | 123.30 | 0.68 | |
| | | | | | | |
| | | Chipping carpet VG-30 | 548x 1.46 | 800.08 | 5.13 | |
| | | seal coat VG-30 | 548.x 0.65 | 356.2 | 2.28 | |
| 7 | ലിബർട്ടി സ്ട്രീറ്റ് കളപ്പറത്ത് പാറ റോഡ് റീ ടാറിങ്(MGR) pro. 84/19 കരാറുകാരൻ- നൗഷാദ്.പി MB. 106/18-19 | Pot hole (s-65) | 142.82m2 x 2 | 285.64 | 1.83 | 110/18-19/ 27.3.19 Rs- 63047/ |
| | | Tack coat RS-1 | 752 m2x 0.225 | 169.2 | 0.93 | |
| | | 20mm carpet vg-30 | 752 m2 x1.46 | 1097.92 | 7.04 | |
| | | seal coat vg-30 | 752 m2x 0.65 | 488.8 | 3.13 | |
| 8 | ചോലയിൽ കോളനി റോഡ് (scp) pro. 156/19 കരാറുകാരൻ- ഹംസ.എൻ.ടി MB. 95/18-19 | Modified mecadam (s-65) | 159.44m2 x 2 | 318.88 | 2.044 | 116/18-19/ 27.3.19 Rs- 286670/ |
| | | Tack coat RS-1 | 808.89 m2x 0.225 | 182.00 | 1.00 | |
| | | 20mm carpet vg-30 | 808.89 m2 x1.46 | 1180.98 | 7.57 | |
| | | seal coat vg-30 | 808.89 m2x 0.65 | 525.78 | 3.37 | |
| | **ആകെ** | | | | **84.16** | |

ബാരൽ വില 250 രൂപ നിരക്കിൽ 21040 രൂപയും 18% ജി.എസ്.ടി 3787 രൂപയും ചേർത്ത് ആകെ 24827 രൂപ ഈടാക്കാതെ മുഴുവൻ തുകയും അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ 15/18.3.2020, 27/19.3.2020, 28/20.3.2020 എന്നീ ഓഡിറ്റ് അന്വേഷണങ്ങൾക്ക് തുക കരാറുകാരിൽ നിന്നും ഈടാക്കുന്നതാണെന്ന മറുപടി

ലഭ്യമാക്കിയിട്ടുണ്ട്. ഈടാക്കാൻ വിട്ടുപോയ തുക കരാറുകാരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കി അതത് ഫണ്ടിലേക്ക് തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-37 വിവിധ അറ്റകുറ്റപ്പണികളിൽ നീക്കം ചെയ്യപ്പെട്ട ഉരുപ്പടികൾ നഗരസഭയിൽ ഏല്പിച്ചില്ല

**എ. പദ്ധതി : ഗവ. ആശുപത്രി നവീകരണം**

പ്രൊജക്ട് നം. : - 200/19

അടങ്കൽ : 751000 (MG-NR )

ചെലവ് : 635938

ബിൽ നം. : 14/18-19/17.5.2018

കരാറുകാരന്റെ പേര് : കൃഷ്ണകുമാർ.കെ.കെ

എം.ബുക്ക് നം. : 93/17-18

കരാർ നം. : 32/AEP/17-18/6.12.2017

മേൽ എം.ബുക്ക് ഇനം 6 പ്രകാരം 3.825m$^3$ അളവിൽ ചുടുകട്ടകൊണ്ടുള്ള പ്രവൃത്തി പൊളിച്ചു മാറ്റിയതിന് 404/m$^3$ നിരക്കിൽ 1545.30 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ഉപയോഗിക്കാൻ കഴിയുന്നവ സൈറ്റിൽതന്നെ സ്റ്റാക്ക് ചെയ്തിട്ടുണ്ടെന്ന് എം.ബുക്ക് പേജ് 2 ൽ അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ ഇവ മറ്റു പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തിയതിന്റെയോ ലേലം ചെയ്തു ഒഴിവാക്കിയതിന്റെയോ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ഇനം. 7 പ്രകാരം ജനലുകൾ 6 എണ്ണവും വാതിലുകൾ 3 എണ്ണവുമായി ആകെ 9 എണ്ണം നീക്കം ചെയ്തിട്ടുള്ളത് 5 എണ്ണമായി പരിമിതപ്പെടുത്തി 220 രൂപ /എണ്ണം എന്ന നിരക്കിൽ 1100 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇവയും നഗരസഭയിൽ ലഭ്യമാക്കുകയോ ലേലം ചെയ്തു ഒഴിവാക്കുകയോ ചെയ്തിട്ടില്ല.

**ബി. പദ്ധതി : തോട്ടിങ്കൽ കോളനി കുടിവെള്ള പദ്ധതി**

പ്രൊജക്ട് നം. : 382/16

അടങ്കൽ : 200000

ചെലവ് : 168175

ബിൽ നം. : 120/18-19/28.3.2019

കരാറുകാരന്റെ പേര് : അയൂബ്.പി

എം.ബുക്ക് നം. : 72/18-19

കരാർ നം. : 105(A)/AEP/17-18/15.3.2018

വാട്ടർ ടാങ്കിനുവേണ്ടി നിർമ്മിച്ച 2.10m ഉയരത്തിലുള്ളതും 10.9m$^3$ വ്യാപ്തമുള്ളതുമായ വിള്ളൽ വീണ കരിങ്കൽക്കെട്ട് പൊളിച്ചുമാറ്റി ഇതിലെ കരിങ്കല്ലുകൾ ഉപയോഗിച്ച് പുതിയ ടാങ്കിനുള്ള പ്ലാറ്റുഫോറം നിർമ്മിക്കാനാണ് പദ്ധതി. മേൽ എം.ബുക്ക് ഇനം 1 പ്രകാരം 10.90m$^3$ കരിങ്കൽക്കെട്ട് പൊളിച്ചുമാറ്റിയതിന് 1380.32രൂപ/m$^3$ നിരക്കിൽ 15045 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം പൊളിച്ചുമാറ്റപ്പെട്ടതിൽ 2.26m$^3$ കരിങ്കല്ല് മാത്രമാണ് ബേസ്മെന്റിനുവേണ്ടി ഉപയോഗിച്ചിട്ടുള്ളത്. DR കെട്ടിലെ 10% ഉപയോഗശൂന്യമായതായി കണക്കാക്കിയാൽ തന്നെ 9.81 m$^3$ കരിങ്കല്ല് ഉപയോഗപ്രദമാക്കാൻ കഴിയുന്നതാണ്. ഇതിൽ 2.26m$^3$ കരിങ്കല്ല് ഉപയോഗിച്ചിട്ടുണ്ടെങ്കിലും അവശേഷിക്കുന്ന 7.55m$^3$ നഗരസഭയിൽ ഏല്പിക്കുകയോ ലേലം ചെയ്ത് ഒഴിവാക്കുകയോ ചെയ്തിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ 15/18.3.2020 നം. ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ഗവ. ആശുപത്രി നവീകരണം എന്ന പ്രവൃത്തിയിൽ ചുടുകട്ട ഉപയോഗിക്കാൻ കഴിയാത്തവിധം മുറിഞ്ഞുപോയിട്ടുള്ളതാണെന്നും വാതിലുകളും ജനലുകളും വിറകിനായിപോലും ഉപയോഗിക്കാൻ കഴിയാത്തവിധം ചിതലെടുത്തിട്ടുള്ളതാണെന്നും തോട്ടിങ്കൽ കോളനി കുടിവെള്ള പദ്ധതി എന്ന പ്രവൃത്തിയിൽ നിന്നും ലഭ്യമായ കരിങ്കല്ല് നഗരസഭയിൽ ലഭ്യമാക്കി ലേലം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ലഭിച്ച വസ്തുക്കളുടെ വിവരങ്ങൾ വ്യക്തമായി എം. ബുക്കിൽ രേഖപ്പെടുത്തിവെക്കേണ്ടതും അതത് സമയം നഗരസഭയിൽ ഏല്പിച്ച് കയ്യൊഴിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-38 പ്രവൃത്തിയുടെ കരാർ ചമയ്ക്കാൻ വൈകിയതിന് നിയമാനുസൃതമായ പിഴ ഈടാക്കിയില്ല

1.2.2012 ലെ സ.ഉ (പി)13/2012/പിഡബ്ള്യൂഡി പൊതുമരാമത്തു മാന്വൽ, സെക്ഷൻ 2009.6 അനുസരിച്ച് കരാറുകാരന്റെ ടെണ്ടർ സ്വീകരിച്ചിട്ടുള്ളപക്ഷം 7 ദിവസത്തിനുള്ളിൽ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകണം. അറിയിപ്പ് അയച്ച തീയ്യതി സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കാം. ഈ തീയതിക്കുശേഷം 14 ദിവസിത്തിനുള്ളിൽ കരാർ വെക്കാത്തപ്പക്ഷം കരാർ തുകയുടെ 1 ശതമാനം പിഴ ചുമത്തിക്കൊണ്ട് (മിനിമം 1000 രൂപ) 10 ദിവസം കൂടി സമയം ദീർഘിപ്പിച്ചു നൽകാം. അതിനുശേഷവും കരാർ വെക്കാത്തപ്പക്ഷം കരാറുകാരന്റെ ഇ.എം.ഡി കണ്ടുകെട്ടേണ്ടതും അടുത്ത കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ കരാറുകാരനെ പ്രവൃത്തി ഏല്പിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന വിവിധ പ്രവൃത്തികൾക്ക് നിയമാനുസൃതമായ സമയപരിധിക്കുള്ളിൽ കരാർ വെക്കാത്തതിന് പിഴ ഈടാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

**എ. പ്രവൃത്തിയുടെ പേര് : മുണ്ടത്ത് മുഹമ്മദിന്റെ വീടു മുതൽ യൂസഫ് പടിവരെ റോഡ് പ്രവൃത്തി**

പ്രൊജക്റ്റ് നം. : 277/ 19

അടങ്കൽ : 200000

പി.എ.സി : 200000

ചെലവ് : 199539

ബിൽ നം. : 38/18-19/27.10.2018

കരാറുകാരന്റെ പേര് : അബ്ദുൾ റസാക്

ഭരണ സമിതി അംഗീകരിച്ച തീയതി : 28.9.2017(Resn. no.-2(12)

എഗ്രിമെന്റ് വെക്കേണ്ട തീയതി : 19.10.2017

എഗ്രിമെന്റ് വെച്ച തീയതി : 16.1.2018 (78/Aep/17-18/16.1.18)

ഈടാക്കേണ്ട പിഴ : 2000രൂപ

ഈടാക്കിയ പിഴ : 0

ബാക്കി : 2000 രൂപ

**ബി. പ്രവൃത്തിയുടെ പേര് : മന്ദത്തുപുറം വാട്ടർ ടാങ്ക് മുതൽ രാധാകൃഷ്ണൻ മാസ്റ്റർ റോഡ് ടാറിങ്**

പ്രൊജക്റ്റ് നം. : 267/ 19

അടങ്കൽ : 250000

പി.എ.സി : 250000

ചെലവ് : 249279

ബിൽ നം. : 39/18-19/27.10.2018

കരാറുകാരന്റെ പേര് : അബ്ദുൾ റസാക്

ഭരണ സമിതി അംഗീകരിച്ച തീയതി : 28.9.2017(Resn. no.-2(2)

എഗ്രിമെന്റ് വെക്കേണ്ട തീയതി : 19.10.2017

എഗ്രിമെന്റ് വെച്ച തീയതി : 16.1.2018 (80/Aep/17-18/16.1.18)

ഈടാക്കേണ്ട പിഴ : 2500 രൂപ

ഈടാക്കിയ പിഴ : 0

ബാക്കി : 2500 രൂപ

**സി. പ്രവൃത്തിയുടെ പേര് : മൃഗാശുപത്രി മെയിന്റനൻസ്**

പ്രൊജക്റ്റ് നം. : 288/19

അടങ്കൽ : 25000

പി.എ.സി : 25000

ചെലവ് : 25000

ബിൽ നം. : 21/18-19/26.6.2018

കരാറുകാരന്റെ പേര് : ഗിരീഷ്.സി

ഭരണ സമിതി അംഗീകരിച്ച തീയതി : 9.2.2018(Resn. no.-1 (14)

എഗ്രിമെന്റ് വെക്കേണ്ട തീയതി : 2.3.2018

എഗ്രിമെന്റ് വെച്ച തീയതി : 24.3.2018 (120/Aep/17-18/24.3.18)

ഈടാക്കേണ്ട പിഴ : 1000 രൂപ

ഈടാക്കിയ പിഴ : 0

ബാക്കി : 1000 രൂപ

**ഡി. പ്രവൃത്തിയുടെ പേര് : കൊഴിഞ്ഞിപള്ളിയാൽ റോഡ് റീടാറിങ്**

പ്രൊജക്ട് നം. : 276/19(MG-R)

അടങ്കൽ : 100000

പി.എ.സി : 100000

ചെലവ് : 99986

ബിൽ നം. : 40/18-19/22.10.2018

കരാറുകാരന്റെ പേര് : അബ്ദുൾ റസാക്

ഭരണ സമിതി അംഗീകരിച്ച തീയതി : 28.9.2017(Resn. no.-2 (27)

എഗ്രിമെന്റ് വെക്കേണ്ട തീയതി : 19.10.2017

എഗ്രിമെന്റ് വെച്ച തീയതി : 16.1.2018 (79/Aep/17-18/16.1.18)

ഈടാക്കേണ്ട പിഴ : 1000 രൂപ

ഈടാക്കിയ പിഴ : 0

ബാക്കി : 1000 രൂപ

നിയമാനുസൃതമായ സമയപരിധിക്കുള്ളിൽ കരാർ വെക്കാത്തതിന് പിഴ ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ 15/18.3.2020 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ തുക കരാറുകാരിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പിഴ തുക 6500 രൂപ ഉത്തരവാദിയിൽ നിന്നും ഈടാക്കി തനതുഫണ്ടിൽ മുതൽകൂട്ടേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-39 മെയിന്റനൻസ് തുക അധികമായി പിൻവലിച്ചു

2018-19 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കിയ കൺവീനർ പ്രവൃത്തിയുടെ ബിൽ തയ്യാറാക്കി സമർപ്പിച്ചതിൽ അർഹമായതിനേക്കാൾ കൂടുതൽ തുക ഉൾപ്പെടുത്തി പിൻവലിച്ചതായി കാണുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

പദ്ധതി : ഹിദായത്ത് നഗർ കുഞ്ഞാൻ വേണുപ്പടി വരെ റോഡ് റീ ടാറിങ്

പ്രൊജക്ട് നം. : 204/19 (MGR)

അടങ്കൽ : 250000

ചെലവ് : 155982

ബിൽ നം. : 12/18-19/17.5.2018

കൺവീനറുടെ പേര് :മഹമ്മദുപ്പ

എം.ബുക്ക് നം. : 149/16-17

കരാർ നം. : 33(A)/AEP/16-17/21.1.2017

പ്രവൃത്തി മൂല്യം : 245874

കുറയ്ക്കുക

ബിറ്റുമിൻ വില- 85581

ബാരൽ വില - 4845

പിൻവലിക്കേണ്ടതുക : 155448

പിൻവലിച്ച തുക : 155982

അധികം പിൻവലിച്ചത് : 534

ഇപ്രകാരം പിൻവലിച്ച തുകയിൽ നിന്നും നികുതി തുകയും കൺവീനർക്കുള്ള തുകയും നൽകിയിനുള്ള രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ 15/18.3.2020 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ അധികം നല്കിയ തുക കൺവീനറിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക 534 രൂപ കൺവീനറിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി അതത് ഫണ്ടിലേക്ക് തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-40 ഡെപ്പോസിറ്റ് പ്രവൃത്തി- നാളിതുവരെ പ്രവൃത്തി ആരംഭിച്ചില്ല

പദ്ധതി : **നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ**

പ്രൊജക്റ്റ് നം. : 192/19 (Plan)

അടങ്കൽ : 300000

ചെലവ് : 300000

ബിൽ നം. : 1/18-19/17.5.2018

നഗരസഭാ പരിധിയിലുള്ള വിവിധ പ്രദേശങ്ങളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കുന്നതിനുവേണ്ടി 300000 രൂപ തൃശൂർ, പൊതുമരാമത്തു വകുപ്പ്, ഇലക്ട്രോണിക്സ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 713011400000255നമ്പർ അക്കൗണ്ടിലേക്ക് 18.5.2018 തീയ്യതിയിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ മേൽ തുക പ്രസ്തുത അക്കൗണ്ടിൽ ലഭ്യമായിട്ടില്ല എന്നും തുക BIMS അക്കൗണ്ടിൽ വരവുവന്നശേഷം മാത്രമേ പ്രവൃത്തി തുടങ്ങാൻ നിർവ്വാഹമുള്ളൂ എന്ന് പ്രവൃത്തി നടപ്പിലാക്കുന്ന പാലക്കാട് ഇലക്ട്രോണിക്സ് വിഭാഗം അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ 26.7.2019 ന് അറിയിച്ചിട്ടുണ്ട്. ഇവയുടെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കാൻ നൽകിയ 15/18.3.2020 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ 19.3.2020 ന് ഒരു ഓർമ്മക്കുറിപ്പുകൂടി നൽകിയിട്ടുണ്ടെന്നും പ്രവൃത്തി ആരംഭിക്കാനാവശ്യമായ സത്വര നടപടികൾ വരും ദിവസങ്ങളിൽ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-41 കൺവീനർ പ്രവൃത്തിയിൽ സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്തു പ്രവൃത്തികൾ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുമ്പോൾ നിർബന്ധമായും പാലിക്കേണ്ട നിർദ്ദേശങ്ങൾ സർക്കുലർ നം. 1/1559/2010/സി.ഇ/ത.സ്വ.ഭ.വ തിയ്യതി 13.11.2014 ൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ കൺവീനർ പ്രവൃത്തിയിൽ സർക്കുലറിൽ വ്യക്തമാക്കിയ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടില്ല.

1. കൺവീനറുടെയും ചെയർമാന്റെയും പേരിൽ ഒരു അംഗീകൃത ബാങ്കിൽ ജോയിന്റ് അക്കൗണ്ട് ആരംഭിക്കണം

2. എല്ലാ പണമിടപാടുകളും ബാങ്ക് അക്കൗണ്ടിലൂടെ മാത്രമേ നടത്താൻ പാടുള്ളു.

3. ഗുണഭോക്തൃ സമിതി ഏറ്റെടുത്തു നടത്തുന്ന പ്രവൃത്തികൾക്ക് വാങ്ങുന്ന സാധനങ്ങൾ, നിയോഗിക്കുന്ന തൊഴിലാളികളുടെ വേതനം, യന്ത്രസാമഗ്രികളുടെ വാടക തുടങ്ങിയവ സംബന്ധിച്ച കണക്കുകൾ, മസ്റ്റർ റോൾ, മിനുട്ട്സ് ബുക്ക് എന്നിവ കൺവീനർ തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

പദ്ധതിയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

പദ്ധതി : കക്കാട്ടിരി കോളനി അതിർത്തി സംരക്ഷണം

പ്രൊജക്റ്റ് നം. : 197/19

അടങ്കൽ : 100000

ചെലവ് : 98218

ബിൽ നം. : 2/18-19/17.5.2018

കൺവീനറുടെ പേര് : ആറുമുഖൻ

എം.ബുക്ക് നം. : 81/17-18

മേൽ കൺവീനർ പ്രവൃത്തിയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. കൺവീനറെ തെരെഞ്ഞെടുത്തതിന്റെ രേഖകൾ ഹാജരാക്കിയില്ല.

2. കൺവീനറുടെയും ചെയർമാന്റെയും പേരിൽ ഒരു അംഗീകൃത ബാങ്കിൽ ജോയിന്റ് അക്കൗണ്ട് ആരംഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല.

3. വരവു ചെലവുകൾ അക്കൗണ്ടിലൂടെ നിർവ്വഹിച്ചതിന് രേഖകളില്ല.

4. സിമന്റ് വാങ്ങിയതിന്റെ ഒറിജിനൽ ബിൽ ഹാജരാക്കണമെന്ന നിർദ്ദേശം പാലിക്കപ്പെട്ടില്ല.

5. വരവു ചെലവുകൾ കമ്മിറ്റിയിൽ അവതരിപ്പിക്കുകയോ കമ്മിറ്റിയുടെ അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ നൽകിയ 15/18.3.2020 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ഇത്തരം തെറ്റുകൾ ഭാവിയിൽ ആവർത്തിക്കില്ലെന്ന് അറിയിച്ചിട്ടുണ്ട്.
കൺവീനർ പ്രവൃത്തികളിൽ ബിനാമി ഇടപാടുകൾ ഉണ്ടായിട്ടില്ലെന്ന് ഉറപ്പുവരുത്താൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. കൃത്യമായ ബില്ലുകൾ ഉണ്ടെന്ന് ഉറപ്പു വരുത്തിയ ശേഷം മാത്രം തുക അനുവദിക്കേണ്ടതാണ്.

## 1-42 കിളച്ചെടുത്ത മണ്ണ് പ്രവൃത്തിക്കായി ഉപയോഗിച്ചില്ല

പ്രവൃത്തി : വെള്ളരം കുറങ്ങര അമ്പലം റോഡ് സൈഡ് കെട്ടലും ഫില്ലിങ്ങും

പ്രൊജക്ട് നം. : 75/19 (MG-R, OWN FUND)

അടങ്കൽ : 300000

ചെലവ് : 290908

ബിൽ നം. : 72/18-19/31.1.2019

കരാറുകാരൻ : മുഹമ്മദ് മുസ്തഫ.ടി.എം

എം.ബുക്ക് നം. : 53/18-19

എഗ്രിമെന്റ് നം. : 47/AEP/18-19/7.11.2018

മഴക്കാലത്ത് ഗതാഗതയോഗ്യമല്ലാത്ത വിധത്തിൽ ചെളികെട്ടിക്കിടക്കുന്ന പ്രസ്തുത റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി റോഡിന്റെ ഇരുവശവും കരിങ്കല്ലുകെട്ടി റോഡ് തറനിരപ്പിൽ നിന്നും ഉയർത്താനാണ് ലക്ഷ്യമിട്ടത്. ഇതിനായി അളവു പുസ്തകത്തിലെ ഇനം 1 പ്രകാരം റോഡിന്റെ ഇരുഭാഗങ്ങളിലും 91.5mX 0.6mx 0.3m (32.94 $m^3$) എന്ന അളവിൽ മണ്ണ് കിളച്ചെടുക്കുകയും ആയത് 28.584$m^3$ എന്ന അളവിൽ പരിമിതപ്പെടുത്തി 172.87/m3 നിരക്കിൽ 4941.31 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇനം 5 പ്രകാരം 35.731$m^3$ അളവിൽ കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ചതിന് 273.47/$m^3$ നിരക്കിൽ 9771.36 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. കിളച്ചെടുത്ത മണ്ണ് നിലവിലിരിക്കെ ആയത് ഉപയോഗപ്പെടുത്താതെ കരാറുകാരന്റെ മണ്ണ് ഉപയോഗിച്ചതിനാൽ 7817 (28.584 x 273.47) രൂപ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ 27/19.3.2020 നം. ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ തുക കരാറുകാരനിൽ നിന്നും ഈടാക്കി തനതുഫണ്ടിൽ ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കാത്തപക്ഷം നഷ്ടതുക അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-43 ടെന്റർ ഫോറത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

നഗരസഭയുടെ വിവിധ പ്രവൃത്തികൾക്കുവേണ്ടിയുള്ള ടെന്റർ ഫോറങ്ങൾ വിതരണം ചെയ്തിട്ടുണ്ടെങ്കിലും അവയുടെ സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ നഗരസഭ സൂക്ഷിക്കുന്നില്ല.

നഗരസഭയിൽ നിന്നും ലഭിക്കുന്ന ടെന്റർ ഫോറങ്ങളുടെ സ്റ്റോക്ക് രേഖപ്പെടുത്താൻ അസി.എഞ്ചിനീയറുടെ ഓഫീസിലും രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

കരാറുകാരൻ ആവശ്യപ്പെടുന്ന ടെന്റർ ഷെഡ്യൂളിന്റെ വില സംബന്ധിച്ച് അസി. എഞ്ചിനീയർ രേഖാമൂലം കുറിച്ചു നൽകുന്ന തുക കരാറുകാരൻ ഫ്രണ്ട് ഓഫീസിൽ ഒടുക്കുകയും ആയതിന്റെ രശീതി അസി. എഞ്ചിനീയറുടെ ഓഫീസിൽ ഹാജരാക്കുകയും ചെയ്യുന്ന മുറയ്ക്ക് മാത്രമാണ് ടെന്റർ ഫോറം വിതരണം ചെയ്യുന്നത്.

എന്നാൽ ഇതുപ്രകാരം വിതരണം ചെയ്യുന്ന ടെന്റർ ഫോറത്തിന്റെ കൃത്യത പരിശോധിക്കുന്നതിനു തുക ഫ്രണ്ട് ഓഫീസിൽ ഒടുക്കിയതിന്റെ രശീതി, ടെന്റർ ഫോറം വിതരണം ചെയ്ത മറ്റു രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

500000 രൂപവരെ അടങ്കലുള്ള പ്രവൃത്തിയിൽ ഒരു ടെന്റർ ഫോറത്തിന് 0.2% നിരക്കിൽ 1000 രൂപ വരെ വിലയുണ്ടെന്നിരിക്കെ ഇവയുടെ സ്റ്റോക്ക് കൃത്യമായി രേഖപ്പെടുത്തി വെക്കാത്തത് സാമ്പത്തിക ക്രമക്കേടിന് സാഹചര്യമൊരുക്കുന്നതാണ്. ആയതിനാൽ രജിസ്റ്റർ സൂക്ഷിക്കാത്തത് വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ 15/18.3.2020 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ഇവ സൂക്ഷിക്കാത്തത് വീഴ്ചയായി കാണുന്നു എന്നും നിലവിലുള്ള ടെന്റർ ഫോറത്തിന്റെ സ്റ്റോക്ക് കണക്കിലെടുത്ത് സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. രജിസ്റ്റർ കൃത്യമാക്കി വെക്കാത്തപക്ഷം ടെന്റർ ഫോറത്തിന്റെ എണ്ണത്തിൽ ഉണ്ടാകുന്ന കുറവിന് അസിസ്റ്റന്റ് എഞ്ചിനീയർ ഉത്തരവാദിയാകുന്നതുമാണ്.

## 1-44 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി അവലോകനം

അയ്യങ്കാളി തൊഴിലുറപ്പു പദ്ധതിയിൻകീഴിൽ കാർഷികമേഖലയിലും നിർമ്മാണമേഖലയിലുമായി നിരവധി പദ്ധതികൾ ഏറ്റെടുക്കാമെന്നിരിക്കെ ഇവയുടെ സാധ്യത പരിശോധിക്കാതെയാണ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളതും നടപ്പിലാക്കിയിട്ടുള്ളതും.നഗരസഭ തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെ അവലോകനം താഴെ കൊടുക്കുന്നു.

**1.അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തേണ്ടതാണ്**

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ നടപ്പിലാക്കേണ്ട വിവിധ പദ്ധതികളെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കിയാണ് നടപ്പിലാക്കിയിട്ടുള്ളത്. തൊഴിൽ ആവശ്യപ്പെടുന്ന എല്ലാ കുടുംബങ്ങൾക്കും ചുരുങ്ങിയത് 100 ദിവസമെങ്കിലും തൊഴിൽ നൽകി ദാരിദ്ര്യം ലഘൂകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് നഗരസഭകളിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയ്ക്ക രൂപം നൽകിയിട്ടുള്ളത്. എന്നാൽ അംഗീകരിച്ച ആക്ഷൻ പ്ലാനിൽ വകയിരുത്തിയ തുകയുടെ 5.16% മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്. രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ 43.97% മാത്രമാണ് തൊഴിൽ ആവശ്യപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുള്ളത്. തൊഴിൽ ആവശ്യപ്പെട്ട എല്ലാ കുടുംബങ്ങൾക്കും തൊഴിൽ നല്കിയിട്ടുണ്ടെങ്കിലും 100 ദിവസം തൊഴിൽ ലഭിച്ച ഒരു കുടുംബം പോലും ഇല്ല എന്നതും തൊഴിലുറപ്പു പദ്ധതിയുടെ പ്രാധാന്യം നഗരസഭ ഉൾക്കൊണ്ടിട്ടില്ല എന്ന് വ്യക്തമാകുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വിവരം | അളവ് |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | 1344 |
| 2 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾ | 591 |
| 3 | തൊഴിൽ നൽകിയ കുടുംബങ്ങൾ | 591 |
| 4 | ആക്ഷൻ പ്ലാൻ പ്രകാരം വകയിരുത്തിയ തുക | 77672650 |
| 5 | ചെലവഴിച്ച തുക | 4005550 |
| 6 | അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 446 |
| 7 | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | 100 |
| 8 | 100 തൊഴിൽ ദിനം ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 0 |

ഏറ്റെടുത്ത പ്രവൃത്തികളുടെ വിവരം:

| ക്രമ നം. | പദ്ധതികളുടെ വിവരം | പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | ജലസംരക്ഷണവും മഴവെള്ള കൊയ്ത്തും | 4 | 108308 |
| 2 | മൈക്രോ ഇറിഗേഷൻ | 1 | 66890 |
| 3 | എസ്.സി, ബി.പി.എൽ, ജനറൽ വീടുകളിൽ മണ്ണ് / ജലസംരക്ഷണ പ്രവൃത്തികൾ | 4 | 433436 |
| 4 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 7 | 318086 |
| 5 | അഴുക്കുചാൽ നിർമ്മാണം | 56 | 2054450 |
| 6 | ഭവന നിർമ്മാണം | 28 | 1024380 |
| | ആകെ | 100 | 4005550 |

നഗരസഭയുടെ ഭൂരിഭാഗവും ഗ്രാമപ്രദേശമായതിനാൽ വൈവിധ്യമാർന്ന പദ്ധതികളായ നഴ്സറി നിർമ്മാണം, വനവത്ക്കരണം, റോഡ് നിർമ്മാണം, ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള വിവിധ പദ്ധതികൾ എന്നിവയും ഏറ്റെടുക്കുന്നതിനുള്ള സാധ്യത ഏറെയാണ്. എന്നാൽ ഇത്തരം സാധ്യതകളെ പ്രയോജനപ്പെടുത്തിയതായി കാണുന്നില്ല.

ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കാൻ നൽകിയ 27/19.3.2020 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ലഭിച്ച ഫണ്ടിനനുസരിച്ച് മാത്രം പ്രവൃത്തി ഏറ്റെടുത്തതുകൊണ്ടാണ് കൂടുതൽ തുക ചെലവഴിക്കാൻ കഴിയാതിരുന്നത് എന്നും 2019-20 സാമ്പത്തിക വർഷത്തിൽ 100ൽ കൂടുതൽ കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനത്തിൽ കൂടുതൽ പ്രവൃത്തി നൽകിട്ടുണ്ടെന്നും ചാർജ്ജ് ഓഫീസറായ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. നഗരസഭാ പ്രദേശത്ത് പ്രായോഗികമായ പ്രവൃത്തികളെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തുന്നതിനും അതിനനുസരിച്ച് കൂടുതൽ കുടുംബങ്ങൾക്ക് പരമാവധി തൊഴിൽ ദിനങ്ങൾ നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**2.കാർഷികമേഖലയിലെ പ്രവർത്തനങ്ങൾ ഏറ്റെടുത്തില്ല**

അയ്യങ്കാളി തൊഴിലുറപ്പു പദ്ധതിയിൻകീഴിൽ നഗരസഭയ്ക്ക ഏറ്റെടുക്കാൻ കഴിയുന്നതും വൈവിദ്ധ്യമാർന്നതുമായ വിവിധ പ്രവൃത്തികൾ നിലവിലിരിക്കെ അവയൊന്നും തൻവർഷം ഏറ്റെടുത്തു

നടപ്പിലാക്കിയിട്ടില്ല. ഭവന നിർമ്മാണം, മണ്ണ് സംരക്ഷണ-ജലസേചന പ്രവൃത്തികൾ എന്നിവയാണ് ഏറ്റെടുത്ത മുഖ്യ പ്രവർത്തനങ്ങൾ. ഈ ഇനത്തിൽ ആകെ 4005550 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

നഗരസഭയുടെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 1584 ഹെക്ടർ വിസ്തൃതിയുള്ള നഗരസഭാ പ്രദേശത്ത് 148 ഹെക്ടർ ഭൂമി നെൽകൃഷിക്ക് അനുയോജ്യമാണ്. ഇതിൽ 102 ഹെക്ടർ ഭൂമിയിൽ മാത്രമാണ് നെൽകൃഷി ചെയ്തു വരുന്നത്. അവശേഷിക്കുന്ന 48 ഹെക്ടർ ഭൂമി കൃഷി ചെയ്യാൻ ഗ്രൂപ്പുകൾക്ക് പാട്ടം വ്യവസ്ഥയിൽ കൈമാറാനുള്ള സാധ്യതകൾ പരിശോധിച്ചതായി കാണുന്നില്ല.

തൊഴിൽ ലഭ്യമാക്കുക എന്നതു കൂടാതെ ആസ്തികൾ സൃഷ്ടിക്കുക എന്ന ലക്ഷ്യം കൂടി കൈവരിക്കാനും ശ്രദ്ധിച്ചിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ 27/19.3.2020 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകാൻ ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്ന് ചാർജ്ജ് ഓഫീസറായ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

**3.മണ്ണ്/ ജലസംരക്ഷണ പ്രവൃത്തികളിലെ അപാകതകൾ**

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രകാരം എസ്.സി, ബി.പി.എൽ, ജനറൽ വീടുകളിലും സ്കൂളുകളിലും മണ്ണ്/ ജലസംരക്ഷണ പ്രവൃത്തികളുടെ ഭാഗമായി വേസ്റ്റ് കുഴി, മഴ കുഴി, കക്കൂസ് കുഴി, തെങ്ങിന് തടമെടുക്കൽ എന്നീ ഇനങ്ങൾ ചേർത്ത് 4 പ്രവൃത്തികൾക്കും കൂടി ആകെ 433436 രൂപ ചെലവഴിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | തുക |
|---|---|---|
| 1 | കീഴായൂർ UP, GMLP എന്നീ സ്കൂളുകളിൽ മഴക്കുഴി, കമ്പോസ്റ്റ് കുഴി എന്നിവ നിർമ്മാണം | 71024 |
| 2 | എസ്.സി, ബി.പി.എൽ, ജനറൽ വീടുകളിൽ മണ്ണ്/ ജലസംരക്ഷണ പ്രവൃത്തികൾ | 362412 |
| | ആകെ | 433436 |

എന്നാൽ മേൽ രേഖകൾ പരിശോധിച്ചതിൽ സ്വകാര്യ വ്യക്തികളുടെ വീട്ടുവളപ്പിലും സ്കൂൾ കോമ്പൗണ്ടിലും ഇത്തരം പ്രവർത്തനങ്ങൾ ചെയ്യണമെന്ന ഉടമസ്ഥരുടെയും ഹെഡ്മാസ്റ്ററുടെയും അപേക്ഷകളോ, പ്രവൃത്തി പൂർത്തീകരിച്ച ശേഷം എം. ബുക്കിൽ രേഖപ്പെടുത്തിയ പ്രകാരം പ്രവൃത്തി ചെയ്തിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയതിന്റെയോ എത്ര വീടുകളിലാണ് പ്രവൃത്തി ചെയ്തിട്ടുള്ളത് എന്നതിന്റെയോ രേഖകൾ സൂക്ഷിച്ചിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ 23/19.3.2020 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ഉടമസ്ഥരുടെ അപേക്ഷകളും സാക്ഷ്യപത്രങ്ങളും ഫയലിൽ സൂക്ഷിക്കാൻ ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്ന് ചാർജ്ജ് ഓഫീസറായ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ കൃത്യത പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ഉണ്ടെന്ന് ഉറപ്പുവരുത്തി മാത്രം ബിൽ സമർപ്പിക്കാൻ ഭാവിയിൽ ശ്രദ്ധക്കേണ്ടതാണ്.

**ഭാഗം-2**

**-പരാമർശങ്ങൾ ഇല്ല-**

**ഭാഗം-3**

**-പരാമർശങ്ങൾ ഇല്ല-**

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 10.07.2019 മുതൽ 11.07.2019 വരെ | നം.കെ.എസ്.എ-പി.കെ.ഡി21/ 1141/2019(4) തിയതി 26.08.2019 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| |
|---|
| ഒന്നുമില്ല |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| PWD ഇലക്ട്രോണിക്സ് വിഭാഗം, തൃശൂർ | നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ | 1/18-19/17.5.2018 | 300000 | 0 | 300000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| PMAY-HUDCO വായ്പ | TRO/PRG/69/2016/173 dt 08.05.2017 | 13800000 | 0 | 0 | 0 | 13800000 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം. / തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|
| 2017-18 | 3-17 | 15660 | 01/118030120341/18.12.18 | ആഷിഷ്. ഐ, കൃഷി ഓഫീസർ |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| ഒന്നുമില്ല | | | |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

**(എ) സർചാർജ് നടപടി വഴി ഈടാക്കിയ തുക**

തുക ഈടാക്കിയിട്ടില്ല.

## 4-10. ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 213625703 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 174717474 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 51891 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1124718 |

**(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | ഒന്നുമില്ല | |

**ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-30 | 16000 | ശ്രീ.മഹാലിംഗം.എസ്,പ്രിൻസിപ്പാൾ, ഗവ. ഹയർ സെക്കണ്ടറി സ്കൂൾ |
| 1-36 | 2890 | ശ്രീമതി.ജയ.പി.എസ് അസി.എഞ്ചിനീയർ |
| | 18150 | ശ്രീ.ഫിലിപ്പോസ് പണിക്കർ.സി അസി.എഞ്ചിനീയർ |
| 1-38 | 1000 | ശ്രീമതി.ജയ.പി.എസ് അസി.എഞ്ചിനീയർ |
| | 5500 | ശ്രീ.ഫിലിപ്പോസ് പണിക്കർ.സി അസി.എഞ്ചിനീയർ |
| 1-39 | 534 | ശ്രീമതി.ജയ.പി.എസ് അസി.എഞ്ചിനീയർ |
| 1-42 | 7817 | ശ്രീ.ഫിലിപ്പോസ് പണിക്കർ.സി അസി.എഞ്ചിനീയർ |
| ആകെ | 51891 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 110000 | ശ്രീമതി.സീന.എച്ച്, സെക്രട്ടറി |
| 1-21 | 95908 | ശ്രീമതി.സീന.എച്ച്, സെക്രട്ടറി<br>ശ്രീമതി.ജയ.പി.എസ്, അസി.എഞ്ചിനീയർ<br>ശ്രീ.ഫിലിപ്പോസ് പണിക്കർ. സി, അസി.എഞ്ചിനീയർ |
| 1-25(2) | 158700 | ഡോ.മുഹമ്മദ് അബ്ദുൾ റഹ്മാൻ.യു.ടി<br>സൂപ്രണ്ട്, താലൂക്ക് ആശുപത്രി |
| 1-31 | 760110 | ശ്രീ. സുനിൽകുമാർ, പ്രൊജക്ട് ഓഫീസർ,<br>നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| ആകെ | 1124718 | |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഇനം | കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | മറ്റു സ്ഥാപനങ്ങൾ | |
| 1-36 | 520 | CGST | സംസ്ഥാന സർക്കാർ | ശ്രീമതി.ജയ.പി.എസ് അസി.എഞ്ചിനീയർ |
| | 3267 | SGST | കേന്ദ്ര സർക്കാർ | ശ്രീ.ഫിലിപ്പോസ് പണിക്കർ.സി അസി.എഞ്ചിനീയർ |
| 1-44 | 100 | സ്റ്റാമ്പ് പേപ്പർ | സംസ്ഥാന സർക്കാർ | ശ്രീ.ഫിലിപ്പോസ് പണിക്കർ.സി അസി.എഞ്ചിനീയർ |
| ആകെ | 3887 | | | |

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 212500 | ശ്രീ സെബാസ്റ്റിൻ പ്രിൻസ് , പട്ടികജാതി വികസന ഓഫീസർ |

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഫിലിപ്പോസ് പണിക്കർ സി, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, പട്ടാമ്പി നഗരസഭ | മേച്ചേരിയിൽ ചങ്ങായിമുക്ക് പെരുമ്പുഴ കൊല്ല |
| ശ്രീമതി.ജയ.പി.എസ്, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ | |
| ഡോ.മുഹമ്മദ് അബ്ദുൾ റഹ്മാൻ.യു.ടി, സൂപ്രണ്ട്, താലൂക്ക് ആശുപത്രി | സൂപ്രണ്ട്, (താലൂക്ക് ആശുപത്രി) | |
| ശ്രീ.മഹാലിംഗം.എസ്, പ്രിൻസിപ്പാൾ, ഗവ. ഹയർ സെക്കണ്ടറി സ്കൂൾ | പ്രിൻസിപ്പാൾ, ഗവ. ഹയർ സെക്കണ്ടറി സ്കൂൾ | മാതാക്കോട് വീട് പനങ്ങാട്ടിരി കൊല്ലങ്കോട് 678506 |
| ശ്രീമതി സീന എച്ച് സെക്രട്ടറി | സെക്രട്ടറി നഗരസഭ | ആഷാ നിലയം ഗണേഷ് ഗിരി ഷൊർണൂർ പാലക്കാട് 679121 |
| ശ്രീ. സുനിൽകുമാർ, പ്രൊജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | | കിഴക്കേപെറമ്പിൽ വീട് പാലേരി ടൗൺ കുറ്റ്യാടി കോഴിക്കോട് 673508 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാക്കാൻ അവശേഷി |
|---|---|---|

| | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി8-2001/01 /11-6-2001 | 12 |
| 1997-98 | എൽ.എഫ്.പി18-2007/01 / 4-5-2001 | 16 |
| 1998-99 | എൽ.എഫ്.പി8-344/06 / 26-6-2006 | 16 |
| 1999-2000 | എൽ.എഫ്.പി13-604/03 / 31-12-2005 | 9 |
| 2000-01 | എൽ.എഫ്.പി13-577/10 / 22-10-2010 | 18 |
| 2001-02 | എൽ.എഫ്.പി13-603/05 / 16-09-2006 | 9 |
| 2002-03 | എൽ.എഫ്.പി13-110/12/ 8-02-2012 | 10 |
| 2003-04 | എൽ.എഫ്.പി13-1689/07/ 16-03-2012 | 8 |
| 2004-05 | എൽ.എഫ്.പി13-1689/07/ 16-03-2012 | 9 |
| 2005-06 | എൽ.എഫ്.പി13-1415(1)/12/ 3-10-2012 | 10 |
| 2006-07 | എൽ.എഫ്.പി13-1415(21)/12/ 3-10-2012 | 4 |
| 2007-08 | എൽ.എഫ്.പി13-1415(3)/12/ 3-10-2012 | 11 |
| 2008-09, 2009-10 & 2010-11 | എൽ.എഫ്.പി13-102/15/ 8-4-15 | 11 |
| 2011-12 | എൽ.എഫ്.പി13-1809/13/18-3-2014 | 4 |
| 2012-13 | എൽ.എഫ്.പി13-874/15/ 31-6-15 | 10 |
| 2013-14& 2014-15 | എൽ.എഫ്.പി18-1879/15/ 7-4-2016 | 27 |
| 2015-16 | കെ.എസ്.എ പി.കെ.ഡി 22/166/17/14.02.17 | 15 |
| 2016-17 | കെ.എസ്.എ പി.കെ.ഡി 22/2011/17/20.11.17 | 32 |
| 2017-18 | കെ.എസ്.എ പി.കെ.ഡി 22/2011/17/20.11.17 | 39 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനീയർ ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

**കെ.എസ്.എ-പി.കെ.ഡി.21/1141/2019(5)**


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

ഫോൺ - 04912-520145, തീയതി.26.08.2019

ഇ-മെയിൽ - dopkd.ksad@kerala.gov.in


## സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ **പട്ടാമ്പി മുനിസിപ്പാലിറ്റിയുടെ** 31.03.2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു,

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ**പട്ടാമ്പി മുനിസിപ്പാലിറ്റിയുടെ** 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

**<u>അനുബന്ധം</u>**

**<u>ന്യൂനതകളുടെ സംഗ്രഹം</u>**

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സചിത്ര സോഫ്റ്റ് വെയർ സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.
2. ജനറൽ ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിക്കുന്നില്ല .
3. വാർഷിക ധനകാര്യ പത്രികയിൽ നിർദിഷ്ട ശീർഷകങ്ങളിൽ രേഖപ്പെടുത്തേണ്ട വരവു-ചെലവുകൾ എല്ലാം ശീർഷകങ്ങൾ മാറിയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.
4. RP-16,17,18,19,20,43 എന്നീ ഷെഡ്യൂളുകൾ ഉൾപ്പെടുത്തിയിട്ടില്ല.
5. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി- വരവ് ചെലവ് കണക്കുകളിലേയും രജിസ്റ്ററിലേയും തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.
6. NULM വരവ്-ചെലവുകണക്കുകൾ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.
7. വസ്തുനികുതി- സഞ്ചയയിലേയും സാംഖ്യയിലേയും തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

No.KSA.PKD.21/1141/2019(3)

Kerala State Audit Department,
District Audit Office,
Palakkad,

Phone Number: 04912 520145,

Date.26.08.2019

email: dopkd.ksad@kerala.gov.in

**<u>CERTIFICATE</u>**

Certified that 1 have examined the Annual Financial Statement of **pattambi Municipality** for the year ended on 31.03.2019 in Palakkad District in accordance with Section 4 of the Kerala local Fund Audit Act 1994, Section 295 of the Kerala Municipal Act 1994, the rules made there under and the guidelines issued by the Comptroller and the Auditor General of India for the Certification of Accounts of Municipalities / Corporations.

In my opinion the financial Statement of **pattambi Municipality** for the year 2018-19 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

Senior Deputy Director

**<u>Annexure</u>**

<u>Abstracts of defects / Discrepancies</u>

1. Asset Register not updated. Linking of Sachithra and Sankhya is not completed and hence the correctness of asset value could not be verified.
2. General Deposit register not maintained
3. Receipt and payment amounts are not accounted under proper Head of Accounts.
4. The schedules related to Receipts and Payments such as 16,17,18,19,20,and 43 are not included in the Annual Financial Statement.
5. AUEGS- Figures in AFS are not in agreement with registers.
6. Receipt & Payment of NULM not recorded in Cash Book.
7. The amount of property tax as shown in the AFS are not in agreement with SANCHAYA.

Senior Deputy Director

# <u>അനുബന്ധം-2 വരവ്-ചെലവ് പത്രിക സംക്ഷിപ്തം</u>

**Pattambi Municipality**

**INCOME & EXPENDITURE STATEMENT**

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 17308016.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 8362.00 |

| | | | |
|---|---|---|---|
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 7328679.00 |
| 140000000 | Fee & User Charges | I-4(b) | 14448410.00 |
| 150000000 | Sale & Hire Charges | I-5(b) | 308138.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 164618318.00 |
| 170000000 | Income from Investments | I-7 | 3720.00 |
| 171000000 | Interest Earned | I-8 | 579603.00 |
| 180000000 | Other Income | I-9 | 700.00 |
| | **Total Income** | | **204603946.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 25097159.00 |
| 220000000 | Administrative Expenses | I-11(b) | 7301442.00 |
| 230000000 | Operations & Maintenance | I-12(b) | 18321505.00 |
| 240000000 | Interest & Finance Charges | I-13 | 255581.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 131054635.00 |
| 251000000 | Decentralised Plan Programme-Service Sector | I-14 | 11379935.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 10508136.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14 | 4126162.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 731379.00 |
| 272000000 | Depreciation | I-17(a) | 4620897.00 |
| | **Total Expenditure** | | **213396831.00** |
| | **Gross Surplus/ Deficit of income over Expenditure** | | **-8792885.00** |
| 280000000 | Prior Period Item | I-18 | -9737924.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **945039.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

**RECEIPT & PAYMENT STATEMENT**

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 25834682.00 |
| Cash | Cash | RP-40(a) | 1662079.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 4550064.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 8362.00 |
| 130000000 | Rental income from Panchayat Properties | RP-3 | 7563.00 |
| 140000000 | Fees & User Charges | RP-4 | 5302112.00 |
| 150000000 | Sale & Hire Charges | RP-5 | 308138.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 57239966.00 |
| 170000000 | Income from Investments | RP-7 | 3720.00 |
| 171000000 | Interest Earned | RP-8 | 579603.00 |
| 180000000 | Other Income | RP-9 | 700.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 30078334.00 |
| | **Non Operating** | | |
| 311000000 | Earmarked Funds | RP-22 | 8977864.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 71044948.00 |
| 340000000 | Deposits Received | RP-27 | 3648273.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-29 | 4372011.00 |
| 460000000 | Loans, Advances and Deposits | RP-41 | 7284.00 |
| | **Grand total** | | **213625703.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-10 | 12717376.00 |
| 220000000 | Administrative Expenses | RP-11 | 3281865.00 |
| 230000000 | Operations & Maintenance | RP-12 | 14504869.00 |
| 240000000 | Interest & Finance Charges | RP-13 | 255581.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-14 | 90349999.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 1000000.00 |
| 251000000 | Decentralised Plan Programme- Service Sector | RP-45 | 13191971.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-46 | 10563488.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-47 | 4326062.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-15 | 677212.00 |
| 350000000 | Other Liabilities | RP-29 | 7138421.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 3241.00 |
| | **Non Operating** | | |
| 280000000 | Prior Period Item | RP-19 | -7102080.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 692993.00 |
| 340000000 | Deposits Received | RP-27 | 4090514.00 |
| 350000000 | Other Liabilities | RP-29 | 12913940.00 |
| 410000000 | Fixed Assets | RP-31 | 5821022.00 |
| 460000000 | Loans, Advances and Deposits | RP-41 | 291000.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 37873182.00 |
| Cash | Cash | RP-40(b) | 1035047.00 |
| | **Grand Total** | | **213625703.00** |

**BALANCE SHEET**

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule | Amount |
|---|---|---|---|

| | | No | |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 38284485.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 3517347.00 |
| 312000000 | Reserves | B-3 | 39836476.00 |
| | **Total Reserve & Surplus** | | **81638308.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7387985.00 |
| | **Total Grants, Contributions for Specific Purposes** | | **7387985.00** |
| | **Loans** | | |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 15806005.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 7151396.00 |
| | **Total Current Liabilities and Provisions** | | **22957401.00** |
| | **TOTAL LIABILITIES** | | **111983694.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 65874222.00 |
| 411000000 | Accumulated Depreciation | B-11 | -5739938.00 |
| 412000000 | Capital Work in Progress | B-11 | 0.0 |
| | **Total Fixed Assets** | | **60134284.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 12569229.00 |
| 450000000 | Cash and Bank Balance | B-17 | 38908229.00 |
| 460000000 | Loans, Advances and Deposits | B-18 | 371952.00 |
| | **Total Current Assets, Loans and Advances** | | **51849410.00** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |

| | |
|---|---|
| **TOTAL ASSETS** | **111983694.00** |

സീനീയർ ഡെപ്യൂട്ടി ഡയറക്ടർ